യൂണിറ്റ് 1

# CBI

## ചിൽഡ്രൻ ബൈബിൾ ഇൻവെസ്റ്റിഗേഷൻ



സണ്ടേസ്കൂൾ

എല്ലാ പ്രായത്തിലുള്ളവർക്കും

# സി ബി ഐ :

# ചിൽഡ്രൻ ബൈബിൾ ഇൻവെസ്റ്റിഗേഷൻ

സണ്ടേസ്കൂൾ

യൂണിറ്റ് 1

**അദ്ധ്യാപകരുടെ ബുക്ക്**

എല്ലാ പ്രായത്തിലുള്ളവർക്കും (4-15)

കുട്ടികൾ പ്രാധാന്യമുള്ളവർ

**Thanks to the whole "Children are Important" team!**

Chief Editor: Kristina Krauss

Creative Team: Angie Kangas, Dwight Krauss, Flor Boldo, Jennifer Sánchez Nieto, Jon Kangas, Julio Sánchez Nieto, Mike Kangas, Monserrat Duran Díaz, Rubén Darío, Suki Kangas, Verónica Toj, and Vickie Kangas.

Translation Team: Ali Atuha, Aline Xavier, Annupama Wankhede, Aroma Publications, Benjamin Gaxiola, Blessie Jetender, Blessy Jacob, Carla Mayumi, David Raju, Diana de León, Ephraim Njuguna Mirobi, Finny Jacob, Jacob Kuruvilla, Jetender Singh, Marcos Rocha, Mary Amelia Hernández, Mathew Das, Nassim Bougtaia, Paul Mwangi, Paul Septan, Rubina Rai, Sabrina Benny John, and SubtitleMe.

## സിഐ .ബി . യിലേക്ക് സ്വാഗതം ...

## ''ചിൽഡ്രൻ ബൈബിൾ ഇൻവെസ്റ്റിഗേഷൻ !!!''

നിങ്ങളുടെ സമൂഹത്തിലോ സഭയിലോ ഉള്ള കുട്ടികളെ ആഴ്ചതോറും അല്ലെങ്കിൽ സൺഡേ സ്കൂളിലോ കൊടുക്കുവാൻകഴിയുന്ന 'കുട്ടികൾ പ്രാധാന്യമുള്ളവർ ' എന്ന മുഴുവർഷ പരിപാടി പരിചയപ്പെടുത്തുന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ട്. ഈ പരിപാടിയിൽ നിങ്ങളുടെ കുട്ടികൾ അവർ ഒരു സി ബി ഐ ഏജൻറ് അല്ലെങ്കിൽ ഒരു അന്വേഷകൻ ആണെന്നു കരുതുകയും ഓരോ ആഴ്ചയിലും അവർക്കു ഓരോ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു നല്കുകയും ചെയ്യുന്നു. ടെലിവിഷനിൽ, സി എസ് എ അല്ലെങ്കിൽ ക്രൈം സീൻ ഇൻ വെസ്റ്റിഗഷൻ എന്ന പരിപാടിയിൽ കാണുന്നതുപോലെ ഓരോ പ്രശ്നങ്ങളും പരിഹരിക്കുന്നതിനു നിങ്ങളുടെ കുട്ടികൾ ഒരേ സമയം പോലീസിന്റേതുപോലെ അന്വേഷിക്കുകയും സയൻസിലെ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചു പരീക്ഷണം നടത്തുകയും ചെയ്യുന്നു. നിങ്ങളുടെ സൃഷ്ടികല ഉപയോഗിച്ചു നിങ്ങളുടെ അദ്ധ്യാപകരെ പോലീസിന്റേതുപോലെ കരുതുകയും ചെയ്യുക. പാസ്റ്റേഴ്സിന്റെ മക്കൾ അല്ലെങ്കിൽ വിശ്വാസികളുടെ മക്കൾക്കു ബൈബിളിലെ മിക്കവാറും കഥകൾ മന:പാഠമാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി ഞാൻ സൺഡേസ്കൂൾ പഠിപ്പിക്കുന്നതുകൊണ്ട് എനിക്കറിയാവുന്ന കാര്യമാണിത്. നോഹയുടേയും പെട്ടകത്തിന്റെയും അല്ലെങ്കിൽ യോനയുടേയും തിമിംഗലത്തിന്റെയും കഥ പറയുകയാണെങ്കിൽ കുട്ടികളെല്ലാം കൂടി നിലവിളിക്കും, കാരണം അവർക്കു ഈ കഥ നല്ല പരിചയമാണു. എന്റെ പഠിപ്പിക്കുന്ന രീതി മാറ്റാതെ പഴയ രീതി തന്നെ പിൻതുടരുകയാണെങ്കിൽ കുട്ടികൾക്കു മുഷിച്ചിലുണ്ടാകും. 'കുട്ടികൾ പ്രാധാന്യമുള്ളവർ' എന്ന ഈ പരിപാടിയിൽ സ്റ്റാഫ് അംഗങ്ങൾ അദ്ധ്യാപകരെന്ന നിലയിൽ, ഞങ്ങൾ കഥ പറയില്ല മറിച്ച് നിങ്ങളുടെ കുട്ടികൾ ഒരു പ്രശ്നം പരിഹരിക്കണം അതുപോലെ ഓരോ ആഴ്ചയിലും അവർ നിങ്ങളോടു കഥ പറയണം എന്ന ആശയവുമായി വന്നു. അതിന്റെ അർത്ഥം നിങ്ങളുടെ കുട്ടികൾ കഥ ഏതെന്നു മനസ്സിലാക്കുന്നതുവരെ അദ്ധ്യാപകരുടെ ബുക്കുകൾ അഥവാ സൂചനകൾക്കായി ഉത്തരങ്ങൾ അവരെ കാണിക്കേണ്ടതില്ല. അവർ കഥ ഊഹിച്ചെടുക്കുന്നതിനു ഓരോ ആഴ്ചയിലും 5 സൂചനകൾ നല്കി അവരെ പ്രോത്സാഹിപ്പിക്കുക. കുട്ടികൾ അവർക്കു  ലഭിച്ച സൂചനകൾ തിരിച്ചറിയുമ്പോൾ അത് അംഗീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യരുത്, അങ്ങനെ കഥയെക്കുറിച്ചുള്ള ഊഹങ്ങളുമായി ക്ലാസ്സിന്റെ ആദ്യത്തെ നിമിഷങ്ങൾ രസാവഹമായിരിക്കും. പ്രശ്നം പരിചരിച്ചതിനു ശേഷം ബൈബിൾ കഥ, പ്രധാന പഠിപ്പിക്കലുകൾ മന:പാഠവാക്യം, ജീവിതത്തിൽ പ്രായോഗികമാക്കുക തുടങ്ങി സണ്ടേസ്കൂളിന്റെ സാധാരണ കാര്യപരിപാടികൾ തുടരുന്നതാണു. ഉദാഹരണമായി, അവർ വളരെ ചെറുതാണെങ്കിലും ദൈവത്തിനുവേണ്ടി വലിയ കാര്യങ്ങൾ ചെയ്യാൻ അവർക്ക് കഴിയുമെന്നു ആദ്യത്തെ ആഴ്ചയിൽ അവർ പഠിച്ചു. അവരുടെ അസ്സൈൻമെൻറായി, പാത്രങ്ങൾ കഴുകുന്നതു പോലെയുള്ള, അവർ വീട്ടിൽ സാധാരണ ചെയ്യാത്ത ജോലികൾ ചെയ്യുവാൻ പറയുക. അങ്ങനെ അവർ സാധാരണ ചെയ്യുന്നതിൽ നിന്നു വ്യത്യസ്തമായി വലിയ കാര്യങ്ങൾ ചെയ്യുമ്പോൾ ദൈവം അവരെ എങ്ങനെയാണു  അനുഗ്രഹിക്കുന്നതെന്നു കാണുക. സാധാരണയുള്ള ക്ലാസ്സ് അവസാനിച്ചതിനുശേഷം അവർക്കു ചില രസകരമായ പരിപാടികളും ഉണ്ട്. ഓരോ ആഴ്ചയിലും ഗയിംസ്, ചോദ്യങ്ങളുടെ ചർച്ച, പദപ്രശ്നങ്ങളും നിറം കൊടുക്കലും 'ഡോ. ലൂക്കാസ്' എന്നു വിളിക്കുന്ന സയൻസ് സംബന്ധിയായ പരീക്ഷണങ്ങൾ തുടങ്ങിയവ ലഭ്യമാണു. ഈ കാര്യങ്ങൾ ക്ലാസ്സിൽ അപ്പോൾത്തന്നെയോ മറിച്ചു വീഡിയോ ഉപയോഗിച്ചോ  ചെയ്യുവുന്നതാണു.

ഞങ്ങളുടെ മിനിസ്ട്രിയോടൊപ്പം പ്രവർത്തിക്കുമ്പോൾ, ഒരു വർഷം മുഴുവനും ഈ പഠനത്തിന്റെ ഉള്ളടക്കം സൗജന്യമായി ലഭിക്കുന്നതാണു. നിങ്ങൾ ഒരു ഗ്രാമത്തിലാണു പ്രവർത്തിക്കുന്നതെങ്കിൽ ഇന്റെർനെറ്റിൽ നിന്നു നിങ്ങൾക്കു ഇത് ഡൗൺലോടു ചെയ്തു കോപ്പികളെടുത്തു കുട്ടികൾക്കു കൊടുക്കാവുന്നതാണു. നിങ്ങൾ കുട്ടികളുടെ ബുക്കായി ഇത് ഉപയോഗിക്കുന്നില്ലെങ്കിൽ പോലും നിങ്ങളുടെ സാഹചര്യങ്ങൾക്കനുസരിച്ചു ധാരാളം പ്രവർത്തനങ്ങൾ ചിൽഡ്രൻ ബൈബിൾ ഇൻവെസ്റ്റിഗേഷൻ എന്നതിലുണ്ട്. ഈ പ്രോഗ്രാം ചെയ്യുന്നതിനായി നിങ്ങളുടെ സഭയിൽ ഇന്റെർനെറ്റ് വേണമെന്നില്ല. സഭയ്ക്ക് ആവശ്യമുള്ള കാര്യങ്ങൾ ഒരു വ്യക്തി തയ്യാറാക്കിക്കൊണ്ടു വരിക. അങ്ങനെ സഭ വളരുന്നത് നോക്കുക. ഉത്തേജനം നല്കുന്ന ഒരു പുതിയ കാര്യപരിപാടിയുമായി നമുക്കു സണ്ടേസ്കൂളിലേക്ക്  പ്രവേശിക്കാം! സി ബി ഐ യുടെ മൂന്നു യൂണിറ്റുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഈ 39 പാഠങ്ങളിലൂടെ നിങ്ങളുടെ കുട്ടികൾ ദാവീദും ഗോല്യാത്തും എസ്ഥേർ, സൃഷ്ടിപ്പ്, യേശുവിന്റെ ഉയിർപ്പ്, വിശ്വാസ വീരന്മാർ തുടങ്ങിയവെക്കുറിച്ചു പഠിക്കട്ടെ. നിങ്ങളുടെ ക്ലാസ്സുകൾ രസകരവും ഉത്തേജിപ്പിക്കപ്പെടുന്നതുമാണെന്നു ഞാൻ ഉറപ്പിക്കുന്നു. 'ബൈബിൾ സീൻ' എന്നു ഞങ്ങൾ വിളിക്കുന്ന യഥാർത്ഥമെന്നു തോന്നിപ്പിക്കുന്ന 'ക്രൈം സീൻ, മഞ്ഞ ടേപ്പുകൾ, സയൻസ് പരീക്ഷണശാലകൾതുടങ്ങിയവ സൃഷ്ടിക്കുക. നിങ്ങളുടെ കുട്ടികൾക്കു ആവശ്യമായത്രയും രസകരങ്ങളായ കാര്യങ്ങൾ ഈ വർഷം മുഴുവനും ഉണ്ടായിരിക്കും. പുതിയതും ഉത്തേജിപ്പിക്കുന്നതുമായ ഒരു രീതിയിൽ കുട്ടികളെ പഠിപ്പിക്കുന്നതിനു ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.



ക്രിസ്തുവിൽ

ക്രിസ്റ്റീന ക്രൗസ്.

## --[ഉപയോഗിക്കുന്നതെങ്ങനെ]--



അദ്ധ്യാപകരേ, രസകരമായ വേദപുസ്തക അന്വേഷണപരിപാടിയിലേക്ക് സ്വാഗതം. നിങ്ങൾക്ക് വിദ്യാർത്ഥികളെ പരിശീലിപ്പിക്കുവാൻ മാത്രമല്ല അതേ സമയം തന്നെ അവരോടൊന്നിച്ച് അനേകം രസകരമായ നിമിഷങ്ങളും പങ്കിടുവാൻ കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഈ പ്രോഗ്രാം ഒരു സൺഡേസ്കൂളായോ, കുട്ടികളുടെ സഭയായോ, ആഴ്ചയിലൊരിക്കലുള്ള കുട്ടികളുടെ ഇടയിലെ ശുശ്രൂഷയ്ക്കായിട്ടുള്ള ക്ലബ്ബായോ  ഉപയോഗിക്കാം. ഇതിലെ ദൃശ്യപാഠസഹായികൾ ഞങ്ങളുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളതിനാൽ ഓരോ ചിത്രങ്ങളും വലുതാക്കി കാണിക്കുവാനും നിങ്ങളുടെ മൊബൈൽഫോണിൽ കുട്ടികളെ കാണിക്കുവാനും സാധിക്കും. 9 മാസത്തേക്കുള്ള മൂന്നു യൂണിറ്റുള്ള ഈ പാഠ്യപദ്ധതി നിങ്ങൾ ആസ്വദിക്കും എന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. ആദ്യത്തെ യൂണിറ്റിൽ 13 പാഠങ്ങളുണ്ട്. മറ്റു രണ്ടു യൂണിറ്റുകളുൾപ്പെടെ 39 പാഠങ്ങളുണ്ട്.




നിർദ്ദേശിച്ചിരിക്കുന്ന സമയവിവര പട്ടിക (2-2½ മണിക്കൂർ)

- 5 സൂചനകൾക്കായിട്ടുള്ള മുഖവുര (25 മിനിറ്റ്)
    - തലക്കെട്ട് (5 മിനിട്ട്)
    - നാടകം (10 മിനിട്ട്)
    - ലക്ഷ്യം (3 മിനിട്ട്)
    - പുരാവസ്തുശാസ്ത്രം (2 മിനിട്ട്)
    - ബൈബിൾ രംഗം (7 മിനിട്ട്)
- പ്രധാന പാഠ സമയം (35 മിനിട്ട്)
    - ബൈബിൾ കഥ/കേസ് പരിഹരിച്ചു (13 മിനിട്ട്)
    - പ്രായോഗികം (2 മിനിട്ട്)
    - മന:പാഠവാക്യം (15 മിനിട്ട്)
    - അസൈൻമെൻറ് (3 മിനിട്ട്)
    - ദൈവത്തിൻറെ ഡി.എൻ.എ (2 മിനിട്ട്)
- വിനോദത്തിൻറെ സമയം (1 മണിക്കൂർ)
    - ഗയിം (15 മിനിട്ട്)



    - ചർച്ച (15 മിനിട്ട്)
    - വിദ്യാർത്ഥികളുടെ പുസ്തകങ്ങൾ (15 മിനിട്ട്)
    - ലൂക്കാസിൻറെ ശാസ്ത്ര പരീക്ഷണം (15 മിനിട്ട്)
- ഐച്ഛികമായ ഗയിം, ''ആരെന്നു ഊഹിക്കുക'' (30 മിനിട്ട്)



### സൂചനകൾ!

നിങ്ങളുടെ രഹസ്യാന്വേഷകർക്ക് കേസ് പരിഹരിക്കുന്നതിനായുള്ള സൂചനകൾ കൊടുത്തുകൊണ്ട് ക്ലാസ് ആരംഭിക്കുക. ഇതിനു 5-15 മിനിട്ടു വരെ സമയം വേണ്ടി വരുമെങ്കിലും അതിൽ നിന്നുണ്ടാകുന്ന വിനോദം നിങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഓരോ പാഠത്തിനും 5 സൂചനകളുണ്ട്. ഈ സൂചനകൾ നിങ്ങളുടെ മൊബൈൽഫോണിൽ ഉപയോഗിക്കാം. അല്ലെങ്കിൽ വിദ്യാർത്ഥികൾ  തേടി കണ്ടുപിടിക്കേണ്ടതിനു ക്ലാസ്സിൽതന്നെ സൂചനകളെ സൃഷ്ടിക്കാം.

## സൂചന 1# തലക്കെട്ട്

പാഠത്തിൻറെ തലക്കെട്ടുതന്നെയാണ് ആദ്യത്തെ സൂചന. വിദ്യാർത്ഥികൾക്കുവേണ്ടി തലക്കെട്ട് വായിക്കുകയോ അവർക്കു കാണുവാൻ കഴിയുന്ന തരത്തിൽ അച്ചടിച്ച് പ്രദർശിപ്പിക്കുകയോ ചെയ്യുക. ഉദാഹരണത്തിന്, ''മൂർച്ചയില്ലാത്ത ഭയത്തിൻറെ ശക്തി'' യുടെ കേസ് എന്നാണു ദാവീദിൻറെയും ഗോല്യാത്തിൻറെയും പാഠത്തെ വിളിക്കുന്നത്. മൂർച്ചയില്ലാത്ത ഭയത്തിൻറെ ശക്തി എന്നാൽ നദിയിൽ നിന്നെടുത്ത ഒരു കല്ലുകൊണ്ട് ഗോല്യാത്തിൻറെ തലയ്ക്കു അടിച്ചുവെന്നാണ്. കുറ്റാന്വേഷകരുടെയും കോടതി വ്യവഹാരവിശകലന വിഗദ്ധനൻറെയും പ്രയോഗങ്ങൾ ഉപയോഗിക്കുന്നത് നിങ്ങളുടെ ബൈബിൾ പഠനത്തെ കൂടുതൽ രസകരമാക്കും. നിങ്ങളുടെ അദ്ധ്യാപകരുടെ ബുക്കുകൾ വിദ്യാർത്ഥികളെ കാണിക്കാതിരിക്കുവാൻ ഓർക്കുക. അങ്ങനെയായാൽ അവർക്ക് ബൈബിൾ കഥ കണ്ടു നിങ്ങളെ വഞ്ചിക്കുവാൻ കഴിയില്ല.

## സൂചന 2 #നാടകം



ഓരോ ആഴ്ചയിലുമുള്ള രണ്ടാമത്തെ സൂചനയാണ് നാടകം. അദ്ധ്യാപകരോ വിദ്യാർഥികളോ അത് അഭിനയിക്കട്ടെ. കഥ പൂർണ്ണമായി വെളിപ്പെടുത്താതെ വേറൊരു സൂചന നല്കുക എന്ന ആശയമാണിത്. ദാവീദിൻറേയും ഗോല്യാത്തിൻറേയും പാഠത്തിൽ ഒരു പടയാളി തൻറെ ഭവനത്തിൽ വന്നു തൻറെ ഭാര്യയോടു സംസാരിക്കുന്നു. ഫെലിസ്ത്യനായ ആ പടയാളി എങ്ങനെയാണ് തങ്ങൾ യുദ്ധത്തിൽ പരാജയപ്പെട്ടതെന്നു പറയുന്നു. ''മല്ല''നായ ഒരുവനെയും അജാനുബാഹുവായ അവൻറെ സഹോദരനെയും ഇവിടെ പരാമർശിക്കുന്നു (ഗോല്യാത്തിൻറെ പേര് ഇവിടെ പരാമർശിക്കുന്നില്ല). അജാനുബാഹുവായ ഒരു സഹോദരൻ ഗോല്യാത്തിനുണ്ടെന്നു വേദപുസ്തകം പറയുന്നില്ല. വേദപുസ്തകത്തിലെ ഈ കഥ ഊഹിച്ചെടുക്കുന്നതിനു വിദ്യാർത്ഥികളെ സഹായിക്കുന്നതിനുള്ള രസകരമായ നാടകമാണിത്.



## സൂചന 3 #വസ്തു

ഓരോ പാഠത്തിനും ഓരോ വസ്തു ക്ലാസ്സിൽ കൊണ്ടുവരുക. വേദപുസ്തകത്തിലെ ഈ കഥ മനസ്സിലാക്കുന്നതിനു സഹായിക്കുന്ന ഈ വസ്തു വിദ്യാർത്ഥികൾക്കു തൊടുവാനും അനുഭവിക്കുവാനും കഴിയുന്ന ഭൌതിക വസ്തുവാണത്. ഉദാഹരണമായി ഈ പാഠത്തിൽ അഞ്ചു കല്ലുകൾ അല്ലെങ്കിൽ പാറക്കഷണങ്ങൾ ക്ലാസ്സിൽ കൊണ്ടുവരിക. ഈ സമയത്ത്, ഈ അഞ്ചു കല്ലുകൾ ദാവീദ് നദിയിൽ നിന്നു പെറുക്കിയെടുത്തതാണെന്നു വിദ്യാർത്ഥികൾ പറയുകയാണെങ്കിൽ, അത് ഉറപ്പാക്കുകയോ നിരാകരിക്കുകയോ ചെയ്യാതിരിക്കുവാൻ ശ്രമിക്കുക. നിങ്ങൾ നിങ്ങളുടെ വിദ്യാർഥികളോടു കള്ളം പറയരുത്, എന്നാൽ കഴിയുന്നിടത്തോളം സമയം ചോദ്യങ്ങൾ ചോദിക്കുന്നതിനു വിദ്യാർത്ഥികളെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുക.

## സൂചന #4 പുരാവസ്തുശാസ്ത്രം

ഓരോ പാഠത്തിൻറേയും നാലാമത്തെ സൂചന യഥാർത്ഥ പുരാവസ്തുശാസ്ത്രത്തിൻറെ ഒരു ഭാഗമാണ്. ഗത്തിൽ നശിച്ചുപോയ പട്ടണങ്ങളുടെ ആധുനിക ചിത്രങ്ങൾ, ഇത് ഇന്ന് ടെൽ സാഫിത് നാഷണൽ പാർക്കിൻറെ ഉള്ളിൽ സ്ഥിതിചെയ്യുന്നു.



രഹസ്യം. പലസ്തീൻ പട്ടണത്തിലാണ് ഗോല്യാത്തിൻറെ ഭവനം). പടം കാണിച്ചിട്ട്, കഥ മുഴുവനും വെളിപ്പെടുത്താതെ ഇതാണ് പഴയ ഗത്ത് പട്ടണം എന്നു പറയുക. ഗത്ത് ഗോല്യാത്തിൻറെ പട്ടണമാണെന്നു മിക്കവർക്കും അറിയില്ല. അതുകൊണ്ട് നിങ്ങളുടെ പാഠം രഹസ്യമായിത്തന്നെയിരിക്കും.



## 5 സൂചന #5 ബൈബിൾ രംഗം

ഓരോ ആഴ്ചയിലേയും അവസാനത്തെ സൂചനയാണ് ബൈബിൾ രംഗം. നിങ്ങളുടെ കുറ്റാന്വേഷകർക്ക് അന്വേഷണ ത്വരയോടെ വീക്ഷിക്കുവാൻ കഴിയുന്നതാണ് ഇത്.




ഉദാഹരണമായി, അനന്യാസിൻറേയും സഫീറയുടെയും ദൈവത്തോട് അവർ പറഞ്ഞ കള്ളവും ഈ ബൈബിൾ രംഗത്തിൽ വരച്ചു കാട്ടുന്നു. ഞങ്ങൾ തന്നിട്ടുള്ള ചിത്രം നിങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്, അല്ലെങ്കിൽ തറയിൽ ശരീരങ്ങൾ കിടന്നതുപോലെ അടയാളപ്പെടുത്തി അങ്ങനെയൊരു രംഗം സൃഷ്ടിക്കാവുന്നതാണ്. അവരുടെ വിദ്യാർത്ഥികൾ കുറ്റാന്വേഷകർക്ക് കൂടുതൽ ആസ്വാദ്യകരമാക്കുന്നതിനു, നിങ്ങൾ കണ്ടിട്ടുള്ളതുപോലെ ശരീരം കിടന്നതു അടയാളപ്പെടുത്തിയതിനു ചുറ്റും പോലീസ് ടേപ്പ് വലിച്ചുകെട്ടാവുന്നതാണ്.

# വ്യവഹാരം പരിഹരിച്ചു വ്യവഹാരം പരിഹരിച്ചു

## വ്യവഹാരം പരിഹരിച്ചു!

ഈ സൂചനകളെല്ലാം പരിശോധിച്ചതിനു ശേഷം ഈ കേസ് പരിഹരിക്കുവാൻ അല്ലെങ്കിൽ ഏതു ബൈബിൾ കഥയാണ് ഈ ആഴ്ച പഠിക്കുവാൻ പോകുന്നതെന്നു പറയുവാൻ അവരെ അനുവദിക്കുക. വർഷങ്ങളായി നിങ്ങളുടെ സഭയിൽ വന്നിട്ടില്ലാത്ത വിദ്യാർത്ഥികളുണ്ടെങ്കിൽ അവർ ബൈബിൾ കഥ ഊഹിച്ചെടുക്കുവാൻ പാടുപെടുന്നതു കാണാം. അതൊരു വലിയ പ്രശ്നമാക്കാതെ ബൈബിൾ കഥ ഏതെന്നു അവരോടു പറയുക. അവർ ശരിയായി ഊഹിച്ചെടുത്തില്ലെങ്കിൽ പോലും ഈ സൂചനകൾ ഒരു നല്ല രസകരമായ മുഖവുര നല്കുകയും വളരെ പ്രത്യേകതയുള്ള ഒരു സൺഡേസ്കൂൾ നിങ്ങൾക്കു പ്രദാനം ചെയ്യുകയും ചെയ്യും.

### ബൈബിൾ കഥ

എല്ലാ സൂചനകളും പറഞ്ഞു കഴിഞ്ഞതിനു ശേഷം ഈ ആഴ്ചയിലെ ബൈബിൾ കഥ ഏതെന്നു അവരോടു പറയുക. സാധാരണ സൺഡേസ്കൂൾ ക്ലാസ്സിൽ പറയാറുള്ളതുപോലെ കഥ പറയുവാനുള്ള അവസരമാണിത്. തന്നിട്ടുള്ള വാക്യ സൂചികകൾ നോക്കിയോ അദ്ധ്യാപക സഹായികൾ നോക്കിയോ നിങ്ങൾക്കു കഥ പറയാവുന്നതാണ്. നിങ്ങളുടെ പക്കലുള്ള വേദപുസ്തകത്തിൽ നോക്കി പറയുന്നതും നല്ലതാണ്. ഓരോ ആഴ്ചയിലും ഒരു ചിത്രമോ കഥയിലെ ഒരു വ്യക്തിയുടെ കാർട്ടൂൺ ചിത്രമോ ചിലപ്പോൾ കഥയിലെ നായകൻറെയോ, ചിലപ്പോൾ വില്ലൻറെയോ ചിത്രമായിരിക്കും. ദാവീദിൻറേയും ഗോല്യാത്തിൻറേയും പാഠത്തിൽ ഗോല്യാത്തിൻറെ ചിത്രം നിങ്ങളുടെ വിദ്യാർത്ഥികളെ കാണിക്കുക. ഓരോ വിദ്യാർത്ഥിക്കും നല്കുവാൻ തയ്യാറാക്കിയിരിക്കുന്ന ബൈബിൾ കാർഡുകൾ ഉപയോഗിക്കുക. ഈ കാർഡ് ഹാജർ കാർഡായി ഉപയോഗിക്കാവുന്നതാണ്. അല്ലെങ്കിൽ ''ആണെന്നു ഊഹിക്കുക'' എന്ന ഗയിം കളിക്കുന്നതിനു ഉപയോഗിക്കാവുന്നതാണ്. ഗയിം കളിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇതിൻറെ അവസാനമുള്ള 'എങ്ങനെ' എന്ന ഭാഗത്തു നല്കിയിരിക്കുന്നു.



### പ്രായോഗികം

പാഠം പഠിച്ചതിനുശേഷം ഇത് ജീവിതത്തിൽ പ്രായോഗികമാക്കുന്നതിനു ശ്രമിക്കുക. ഞാൻ വളരെ ചെറുപ്പമായിരുന്നാൽ പോലും വലിയ കാര്യങ്ങൾ ചെയ്യുവാൻ എനിക്ക് കഴിയും. ഇതാണ് ദാവീദിൻറേയും ഗോല്യാത്തിൻറേയും കഥയിലുള്ള പ്രായോഗികത.

## മന പാഠ:വാക്യം

ഓരോ ആഴ്ചയിലുമുള്ള മന:പാഠവാക്യം ജീവിതത്തിലെ പ്രായോഗികതയ്ക്കനുസരിച്ചായിരിക്കണം. വിദ്യാർത്ഥികൾ വാക്യം മന:പാഠമാക്കുന്നതിന് കുറച്ചു സമയമെടുത്ത് അവരെ സഹായിക്കുക.

## അസൈൻമെൻറ്

ഓരോ ആഴ്ചയിലും വിദ്യാർത്ഥികൾ ചെയ്യേണ്ട അസൈൻമെൻറുകളുണ്ട്. പാഠ്യപദ്ധതിയുടെ ഏറ്റവും പ്രധാന ഭാഗമാണിത്. ദൈവവചനം കേൾക്കുന്നവരല്ല മറിച്ച് കേട്ട് അത് പ്രവർത്തിക്കുന്നവരുമായിരിക്കുവാൻ ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നു. വിദ്യാർത്ഥികൾ സഭയിൽ നിന്നു പഠിക്കുന്ന കാര്യങ്ങൾ ജീവിതത്തിൽ പ്രായോഗികമാക്കേണ്ടത് വളരെ  പ്രധാനപ്പെട്ട കാര്യമാണ്. പഠന സമയത്ത് പഠിച്ച ഒരു കാര്യവും ജീവിതത്തിൽ പ്രായോഗികമാക്കുന്നില്ലെങ്കിൽ, ബൈബിൾ വാക്യങ്ങളും ഉപദേശങ്ങളും മന:പാഠമാക്കുവാൻ പറഞ്ഞു വിദ്യാർത്ഥികളെ പരീശന്മാരാക്കരുത്. കുറച്ചു കപടഭക്തിക്കാരെ സൃഷ്ടിച്ചു ഒരു തെറ്റ് ചെയ്യുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. നിങ്ങളുടെ വിദ്യാർത്ഥികൾ കപടഭക്തിക്കാരായിത്തീരാതിരിക്കേണ്ടതിന് അവരെ പ്രോത്സാഹിപ്പിക്കുവാൻ ചെയ്യാവുന്ന ഒരേയൊരു കാര്യമാണ്, ആ ആഴ്ചയിൽ അവർ പഠിച്ച കാര്യം ജീവിതത്തിൽ പ്രായോഗികമാക്കുവാൻ പറയുന്നത്.

## ദൈവത്തിൻറെ ഡിഎ.ൻഎ.




ബൈബിൾ പാഠത്തെ ആസ്പദമാക്കി ദൈവം ആരാണെന്നതിനെക്കുറിച്ചു ചില കാര്യങ്ങൾ പഠിക്കുന്നതാണ് ദൈവത്തിൻറെ ഡി.എൻ.എ എന്ന ഭാഗത്തിലുള്ളത്. ഉദാഹരണമായി, ദാവീദിൻറേയും ഗോല്യാത്തിൻറേയും പാഠത്തിൽ, ദൈവത്തിൻറെ പദ്ധതി പൂർത്തീകരിക്കുന്നതിന് ദൈവം ജനത്തെ ഉപയോഗിക്കുന്നു എന്നതിനെക്കുറിച്ചു നാം പഠിക്കുന്നു.



## വിനോദത്തിൻറെ സമയം!

## ഗയിം

നിങ്ങളുടെ പഠനത്തിൻറെ വളരെ പ്രധാനപ്പെട്ട ഒരു ഭാഗമാണ് ഗയിം. ഇത് വിദ്യാർത്ഥികൾ വീണ്ടും മടങ്ങി വരുന്നതിനുള്ള പ്രേരകശക്തിയാണ്. കുട്ടികൾ കളിക്കുവാൻ ഇഷ്ടപ്പെടുന്നു. എല്ലാ ക്ലാസിലും ഗയിമുകൾ ഉൾപ്പെടുത്തുകയാണെങ്കിൽ, ആഴ്ചകൾ തോറും നിങ്ങളുടെ ക്ലാസ് വളരുന്നതു നിങ്ങൾക്കു കാണാവുന്നതാണ്. ധാരാളം കുട്ടികൾ നിങ്ങളുടെ ക്ലാസ്സിലുണ്ടെങ്കിൽ, അനേകരെ നിങ്ങൾക്കു മാറ്റുവാൻ കഴിയും.

## ചർച്ച

നിങ്ങളുടെ വിദ്യാർത്ഥികളെ ആഹ്വാനം ചെയ്യുന്ന ചർച്ചകളിൽ ഏർപ്പെട്ടിരിക്കുന്നതിനുവേണ്ടി ഓരോ ആഴ്ചയിലും മൂന്നു ചർച്ചാ ചോദ്യങ്ങൾ ഞങ്ങൾ നൽകിയിട്ടുണ്ട്. ചർച്ച നയിക്കുന്നതിനുള്ള ഒരു നല്ല മാർഗ്ഗമാണ് വിദ്യാർത്ഥികൾക്ക് ഉത്തരങ്ങൾ നൽകാതിരിക്കുന്നത്. എന്നാൽ ഓരോ ചോദ്യത്തെക്കുറിച്ചും സംസാരിക്കുന്നതിനു അവരെ അനുവദിക്കുക. അവർ അധികം തർക്കിക്കുകയാണെങ്കിൽ നിങ്ങൾ നന്നായി ചെയ്തു എന്നു അനുമാനിക്കാം. അതുകൊണ്ട്, ഒരു വലിയ വാദപ്രതിവാദങ്ങൾക്ക് അവസരമൊരുക്കുക. അങ്ങനെ നിങ്ങളുടെ വിദ്യാർത്ഥികളിൽ നിന്നും നിങ്ങൾക്കു ധാരാളം അഭിപ്രായങ്ങൾ ലഭിക്കും. അദ്ധ്യാപക സഹായിയുടെ അവസാനത്തിൽ ഉത്തരം നൽകിയിട്ടുണ്ട്. അതുകൊണ്ട്, ഒരു ചോദ്യം ചർച്ച ചെയ്യുന്നതിൻറെ അവസാനം നിങ്ങളുടെ അഭിപ്രായവും നിങ്ങൾക്കു പറയാവുന്നതാണ്.

## വിദ്യാർത്ഥിയുടെ പേജിൻറെ ഉത്തരങ്ങൾ

നിങ്ങളുടെ ക്ലാസ്സിൽ പ്രവർത്തനമായി ഉപയോഗിക്കാവുന്ന വിദ്യാർത്ഥിയുടെ പേജും ഈ പ്രോഗ്രാമിലുണ്ട്. ചായമടിക്കുവാനും വാക്കുകൾ കണ്ടുപിടിക്കുന്ന ഗയിം കളിക്കുവാനും കുട്ടികൾക്കു ഇഷ്ടമാണ്. നിങ്ങളുടെ ക്ലാസ് ആസ്വാദ്യകരമാക്കുവാൻ വിദ്യാർത്ഥിയുടെ ബുക്കുകൾ നിങ്ങൾ ഉപയോഗിക്കും എന്നും ഞങ്ങൾ പ്രത്യാശിക്കുന്നു. ഈ ഭാഗത്തിൽ, 4 വയസ്സ് പ്രായമുള്ള വിദ്യാർത്ഥിയുടെ ബുക്കിലുള്ള കടങ്കഥകളുടെ ഉത്തരങ്ങൾ നിങ്ങൾ കണ്ടെത്തും.

## ലൂക്കാസിൻറെ പരീക്ഷണം

കിറുക്കൻ ശാസ്ത്രജ്ഞൻ ലൂക്കാസിൻറെ ശാസ്ത്രപരമായ പരീക്ഷണമാണ് നിങ്ങളുടെ ക്ലാസിൻറെ അവസാനത്തെ പ്രവർത്തനം. ഒരു പ്രവർത്തനം എന്ന നിലയിൽ നിങ്ങൾക്കു ക്ലാസ്സിൽ ചെയ്യാവുന്ന ശാസ്ത്രീയ പരീക്ഷണം ഓരോ ആഴ്ചയിലും അയാൾ നിങ്ങൾക്കു നൽകുന്നു. നിങ്ങൾക്ക് ഒരുമിച്ചു ഈ

വീഡിയോ കാണാവുന്നതാണ് അല്ലെങ്കിൽ ഈ ഫോട്ടോയിൽ കാണുന്നതുപോലെ,നിങ്ങളുടെ അദ്ധ്യാപകൻ തൻറെ പരീക്ഷണ ശാലയിൽ പരീക്ഷണം നടത്തുന്ന ഫോട്ടോയിൽ കാണുന്നതുപോലെ നിങ്ങൾക്കു തനിയെ ഈ പരീക്ഷണം ചെയ്തു നോക്കാവുന്നതാണ്.





## ആരെന്നു ഊഹിക്കുന്ന ഗയിം

''ആരെന്നു ഊഹിക്കുക'' എന്നു വിളിക്കുന്ന, ബൈബിൾ വ്യക്തികളുടെ പേര് രേഖപ്പെടുത്തിയ കാർഡുകൊണ്ടുള്ള ഗയിമാണ് പ്രവർത്തനങ്ങളിൽ നിർബന്ധമല്ലാത്ത അവസാനത്തെ ഗയിം. രണ്ടു കുട്ടികൾ പങ്കാളികളായി ഒരു പരമ്പരാഗതമായ ഒരു ബോർഡ് ഗയിമാണിത്.




ഓരോ വിദ്യാർത്ഥിക്കുംവേണ്ടി എല്ലാ 13 കാർഡുകളും അച്ചടിക്കുക. അദ്ധ്യാപകനും ഒരു സെറ്റ് കാർഡ് ഉണ്ടായിരിക്കണം. ഈ ഗയിം കളിക്കുമ്പോൾ നിങ്ങളുടെ വിദ്യാർത്ഥികൾ വേദപുസ്തക വ്യക്തികളെ കൂടുതലായി പരിചിതരാകും.

കട്ടിയുള്ള പേപ്പറോ കാർഡ്ബോർഡോ അക്കോർഡിയൻ പോലെ മടക്കി കാർഡ് അതിൽ വെയ്ക്കുക. നിങ്ങളുടെ അദ്ധ്യാപകൻറെയോ അല്ലെങ്കിൽ പങ്കാളിയുടെയോ കൈവശം ഏതു ബൈബിൾ വ്യക്തിയുടെ ചിത്രമുള്ള കാർഡാണെന്നു പറയുന്ന ഗയിമാണിത്. ഓരോ ബൈബിൾ വ്യക്തിയുടെയും കാർഡ് തിരഞ്ഞെടുത്തുകൊണ്ട് ആരംഭിക്കുക, പിന്നീട് നിങ്ങളുടെ പങ്കാളിയിൽ നിന്നു ഇത് രഹസ്യമാക്കി വെയ്ക്കുക.

കണ്ണുകളുടെ നിറം, മുടിയുടെ നിറം, അവർക്കു താടിയുണ്ടെങ്കിൽ അത്, തൊപ്പി ധരിച്ചിട്ടുണ്ടെങ്കിൽ അത്, ചെവിയുടെ അല്ലെങ്കിൽ മൂക്കിൻറെ വലിപ്പം അത് സ്ത്രീയാണോ പുരുഷനാണോ എന്നിവയുൾപ്പെടെ വ്യത്യസ്ത യോഗ്യതകളുള്ള ബൈബിൾ വ്യക്തികളെ നോക്കുക. ആദ്യത്തെ കളിക്കാരൻ ചോദ്യം ചോദിക്കുന്നു, രണ്ടാമത്തെ കളിക്കാരൻ, ''അതെ അല്ലെങ്കിൽ അല്ല'' എന്നു ഉത്തരം പറയണം. ഒരു പ്രാവശ്യം ഒരു ചോദ്യം മാത്രമേ അനുവദനീയമുള്ളൂ. നിങ്ങൾക്കു ഉത്തരം ലഭിച്ചു കഴിഞ്ഞാൽ ആ കാർഡ് നിങ്ങൾ താഴ്ത്തേണ്ടതാണ്, അതു പിന്നെ നിങ്ങൾക്കുണ്ടാകില്ലാ. ഉദാഹരണമായി, ഇതൊരു സ്ത്രീയാണോ എന്നു നിങ്ങൾ ചോദിക്കുമ്പോൾ നിങ്ങളുടെ പങ്കാളി ''അല്ല'' എന്നു ഉത്തരം പറഞ്ഞാൽ, നിങ്ങൾക്കു സ്ത്രീകളുടെ പേര് രേഖപ്പെടുത്തിയ എല്ലാ കാർഡുകളും താഴ്ത്താം. രഹസ്യത്തിലിരിക്കുന്ന ബൈബിൾ വ്യക്തിയെ കണ്ടെത്തുന്നതുവരെ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുക. 9 മാസത്തെ ക്ലാസ്സുകൾ നടത്തുന്നതിനു ഈ പ്രോഗ്രാമിനു മൂന്നു യൂണിറ്റു പഠനസാമഗ്രികളും വർഷത്തിൻറെ അവസാനമാകുമ്പോഴേക്ക് കളിക്കുന്നതിനു മൂന്നു സെറ്റ് ബൈബിൾ വ്യക്തികൾ ഉൾപ്പെടെ ആകെ 39 ബൈബിൾ വ്യക്തികൾ ഉണ്ടാകും.



# --[കേസ് 1]--



## സൂചനകൾ (പാഠം 1)

### സൂചന # 1 തലക്കെട്ട് (പാഠം 1)

മൂർച്ചയില്ലാത്ത ഭയത്തിന്റെ ശക്തി.

### സൂചന # 2 നാടകം (പാഠം 1)

ആഖ്യാതാവ്: ഈ കഥ ഒരു കെട്ടുകഥയാണ എന്നാൽ ചില പേരുകളും സ്ഥലങ്ങളും ഒരു നിരപരാധിയെ സംരക്ഷിക്കുന്നതിനു മാറ്റിയിട്ടുണ്ട്.

പടയാളി: പ്രിയേ, നീ ഒരിക്കലും വിശ്വസിക്കില്ല, ആ ദിവസം വളരെ കഷ്ടിച്ചാണ ജീവിതത്തിലേക്കു മടങ്ങിവന്നത്!

ഭാര്യ: അവിടെ പോകരുതെന്നു ഞാൻ നിങ്ങളോടു പറഞ്ഞതാണ. എന്നാൽ നിങ്ങളതു കേട്ടില്ല.

പടയാളി: അതെ, നീ പറഞ്ഞതു ശരിയാണ. നോക്കൂ, നീ അവിടെ ഇല്ലായിരുന്നു, അവിടെ എന്താണ നടക്കുന്നതെന്നു നിനക്കറിയില്ലയിരുന്നു.

ഭാര്യ: എന്റെ പിതാവിന്റെ വാൾ എവിടെ?



പടയാളി: (പിറുപിറുക്കുന്നു) അതു അവിടെ എഫെസ് ഡമ്മീമിൽ ഞാൻ ഉപേക്ഷിച്ചു.

ഭാര്യ: നല്ലത്, നീ ഷരായിം റോഡു വഴി ചെന്നു അത് എടുത്തു കൊണ്ടു വരൂ.

പടയാളി: എനിക്കു പറ്റില്ല, അവർ എന്നെ കൊല്ലും.

ഭാര്യ: നല്ലത്, നീ അതു ചെയ്യില്ലെങ്കിൽ നിനക്ക് അവിടെയും ഇവിടെയും നന്മയുണ്ടാകയില്ല.

പടയാളി: എനിക്കറിയാം നീ ദേഷ്യത്തിലാണെന്ന്, എന്നാൽ നിന്റെ പിതാവിന്റെ വാളിനുവേണ്ടി ഞാൻ തിരികെ പോകില്ല.

ഭാര്യ: (നെടുവീർപ്പിടുന്നു) നീ എന്തുകൊണ്ട് ഹ്യൂജിനെ കൂടെക്കൂട്ടുന്നില്ല, നിനക്കു പേടിയാണെങ്കിൽ അവന്റെ വലിയ സഹോദരൻനിന്റെയൊപ്പം വരും.

പടയാളി: എനിക്കു കഴിയില്ല. അവന്റെ സഹോദരൻ മരിച്ചു പോയി, നമുക്കു നഷ്ടപ്പെട്ടു.

ഭാര്യ: (അപ്പമുണ്ടാക്കുവാൻ എടുത്ത പൊടിയിൽ വെള്ളമൊഴിച്ചപ്പോൾ പാത്രത്തിൽ നിന്നും പൊടി നിലത്തു വീണു) ഓ, പ്രിയേ എന്തു പറ്റി?

പടയാളി: അതു വിധിയാണെന്നു ഞാൻ നിന്നോടു പറഞ്ഞിട്ടുണ്ട്. ഞങ്ങൾ എഫെസിൽ ക്യാമ്പു ചെയ്യുകയായിരുന്നു എന്നു നിനക്കറിയാം. അവർ ഒരു മാസത്തോളമായി ഒരു മൂലയിൽ നിന്നിരുന്നു. ബീഫിന്റെ സഹോദരൻ ദിവസവും പുറത്തു പോയി അവരെ യുദ്ധത്തിനായി വെല്ലുവിളിക്കുകയും കഠിനമായി കളിയാക്കുകയും ചെയ്തു. എനിക്കു തമാശയായി തോന്നിയത്, ഞങ്ങൾ ഞങ്ങളുടെ പടച്ചട്ട പോലും അണിഞ്ഞിരുന്നില്ല എന്നതാണ. നിന്റെ പിതാവിന്റെ വാൾ നഷ്ടപ്പെടാതിരിക്കുവാൻഞാൻ അതു കൂടാരത്തിൽ തന്നെ വെച്ചു.

ഭാര്യം: കൂടാരത്തിൽ? കൂടാരത്തെക്കുറിച്ചു സംസാരിക്കുന്നു, ആ കൂടാരം നിങ്ങൾ കൊണ്ടുവന്നോ?

പടയാളി: ഇല്ല

ഭാര്യ: എന്തായിത്, ഈ വർഷം നാം പുറത്ത് പോകുമ്പോൾ നാം എന്ത് ഉപയോഗിക്കും.

പടയാളി: പ്രിയേ, ഒരാൾക്കും കൂടാരമോ വാളോ ഇല്ല, എനിക്കു ഭാഗ്യമുണ്ട്. കാരണം എല്ലാവരേക്കാളും എനിക്കു നല്ല വേഗമുണ്ടായിരുന്നു. ഞാൻ വീട്ടിൽ തിരികെ വന്നതോർത്ത് സന്തോഷിക്കുക. മിക്കവർക്കും അതിനു കഴിഞ്ഞിട്ടില്ല.

ഭാര്യ: നല്ലത്, ഭവനത്തിലേക്കു സ്വാഗതം. ഒരുവിധത്തിൽ ഞങ്ങൾ കഴിച്ചുകൂട്ടി. നീയില്ലാതെ എനിക്കു പറ്റില്ല.

പടയാളി: എനിക്കും.





## 3 സൂചന # 3 വസ്തു (പാഠം 1)

ഈ ഭൗതീക വസ്തു ക്ലാസ്സ് മുറിയിൽ കൊണ്ടുവരുക: 5 കല്ലുകൾ

## 4 സൂചന # 4 പുരാവസ്തുശാസ്ത്രം (പാഠം 1)

ഗത്ത് പട്ടണത്തിന്റെ നാശത്തിന്റെ അതി നൂതനമായ ഫോട്ടൊ ഇന്ന് ടെൽ-സാഹിത് നാഷണൽ പാർക്കിന്റെ മുകളിൽ സ്ഥിതിചെയ്യുന്നു. (രഹസ്യം: ഗോല്യാത്തിന്റെ ഭവനവും ഫെലിസ്ത്യരുടെ പട്ടണവും).



## 5 സൂചന # 5 ബൈബിൾ രംഗം (പാഠം 1)

രഹസ്യം: ഗോല്യാത്തിന്റെ വലിയ കാല്പാടുകൾ പടയുടെ ചെറിയ കാല്പാടുകൾ.

# വ്യവഹാരം പരിഹരിച്ചു വ്യവഹാരം പരിഹരിച്ചു

## വ്യവഹാരം പരിഹരിച്ചു! (പാഠം 1)



### ബൈബിൾ കഥ (പാഠം 1)

**ദാവീദും ഗോല്യാത്തും**

**ബിബിളിൽ നിന്നും :1 ശമുവേൽ 17:1-53**

ഫെലിസ്ത്യരും യിസ്രായേല്യരും തമ്മിലുള്ള യുദ്ധ ഭൂമിയിൽ നില്ക്കുന്ന ദാവീദിനു താൻ ഈ യുദ്ധം ജയിക്കുമെന്ന് അറിയാമായിരുന്നു. എന്നാൽ 9 അടി ഉയരമുള്ള മല്ലനായ ഗോല്യാത്ത് ഭീഷണി മുഴക്കുമ്പോൾ മറ്റ് എല്ലാ പടയാളികളും ഭയക്കുന്നതായി ദാവീദിനു തോന്നി എന്നാൽ ദൈവം തന്റെ പക്ഷത്തുള്ളതുകൊണ്ട് താൻ തോല്ക്കില്ല എന്നു മനസ്സിലാക്കി. ഗോല്യാത്ത് ഒരു അജാനബാഹുവായിരുന്നു, അവൻ യിസ്രായേലിനെ പുച്ഛിച്ചുകൊണ്ടിരുന്നു. ഫെലിസ്ത്യനായ ഈ മല്ലനെ എതിരിടുവാൻ ആരുമുണ്ടായിരുന്നില്ല.

ഒരു പോരാളിയാകുവാനുള്ള പ്രായം ദാവീദിനുണ്ടായിരുന്നില്ല. ചെറിയ യൗവനകാരനായ ആട്ടിടയനായിരുന്നുവെങ്കിലും അവൻ ബുദ്ധിമാനായിരുന്നു. അവന്റെ ഈ ചെറു പ്രായത്തിൽത്തന്നെ ഒരു കരടിയേയും സിംഹത്തേയും വടികൊണ്ട് അവൻ കൊന്നു. എങ്കിലും ഈ

യുദ്ധത്തിൽ ദൈവം അവനോടൊപ്പമുണ്ടായിരുന്നു. കർത്താവിന്റെ നാമത്തിൽ അവന്റെ നേരെ വരുകയാണെങ്കിൽ അവൻ തോല്ക്കയില്ലെന്നറിഞ്ഞിരുന്നു.

മിനുസമുള്ള 5 കല്ലെടുത്ത് ഒന്ന് കവിണയിൽ വെച്ചു. ഗോല്ല്യാത്തിന്റെ വലിയ ഉടൽ അടുത്തടുത്തുവന്നു, അവൻ ഒരു നല്ല അവസരത്തിനായി കാത്തിരുന്നു. അവൻ തന്റെ കവിണ കറക്കുവാനാരംഭിച്ചു. അതു കറങ്ങി കറങ്ങി പോയി, ആ കല്ല് അതിന്റെ ലക്ഷ്യം കണ്ടു. ഗോല്ല്യാത്തിന്റെ കണ്ണുകളുടെ ഇടയിലുള്ള ചെറിയ സ്ഥലം. ഗോല്ല്യാത്ത് നിലത്തു വീണു മരിച്ചു. അവരുടെ നായകൻ വീണതുകണ്ടു ഫെലിസ്ത്യ സൈന്യം ഓടിപ്പോയി.

## പ്രായോഗികം (പാഠം 1)

ഞാൻ ചെറുതാണെങ്കിലും എനിക്ക് വലിയ കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

## മന:പാഠ വാക്യം (പാഠം 1)

"ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു. അവ തിന്മയ്ക്കല്ല നന്മയ്ക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാടു (യിരെ 29:11).

## അസൈന്മെൻറ് (പാഠം 1)

നിങ്ങൾ സാധാരണ ചെയ്തിട്ടില്ലാത്ത ഒരു ജോലി ഈ ആഴ്ചയിൽ തിരഞ്ഞെടുക്കുക, ദിവസവും പാത്രങ്ങൾ കഴുകുക അല്ലെങ്കിൽ പതിവായുള്ള ജോലിചെയ്യാതെ മാതാപിതാക്കൾക്കുവേണ്ടി വേറെയൊരു ജോലി ചെയ്യുക. വലിയ ജോലികൾ ചെയ്യുവാൻ ദൈവം നിങ്ങളെ സഹായിക്കുന്നതെങ്ങനെയെന്നു കാണുക.




## വത്തിന്റെ ഡി.എൻ.എ (പാഠം 1)

ഈ പാഠത്തിൽ നിന്നു നാം ദൈവത്തെക്കുറിച്ചു എന്താണു പഠിക്കുന്നത്? തന്റെ പദ്ധതികൾ നിറവേറ്റുവാൻ ദൈവം ജനങ്ങളെ ഉപയോഗിക്കുന്നു.



# വിനോദത്തിന്റെ സമയം (പാഠം 1)

## ഗയിം (പാഠം 1)

ഷാഡോ ടാഗ്

മറ്റ് ഗയിം കളിക്കുന്നതുപോലെതന്നെയാണു ഇതും കളിക്കുന്നത്. അദ്ധ്യാപകൻ 'ഇത്' ആകുന്നതിനു ചില കുട്ടികളെ തിരഞ്ഞെടുക്കുകയും അവർ മറ്റുള്ളവരെ പിന്തുടരുകയും ചെയ്യുന്നു. ഈ കളിയിൽ 'ഇത്' മറ്റു കളിക്കാരെ തൊടുന്നതിനു പകരം അവരുടെ മുകളിൽ ചവിട്ടിക്കയറുന്നു.

## ചർച്ച (പാഠം 1)

മുതിർന്ന കുട്ടികൾക്കു മാത്രം )



1. അടുത്ത നിമിഷം എന്താണു സംഭവിക്കുന്നതെന്നു നിങ്ങൾ അറിഞ്ഞിരിക്കുന്നുവെങ്കിൽ, നിങ്ങൾ ചെയ്യുന്നത് എങ്ങനെ മാറ്റുമായിരുന്നു? ഒരു ലോട്ടറി ടിക്കറ്റ് വാങ്ങുന്നതിനെക്കുറിച്ചോ നല്ല വസ്ത്രം വാങ്ങുന്നതിനെക്കുറിച്ചോ അല്ലെങ്കിൽ ദുരന്തം ഒഴിവാകുന്നതിനെക്കുറിച്ചോ ചില മിനിട്ടുകൾ സംസാരിക്കുക. പിന്നീട്, ഭാവി അറിയുന്ന രീതിയിൽ ദൈവം പ്രവർത്തിച്ചതെങ്ങനെയെന്നും അതു കണ്ടിട്ട് ദൈവം അത് എന്താണു ചെയ്യാൻ പോകുന്നതെന്നു നാം അറിയുന്നതെങ്ങനെയെന്നും കഴിഞ്ഞ കാലങ്ങളിൽ ദൈവം എങ്ങനെ പ്രവർത്തിച്ചുവെന്നുമുള്ള ആശയം പ്രകടമാക്കുക. വിശ്വാസത്തിന്റെ ഒരു ഭാഗം, അടുത്തതായി ദൈവം ചെയ്യുന്നതെന്തെന്നറിയുകയും അതിൽ ഭാഗഭാക്കാവുകയുമാണു. "സിംഹത്തിന്റെ കൈയ്യിൽ നിന്നും കരടിയുടെ കൈയ്യിൽ നിന്നും എന്നെ രക്ഷിച്ച യഹോവ ഈ ഫെലിസ്ത്യന്റെ കൈയ്യിൽ നിന്നും എന്നെ രക്ഷിക്കും" 1 ശമുവേൽ 17:37


2. ഗോല്ല്യാത്തിനെ കൊല്ലുന്നതിനു മുൻപ് ദാവീദ് ഗോല്ല്യാത്തിനെ കളിയാക്കി, എന്തുകൊണ്ടാണു ഗോല്ല്യാത്തിനെ കളിയാക്കുന്നത് ദാവീദിനു ശരിയായി തോന്നിയത്. മറ്റുള്ളവരെ കളിയാക്കുന്നത് നിങ്ങൾക്കു ശരിയായി തോന്നുന്നതെന്ത്?


ഇത് തന്ത്രപരമായ ഒരു ചോദ്യമാണു. ദാവീദ് ഗോല്ല്യാത്തിനെ കളിയാക്കിയത് ഒരു പക്ഷേ സ്വീകാര്യമായിരിക്കില്ല, എന്നാൽ അത് കഥയുടെ ഭാഗമാണ്. ഇത് അവന്റെ വിശ്വാസത്തെ പ്രദർശിപ്പിക്കുന്നു.


3. ദാവീദ് തന്റെ സഹോദരന്മാരെ സേവിക്കുന്നതുകൊണ്ടാണ ഒരു അതികായനെ കൊല്ലുവാൻ അവസരം ലഭിച്ചത്. നാം എങ്ങനെയാണ മറ്റുള്ളവരെ നയിക്കുകയും അന്യോന്യം സേവിക്കുകയും ചെയ്യുന്നത്?

നയിക്കുകയും സേവിക്കുകയും ചെയ്യുന്നത് മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമാണെങ്കിലും, നേതൃത്വവും സേവനവും മിക്കവാറും അനന്യമാക്കുന്നതാണ സേവനാത്മകമായ നേതൃത്വം. സേവന  സന്നദ്ധരാകുമ്പോൾ നിങ്ങൾക്കു  അവസരങ്ങൾ കാണുവാൻ കഴിയും ആ അവസരങ്ങളിൽ നിങ്ങൾ പ്രവർത്തിക്കുമ്പോൾ അത് നേതൃത്വത്തിന്റെ ഒരു രൂപമാണ്.

## വിദ്യാർത്ഥിയുടെ പേജിലെ ഉത്തരങ്ങൾ (പാഠം 1)



## ലൂക്കാസിന്റെ പരീക്ഷണം (പാഠം  1)

പിടിയുള്ള ഒരു പാത്രത്തിൽ നാലു കപ്പ വെള്ളവും നാലു കപ്പ് വിനാഗിരിയും ഒഴിക്കുക. അതിന്റെ കൂടെ നാലു കപ്പ അപ്പക്കാരം(ബേക്കിംഗ് സോഡ) ചേർക്കുക ഇപ്പോൾ വായുവിനേക്കാൾ ഭാരമുള്ള കാർബൺഡയോക്സൈഡ് പാത്രം നിറയെ രൂപപ്പെടുകയും നിറയെ കുമിളകൾ വരുകയും ചെയ്യുന്നു. കത്തുന്ന ഒരു മെഴുകുതിരിയുടെ മേൽ കാർബൺഡൈ  ഓക്സൈഡ് ഒഴിക്കുക. മെഴുകുതിരി അണയുന്നതായി കാണും.

https://www.facebook.com/childrenareimportant/videos/1291835197519527/

# --[കേസ് 2]--



## സൂചനകൾ (പാഠം 2)

### സൂചന # 1 തലക്കെട്ട് (പാഠം 2)

നഷ്ടപ്പെട്ട ജഡത്തിന്റെ കേസ്

### സൂചന # 2 നാടകം (പാഠം 2)

വ്യാഖ്യാനാവ്: കഥയൊരു കെട്ടുകഥയാണ എന്നാൽ നിരപരാധിയെ സംരക്ഷിക്കുന്നതിനുവേണ്ടി പേരും സ്ഥലവും മാറ്റിയിരിക്കുന്നു.

കുറ്റാന്വേഷകൻ: കാല്പാടുകളുടെ പടം കൊണ്ടുവരു. ഇത് 5-ംത്തെ സെറ്റിലെ പോലെയുണ്ട്.

ടെക്കി : ശരി രണ്ടു പുരുഷന്മാരുടെ കാല്പാദങ്ങളുടെ അടയാളങ്ങൾ എന്റെ കൈവശമുണ്ട്. ഇത് അവർ ഓടുന്നതുപോലെയുണ്ട്.



കുറ്റാന്വേഷകൻ : അവിടെ നമുക്ക് പാദരക്ഷകളുടെ അടയാളങ്ങളുണ്ട്. അത് കാവൽക്കാർ നില്ക്കുന്നതുപോലെയുണ്ട്. നോക്കു, അവർ എത്ര പൊടിപടലത്തിലാണ ജോലി ചെയ്യത്.

ടെക്കി: ഇത് വളരെ ചെറുതായി തോന്നുന്നു. ഇവിടെ രണ്ടു വനിതകൾ ഉണ്ടായിരുന്നിരിക്കണം. ഒരു പക്ഷെ 3

കുറ്റാന്വേഷകൻ: (ചുറ്റും നോക്കുന്ന മറ്റൊരു അടയാളം ശ്രദ്ധിക്കുന്നു). ഇതിനെക്കുറിച്ച് എന്തു പറയുന്ന ഇത് യഥാർത്ഥത്തിൽ വലിയതായി കാണുന്നു. ഇത് ആരംഭിക്കുന്നത് (ചുറ്റും നോക്കുന്നു).

ടെക്കി: അതെ, (മുകളിൽ ക്യാമറയിലേക്കു നോക്കുന്നു)

കുറ്റാന്വേഷകൻ: കുറ്റകൃത്യത്തിന്റെ പശ്ചാത്തലം

ടെക്കി: (പകുതി വിഴുങ്ങിയിട്ട്) ഇനിയും ഞാൻ ഇത് ആവർത്തിച്ചാൽ ഞാൻ പുറത്താകും

കുറ്റാന്വേഷകൻ: ഇവിടെ നിങ്ങൾ എപ്പോഴെങ്കിലും ജോലി ചെയ്തിട്ടുണ്ടോ?

ടെക്കി: ഇല്ലാ

കുറ്റാന്വേഷകൻ: ശരിയായി ചിന്തിക്കുക, നിങ്ങൾ ഇവിടെ മുകളിലൂടെ നടന്നിട്ടുണ്ടോ? ഇവിടെ നോക്കുക, അല്ലെങ്കിൽ ഇവിടുത്തെ പൊടിയെക്കുറിച്ചെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

ടെക്കി: ഇല്ലാ, തീർച്ചയായും.

കുറ്റാന്വേഷകൻ: അതെ, എന്നാൽ അതുപോലെ വലിയ ചിലതു ആയിരിക്കില്ല, പഴന്തുണിയോ കുപ്പിപോലെയുള്ള ചെറിയ സാധനങ്ങളെന്തെങ്കിലുമായിരിക്കും അവർ ചുമന്നത്.

ടെക്കി: ഓടിപ്പോയ വ്യക്തി എന്തെങ്കിലും വലിയ സാധനം ചുമന്നു കൊണ്ടുപോയതായി തോന്നുന്നില്ല.

കുറ്റാന്വേഷകൻ: എനിക്കു അതു മനസ്സിലാകുന്നില്ല. ഗുഹയുടെ വെളിയിലേക്കു പാദരക്ഷകളില്ലാതെ നടന്നു പോയ രണ്ടു കാല്പാദങ്ങളുണ്ട്. എന്നാൽ അതിനകത്തേക്ക് അതില്ല. ഓടിപ്പോയ കാല്പാദങ്ങളുടെ അടയാളം പാദരക്ഷകളുടെ അടയാളം, പിന്നീട് മറ്റൊരിടത്തും കാണാത്ത ആ വലിയ കാല്പാദങ്ങളുടെ അടയാളം പ്രത്യക്ഷപ്പെടുകയും വലിയ പാറയുടെ മുകളിലേക്കു നടക്കുകയും ചെയ്യുന്നു.

ടെക്കി: കഴിഞ്ഞ രാത്രിയിൽ ഭൂമി കുലുക്കം ഉണ്ടായി കാണണം. തോട്ടം നന്നായിരിക്കുന്നുവെങ്കിലും പരിപാലിച്ചതുപോലെ നന്നായിരിക്കുന്നു.

കുറ്റാന്വേഷകൻ: നീ ഇപ്പോൾ എന്താണു പറഞ്ഞത്?

ടെക്കി: തോട്ടം നന്നായി പരിപാലിച്ചിരിക്കുന്നു.

കുറ്റാന്വേഷകൻ: അല്ലാ, അതിനു മുൻപ്....

## സൂചന # 3 വസ്തു (പാഠം 2)

ഭൗതീക വസ്തു ക്ലാസ്സിൽ കൊണ്ടുവരിക :ക്ലോക്ക്





## സൂചന # 4 പുരാവസ്തുശാസ്ത്രം (പാഠം 2)

അനേകം രഹസ്യ അടയാളങ്ങളോടുകൂടിയ റീത്തോടുകൂടിയ ചി റോ' ശ്മശാന ഗുഹകൾ കണ്ടെത്തിയിട്ടുണ്ട്.

(രഹസ്യം: ഇത് ഉയിർപ്പിന്റെയും റോമൻപടയാളികളുടെ മേലുള്ള വിജയത്തെയും സൂചിപ്പിക്കുന്നു.)

## സൂചന # 5 ബൈബിൾ രംഗം (പാഠം 2)



രഹസ്യം: മഗ്ദലന മേരി സുഗന്ധ ദ്രവ്യം പൂശി. കാവല്ക്കാരനിൽ നിന്നും ധനം, തോട്ടവും തോട്ടക്കാരന്റെ തൊപ്പിയും കാരണം, അത് തോട്ടക്കാരനെന്നു മേരി തെറ്റിദ്ധരിച്ചു.

വ്യവഹാരം പരിഹരിച്ചു വ്യവഹാരം പരിഹരിച്ചു

# വ്യവഹാരം പരിഹരിച്ചു! (പാഠം 2)

## ബൈബിൾ കഥ (പാഠം 2)



**ക്രിസ്തുവിന്റെ ഉയിർപ്പ്**

**ബൈബിളിൽ നിന്നും മത്തായി :28; യോഹ 20:6-9**

യേശു മുന്നറിയിപ്പ് കൊടുത്തതെല്ലാം അതുപോലെ സംഭവിച്ചു, ശിഷ്യന്മാർ ആശ്ചര്യപ്പെട്ടു. യേശുവിനെ ഒറ്റുകൊടുത്തു, പീഡിപ്പിച്ചു ക്രൂശിന്മേൽ തൂക്കി. മൂന്നു ദിവസം കഴിഞ്ഞ്, അതിരാവിലെ മുഖ്യ പുരോഹിതൻ ഒരു രഹസ്യ കൂടിക്കാഴ്ചയ്ക്കായി കാവല്ക്കാരുമായി നടന്നുപോവുകയായിരുന്നു. എങ്ങനെയാണു ഘോരമായൊരു ഭൂകമ്പമുണ്ടായതെന്നു അവർ വിവരിച്ചു. ദൈവത്തിന്റെ ദൂതൻ വന്നു ഉരുട്ടി മാറ്റി അതിനു മേൽ ഇരിക്കുകയാണു. മഞ്ഞു പോലുള്ള അവന്റെ വസ്ത്രം പ്രകാശത്തിൽ തിളങ്ങി. ഈ കാഴ്ചയിൽ അവർ പേടിച്ച് ഭയപരവശരായി അബോധാവസ്ഥയിൽ വീണതെങ്ങനെയെന്നു വിശദീകരിച്ചു. മുഖ്യ പുരോഹിതൻ ഒരു പദ്ധതിയുമായി മുൻപോട്ടു വന്നു അവർ കാവൽക്കാരെ വലിയ തുക കൈക്കൂലി കൊടുത്തു വിലയ്ക്കു വാങ്ങി, കള്ളം പറയുവാൻ പ്രേരിപ്പിച്ചു, അവർ ഇങ്ങനെ പറഞ്ഞു, ഞങ്ങൾ ഉറങ്ങുമ്പോൾ അവന്റെ ശിഷ്യന്മാർ രാത്രിയിൽ വന്നു അവന്റെ ശരീരം മോഷ്ടിച്ചു കൊണ്ടുപോയി, ഗവർണ്ണർ ഇതു കേട്ടിട്ട് അവർക്കെതിരെ ഒരു നടപടിയും ഉണ്ടാകാതിരിക്കുവാൻ മുഖ്യ പുരോഹിതൻ അവർക്കു സംരക്ഷണം കൊടുത്തു.

മേരിയും മറ്റെ മേരിയും കല്ലറയ്ക്കടുത്തു ചെന്നപ്പോൾ ദൂതൻഅവരോടു പറഞ്ഞു, "ഭയപ്പെടേണ്ട; ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു എന്നു ഞാൻഅറിയുന്നു. അവൻ ഇവിടെ ഇല്ല; താൻ പറഞ്ഞതുപോലെ ഉയർത്തെഴുന്നേറ്റു എന്നു വേഗം ചെന്നു അവന്റെ ശിഷ്യന്മാരോടു പറവിൻ; അവൻ നിങ്ങൾക്കു മുമ്പേ ഗലീലയ്ക്കു പോകുന്നു. അവിടെ നിങ്ങൾ അവനെ കാണും. അവർ വേഗത്തിൽ മറ്റുള്ളവരോടു പറയുവാൻ കല്ലറയിൽ നിന്നും പോയി. അപ്പോൾ യേശു അവർക്കു പ്രത്യക്ഷമായി അവരോടു, "നിങ്ങൾക്കു വന്ദനം, ഭയപ്പെടേണ്ട, നിങ്ങൾ പോയി എന്റെ സഹോദരന്മാരോടു ഗലീലയ്ക്കു പോകുവാൻ പറവിൻഅവിടെ അവർ എന്നെ കാണും"

പത്രോസും യോഹന്നാനും ഇതു കാണുന്നതിനുവേണ്ടി കല്ലറയ്ക്കലേക്കു ഓടിപ്പോയി. കല്ലറയിൽ നോക്കി, അവന്റെ തലമേലുള്ള തുണിയും ശരീരം പൊതിഞ്ഞ തുണിയും മടക്കി വച്ചിരിക്കുന്നതു കണ്ടു. അവർ തെളിവുകൾ കണ്ടപ്പോൾ, യേശു യഥാർത്ഥമായി മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്നു വിശ്വസിച്ചു.

## പ്രായോഗികം (പാഠം 2)

എല്ലാം താറുമാറായി എന്നു തോന്നുമ്പോഴും ദൈവം വിശ്വസ്തനായി നിലകൊള്ളുന്നു.

## മന:പാഠ വാക്യം (പാഠം 2)

തന്റെ പുത്രനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ (1കൊരി 1:9).

## അസൈന്മെൻറ് (പാഠം 2)

നിങ്ങളുടെ ജീവിതത്തിൽ മോശമായ സമയം ഉണ്ടായി എന്നു തോന്നിയതും അതു നന്മയ്ക്കായി തീർന്നതും മറ്റുള്ളവരോടു പറയുക. ഇതു മൂലം ദൈവം ചില പ്രധാന കാര്യങ്ങൾ നിങ്ങളെ പഠിപ്പിച്ചു.

## വത്തിന്റെ ഡി.എൻ.എ (പാഠം 2)




ഈ പാഠത്തിൽ നിന്നും ദൈവത്തെക്കുറിച്ചു നാം എന്താണു പഠിക്കുന്നത്. യേശുവിനെക്കുറിച്ചും അവൻ എന്തിനു ഈ ഭൂമിയിലേക്കു വന്നുവെന്നും ജനങ്ങൾ അറിയണമെന്നു ദൈവമാഗ്രഹിക്കുന്നു.



# വിനോദത്തിന്റെ സമയം (പാഠം 2)

## ഗയിം (പാഠം 2)

ബലൂൺ കൊണ്ടുള്ള ഫുട്ബോൾ

കുട്ടികളെ രണ്ടു ടീമായി തിരിക്കുക. തറയിലോ കസേരയിലോ ഒരു മീറ്റർ അകലത്തിൽ രണ്ടു ടീമിലേയും ഓരോരുത്തരെയും ഒന്നിടവിട്ട് രണ്ടു ഭാഗത്തും ഗോൾപോസ്റ്റ് വരയ്ക്കുക. ക്യാപ്റ്റൻ ടോസ് ഇട്ടിട്ട്, കളി തുടങ്ങുവാൻ ബലൂൺ നടുവിൽ ഇടുന്നു. കളിക്കാരെല്ലാവരും അവിടെത്തന്നെ

ഇരിക്കണം. നിലത്തു കിടക്കുന്ന ബലൂൺ അടിച്ച് ഗോൾ ആക്കുകയാണ ലക്ഷ്യം. ഫുട്ബോളിലെന്നപോലെ ബലൂൺ തിരികെ അടിച്ച വരുമ്പോൾ ലീഡർ അത് മറ്റെ ടീമിന കളിക്കാനായി കൊടുക്കണം.

## ചർച്ച (പാഠം 2)

(മുതിർന്നവർക്ക് മാത്രം)

1. യേശുവിന്റെ മരണത്തെ തെറ്റിദ്ധരിപ്പിച്ചതുമൂലം ശിഷ്യന്മാർ പലയിടത്തും ഒളിച്ചു. മറ്റുള്ളവർ ദൈവവചനത്തെ തെറ്റിദ്ധരിപ്പിക്കുമ്പോൾ നിങ്ങൾ എന്തു ചെയ്യും? ബൈബിൾ മനസ്സിലാക്കിയെന്ന നിങ്ങൾക്കു എങ്ങനെ അറിയാം? ബൈബിൾ മനസ്സിലാക്കിത്തരുവാൻ നിങ്ങളുടെ അധികാരികളോടു ചോദിക്കുക. ഞാൻ മനസ്സിലാക്കിയിരിക്കുന്ന ഒരു വേദഭാഗം ബൈബിളിലെ മറ്റു വേദഭാഗവുമായി ഒത്തുപോകുന്നുവെന്നു ഉറപ്പുവരുത്തുക.

2. ദൈവം ചെയ്ത കാര്യങ്ങളെക്കുറിച്ച ജനങ്ങളോടു പറയരുതെന്ന പടയാളികളോട് നിർബന്ധിച്ചിരുന്നു. ദൈവത്തെക്കുറിച്ച മറ്റുള്ളവരോടു പറയുവാൻനിങ്ങൾക്കുള്ള തടസ്സമെന്താണെന്നാണ നിങ്ങൾക്കു തോന്നുന്നത്.





അധികം മതപരവും അല്ലെങ്കിൽ അധികം നല്ലവരുമാകരുതെന്നുമുള്ളതിന നിങ്ങളുടെമേലുള്ള സമ്മർദ്ധത്തെക്കുറിച്ച കുട്ടികൾ സംസാരിക്കട്ടെ. അവർ പൊതുവായുള്ള ഉത്തരങ്ങൾ ആവർത്തിക്കാതിരിക്കുമ്പോഴും കുട്ടികൾ സംഭാഷണത്തിലേർപ്പെടുമ്പോഴും മാത്രമാണ ഇത് സംഭവിക്കുന്നത്. സ്വാർത്ഥരാകുവാനും നമ്മെത്തന്നെ സന്തോഷിപ്പിക്കുവാനും നമ്മുടെ ഉള്ളിൽ സമ്മർദ്ധമുണ്ടാകുന്നതിനെക്കുറിച്ച സംസാരിക്കുക. ആരോഗ്യ ക്രമീകരണത്തിൽ പ്രയോജനമില്ലാത്ത പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കുന്നത് വളരെ നിസാരമാണ, എന്നാൽ അധികമായാൽ അത് അപകടമാണ. കുടുംബത്തിന്റെ സമ്മർദ്ധം തള്ളിക്കളയരുത്. യേശുവിനെക്കുറിച്ച സംസാരിക്കരുതെന്ന ബന്ധുജനങ്ങൾ പറഞ്ഞേക്കാം അല്ലെങ്കിൽ അവരുടെ മതപരമായ ചടങ്ങുകളിൽ പങ്കെടുക്കുവാൻ സമ്മർദ്ധമുണ്ടായേക്കാം. ഇതിൽ ഓരോന്നിലും ഒരു സന്തുലിതമുണ്ട്. നമുക്കു ചുറ്റുമുള്ളവരെ സ്നേഹിക്കുന്നതിന അവരോടുള്ള ബഹുമാനം കാണിക്കുന്നത് അനിവാര്യമാണ. എന്നാൽ, അതേ സമയം തന്നെ ദൈവത്തോടു വിശ്വസ്തരായിരിക്കുവാനും ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നു.


3. ശിഷ്യന്മാരോടുള്ള സന്ദേശമറിയിക്കുന്നതിന ദൈവം ഒരു സ്ത്രീയോട് ആശയവിനിമയം നടത്തി. ശിഷ്യന്മാർ അതു ശ്രദ്ധിച്ചില്ലായിരുന്നുവെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? മറ്റുള്ളവരിലൂടെ നമുക്കു ലഭിക്കുന്ന ദൈവീക സന്ദേശം നാം നഷ്ടമാക്കുന്നില്ലയെന്ന നമുക്കു എങ്ങനെ ഉറപ്പാക്കാം?

സഭയിലുള്ള ഒരു സ്ത്രീ എന്ന വിഷയത്തെ ആസ്പദമാക്കി കുട്ടികൾ വിവാദാസ്പദമായ ഒരു ചർച്ച നടത്തട്ടെ. സഭയിലെ ഒരു സ്ത്രീയുടെ സ്ഥാനത്തു നിന്ന അവർ അല്പ സമയം സംസാരിക്കട്ടെ; പിന്നീട്, എഫെസ്യർ 4, 1 കൊരിന്ത്യർ 12 വായിക്കുക. വ്യത്യസ്തമായ വരങ്ങൾ ദൈവം നല്കിയിട്ടുണ്ടെന്ന അവിടെ പ്രസ്താവിച്ചിരിക്കുന്നു. നാം ആർക്കെങ്കിലും ചെവികൊടുക്കാതിരിക്കുന്നുവെങ്കിൽ, അവരിലൂടെ ദൈവത്തിന നമ്മോടു പറയുവാനുള്ളതു അവസരം നാം നഷ്ടപ്പെടുത്തുകയാണ.

## വിദ്യാർത്ഥിയുടെ പേജിലെ ഉത്തരങ്ങൾ (പാഠം 2)



## ലൂക്കാസിന്റെ പരീക്ഷണം (പാഠം 2)

മറഞ്ഞിരിക്കുന്ന മൂന്നു കാര്യങ്ങൾ വിദ്യാർത്ഥികൾ പരിഗണിച്ചിട്ടുണ്ടോ? മറഞ്ഞു കിടക്കുന്ന ജനം കണ്ടു പിടിക്കാൻ കഴിയും, മറഞ്ഞു കിടക്കുന്ന ജനം കണ്ടുപിടിക്കാൻ കഴിയില്ല, മറഞ്ഞുകിടക്കുന്ന ജനം അത് അതില്ലന്നെ നഷ്ടപ്പെട്ടിരിക്കുന്നു. വിനോദപരമായ പ്രവർത്തനം എന്ന നിലയിൽ, നിങ്ങളുടെ ക്ലാസ്സ് മുറിയിൽ മറ്റുള്ളവർ കണ്ടുപിടിക്കുന്നതിന എന്തെങ്കിലും ഒളിച്ചുവെയ്ക്കുക.

https://www.facebook.com/childrenareimportant/videos/1291864664183247/

# --[കേസ് 3]--



## സൂചനകൾ (പാഠം 3)

### 1 സൂചന # 1 തലക്കെട്ട് (പാഠം 3)

കപ്പലിൽ നിന്നു കടലിൽ എറിയപ്പെട്ട മനുഷ്യന്റെ കേസ്

### 2 സൂചന # 2 നാടകം (പാഠം 3)

വ്യാഖ്യാതാവ്: കഥയൊരു കെട്ടുകഥയാണ്. എന്നാൽ നിരപരാധിയെ സംരക്ഷിക്കുന്നതിനു പേരും സ്ഥലവും മാറ്റിയിരിക്കുന്നു.

ക്യാപ്റ്റൻ (കപ്പിത്താൻ): എനിക്കൊരു വിവരം ബോധിപ്പിക്കുവാനുണ്ട്

തീരസേന: ശരി അസാധാരണമായ സംഭവങ്ങൾ ബോധിപ്പിക്കുന്നതിനു ഇവിടെ ഒരു രൂപരേഖയുണ്ട്. ഏതു തരത്തിലുള്ളതാണു നിങ്ങൾക്കു ആവശ്യം?



ക്യാപ്റ്റൻ: ഒരാൾ വെള്ളത്തിലെറിയപ്പെട്ടു.

തീരദേശ സേന: ശരി, അവനെ രക്ഷിക്കുവാൻ നിങ്ങൾക്കു കഴിയുമോ?

ക്യാപ്റ്റൻ: ഇല്ല സർ, ഞങ്ങൾക്കു കഴിഞ്ഞില്ല.

തീരദേശ സേന: കാലാവസ്ഥ എങ്ങനെയുണ്ടായിരുന്നു? ഭയങ്കരമായ കാറ്റിൽ നിങ്ങൾ അകപ്പെട്ടുവോ?

ക്യാപ്റ്റൻ: അതേ സർ, അത് ഞങ്ങളെ എല്ലാവരെയും മുക്കികളയേണ്ടതായിരുന്നു.

തീരദേശ സേന: ശരി, നിങ്ങളുടെ ചരക്കുകളും നിങ്ങൾക്കു നഷ്ടപ്പെട്ടോ? നിങ്ങളുടെ ചരക്കുകളും വ്യക്തിപരമായ സാധനങ്ങളും നഷ്ടപ്പെട്ടെങ്കിൽ ഈ പത്രിക നിങ്ങൾ പൂരിപ്പിച്ചു നല്കുക.

ക്യാപ്റ്റൻ: അയാളൊരു യാത്രികനായിരുന്നു.

തീരദേശ സേന: ശരി, നിങ്ങൾ ഒരു പ്രത്യേക പത്രിക കൂടി പൂരിപ്പിച്ചു നല്കണം, അങ്ങനെ ഞങ്ങൾക്കു മരണപ്പെട്ടവന്റെ കുടുംബത്തെ തിരിച്ചറിയുവാൻ സാധിക്കും. അയാൾക്ക് എന്തെങ്കിലും വ്യക്തിപരമായ സാധനങ്ങൾ ഉണ്ടോ?

ക്യാപ്റ്റൻ: സർ, അയാൾ മരിച്ചോ എന്ന് എനിക്കു ശരിക്കും ഉറപ്പില്ല.

തീരദേശ സേന: ശരി, ഭയങ്കരമായ കാറ്റിൽ നിങ്ങൾക്ക് അവനെ കടലിൽ നഷ്ടമായി, അങ്ങനെയല്ലേ?

ക്യാപ്റ്റൻ: അതേ, അത് കാറ്റിന്റെ അവസാനമായിരുന്നു.


തീരദേശ സേന: നിങ്ങൾ അവനവേണ്ടി തിരയുവാൻ മടങ്ങിപ്പോയോ?

ക്യാപ്റ്റൻ: അത്, ഞങ്ങൾ അയാളെ തിരയുന്നതിനു മുൻപ് അയാൾ അപ്രത്യക്ഷമായിരുന്നു.




## സൂചന # 3 വസ്തു (പാഠം 3)

സൂചനയെന്ന നിലയിൽ ഭൗതീക വസ്തു ക്ലാസ്സിൽ കൊണ്ടുവരിക: ചൂണ്ട.



## സൂചന # 4 പുരാവസ്തുശാസ്ത്രം (പാഠം 3)

150,000 ജനങ്ങളെക്കാളധികം വരുന്ന സംഖ്യയും ധാരാളം സ്ഥലവും മന്ദിരങ്ങളും വലിയ കോട്ടകളും ഗോപുരങ്ങളും ഉള്ള ഒരു വലിയ പട്ടണമായിരുന്നു നിനവേ. ആധുനികമായ ഈ പടം പഴയ നിനവേയുടെ ചില ഭാഗങ്ങൾ പണിയപ്പെട്ട മതിലിനെ കാണിക്കുന്നു.(രഹസ്യം: നിനവേയിലേക്കാണു ദൈവം യോനയെ അയച്ചത്).

## സൂചന # 5 ബൈബിൾ രംഗം (പാഠം 3)

രഹസ്യം: ഒരു ബോട്ടിൽ യാത്രക്കാർ നറുക്കിട്ടതുകൊണ്ട് നാശമുണ്ടായി, കൊടുങ്കാറ്റ് വരുത്തുന്ന മേഘം അപ്രത്യക്ഷമായതുകൊണ്ട് കൊടുങ്കാറ്റ് അപ്രത്യക്ഷമായി.

# വ്യവഹാരം പരിഹരിച്ചു വ്യവഹാരം പരിഹരിച്ചു

## വ്യവഹാരം പരിഹരിച്ചു! (പാഠം 3)

### ബൈബിൾ കഥ (പാഠം 3)



**യോനാ**

**ബൈബിളിൽ നിന്ന് :യോനാ 1**

ദൈവത്തിന്റെ ദൃഷ്ടിയിൽ നിനവേ ദുഷ്ടത പ്രവർത്തിക്കുകയായിരുന്നു. ദൈവം നിനവേക്കാർക്ക് മുന്നറിയിപ്പ് നല്കുവാൻ ദൈവം യോനായോടു പറഞ്ഞു. പാപം നിർത്തലാക്കുവാൻ ദൈവമാഗ്രഹിച്ചു. അനുസരിക്കുന്നതിനു പകരം ദൂരേക്കു ഓടിപ്പോകുവാൻ യോനാ തീരുമാനിച്ചു, വേറെ വഴിക്കു പോകുന്ന ഒരു കപ്പലിൽ കയറി. ഒരു കൊടുങ്കാറ്റ് രൂപപ്പെടുന്നത് കപ്പൽ ജോലിക്കാർ കണ്ടു എന്നാൽ യോനാ കപ്പലിന്റെ അടിത്തട്ടിൽ ഉറങ്ങുവാനായി പോയി, ചില മണിക്കൂറുകൾക്കു ശേഷം ക്യാപ്റ്റൻയോനായെ കണ്ടെത്തി, ഇത്ര ഭയാനകമായ കാറ്റും കോളും വരുമ്പോൾ തനിക്ക് എങ്ങനെ ഉറങ്ങുവാൻ കഴിയുമെന്ന് ആരാഞ്ഞു. കപ്പൽ മുങ്ങുവാൻ പോകുന്നുവെന്നു ജോലിക്കാർ മനസ്സിലാക്കി. എന്തുകൊണ്ടാണു ദൈവം ഇത്ര വലിയ കൊടുങ്കാറ്റ് അടിപ്പിച്ചതെന്ന് അറിവാൻ അവർ ആഗ്രഹിച്ചു. ആരാണു തെറ്റു ചെയ്തതെന്നറിയുവാൻ അവർ നറുക്കിട്ടു, നറുക്ക് യോനയ്ക്കു വീണു. എന്താണു സംഭവിച്ചതെന്നറിയുവാൻ അവർ ആഗ്രഹിച്ചു, അങ്ങനെ യോനാ തന്റെ പാപം ഏറ്റു പറഞ്ഞു, എന്നിട്ട് തന്നെ കടലിലേക്ക് ഇട്ടുകളയുവാൻ അവരോടു പറഞ്ഞു. ഇത്രയും നീചമായ ഒരു പ്രവർത്തി ചെയ്യുവാൻജോലിക്കാർ മടിച്ചു. അവർ കപ്പൽ കരയ്ക്കടുപ്പിക്കുവാൻ ശ്രമിച്ചു. അവർ യോനയെ കടലിലെറിയുവാൻ തീരുമാനിക്കുന്നതുവരെ കൊടുങ്കാറ്റ് ശക്തി പ്രാപിച്ചുകൊണ്ടിരുന്നു. യോന വെള്ളത്തിൽ മുട്ടിക്കഴിഞ്ഞപ്പോൾ കൊടുങ്കാറ്റ് നിന്നു, കപ്പൽ രക്ഷപെട്ടു. എന്നാൽ യോനാ കടൽ തീരത്തേക്കു

നീന്തിയപ്പോൾ ഒരു വലിയ മത്സ്യം വന്ന് അവനെ വിഴുങ്ങിക്കളഞ്ഞു. മൂന്നു രാത്രിയും മൂന്നു പകലും യോനാ മത്സ്യത്തിന്റെ വയറ്റിൽ കിടന്ന് തന്നെക്കൊണ്ടുചെയ്യാൻ പറ്റുന്ന പണി ചെയ്യുകയായിരുന്നു. അതു പ്രാർത്ഥനയാണ്. അവൻ ക്ഷമാപണത്തിനായി ദൈവത്തോടു പ്രാർത്ഥിച്ചു. മാനസാന്തരപ്പെട്ടു ദൈവം എന്തു പറയുന്നുവോ അതു ചെയ്യാമെന്നു ദൈവത്തൊടു പറഞ്ഞു. യോനായുടെ പ്രാർത്ഥന ദൈവം കേട്ടു, യോനായെ വലിയ മത്സ്യം ഉണങ്ങിയ നിലത്തു ഛർദ്ധിച്ചു.

## പ്രായോഗികം (പാഠം 3)

എന്റെ പാപം ഞാൻകാണുമ്പോൾ, ഞാൻ മാനസാന്തരപ്പെടുകയും അത് നിർത്തുകയും ചെയ്യുക.

## മന:പാഠ വാക്യം (പാഠം 3)

ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിന്നു മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ (അ.പ്ര. 3:19)

## അസൈൻമെൻറ് (പാഠം 3)

ഈ ആഴ്ച, നിങ്ങൾ പറഞ്ഞതോ ചെയ്തതോ ആയ, നിങ്ങൾക്കു നാണം തോന്നിക്കുന്ന, ഏതെങ്കിലും തെറ്റിലേക്ക് മനസ്സ് കൊണ്ടുവരികയും അതു പരസ്യമായി കാണുവാൻ ആഗ്രഹിക്കാതിരിക്കുകയും ചെയ്യുക. മനം തിരിയുക. ആദ്യമായി അതിനെക്കുറിച്ചു ചിന്തിക്കുവാനും അതു ഒന്നുകൂടി ചെയ്യുന്നതിനുമുൻപ് നിർത്തലാക്കുവാനും സഹായിക്കുന്നതിനു ദൈവത്തോടു ചോദിക്കുക.

## വത്തിന്റെ ഡി.എൻ.എ (പാഠം 3)




ഈ പാഠത്തിൽ നിന്നു ദൈവത്തെക്കുറിച്ചു എന്താണു പഠിക്കുന്നത്. നിസ്സാരവത്കരിക്കുന്ന ജീവിതത്തേക്കാൾ ജനത്തിൽ നിന്നു ദൈവം അനുസരണം ആഗ്രഹിക്കുന്നു.



# വിനോദത്തിന്റെ സമയം (പാഠം 3)

## ഗയിം (പാഠം 3)

മത്സ്യത്തിന്റെ വാലുകൾ

ഓരോ കുട്ടികൾക്കും ഒരു കാലുറ(സോക്സ്) നല്കുക, (ചണം, വള്ളി, പേപ്പർ, അല്ലെങ്കിൽ തുണി ഇവ എന്തെങ്കിലുമാകാം). അത് അവന്റെ/അവളുടെ പുറകവശത്തു തിരികി വയ്ക്കുക. ഈ കളി, തിരികിവച്ചിരിക്കുന്ന സ്വന്തം 'വാൽ' നഷ്ടപ്പെടാതെ മറ്റുള്ളവരുടെ 'വാൽ' എടുത്തുകളയുക. വാൽ നഷ്ടപ്പെടുന്ന കളിക്കാരൻ അവിടെ ഇരിക്കണം. എന്നാൽ വേറൊരു കളിക്കാരൻ അടുത്തുകൂടി പോകുമ്പോൾ അയാളുടെ വാൽ എടുത്തു തനിക്കു പിടിപ്പിച്ചു തനിക്കു വീണ്ടും കളിയിൽ തുടരാവുന്നതാണ്.

## ചർച്ച (പാഠം 3)

(മുതിർന്ന കുട്ടികൾക്കു മാത്രം).



1. ലൂക്കോസ് 11:30 യോനായെ യേശുവുമായി താരതമ്യപ്പെടുത്തുന്നു. യോനായുടെയും യേശുവിന്റെയും ഈ കഥയിൽ നിന്നും എത്ര സമാനതകൾ നിങ്ങൾക്കു കണ്ടുപിടിക്കുവാൻ കഴിയും?

അവരവരുടെ ആശയങ്ങളുമായി വരികയാണെങ്കിൽ ഈ പരിശീലനം വളരെ നല്ലതാണ്. യോനയുടെ പുസ്തകം വായിക്കുകയും മറ്റുള്ളവരിലേക്കു നയിക്കുന്ന ഉത്തരങ്ങൾ സ്വീകരിക്കുകയും ചെയ്യുക. സ്വീകരിക്കാവുന്ന ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു

. 3 ദിവസം കല്ലറയിൽ/മത്സ്യം

. ദൈവത്തിന്റെ വചനം കൊണ്ടുവന്നു

. നീണ്ട നടത്തം/യാത്ര

. കൊടുങ്കാറ്റിന്റെ സമയത്ത് ബോട്ടിന്റെ അടിയിൽ ഉറങ്ങി

. കാറ്റിനെ ശാന്തമാക്കി

. മാനസാന്തരത്തെക്കുറിച്ച് പ്രസംഗിച്ചു

. ഒരു നിർദ്ദോഷിയായ മനുഷ്യന്റെ മരണത്തിന്റെ ഉത്തരവാദിത്തത്തിൽ നിന്നും യഥാർത്ഥ പ്രതികൾ കൈ കഴുകി

. ദൈവത്തിന്റെ കാഴ്ചയിൽ നിന്നു മറഞ്ഞു.

. ഉണങ്ങിയ മുന്തിരിവള്ളി/പട്ടണത്തിന്റെ വെളിയിലുള്ള ചെടി

2 നിർദ്ദേശങ്ങൾ അവഗണിക്കുകയും അവയെ അനുസരിക്കാതിരിക്കുകയും തമ്മിലുള്ള വ്യത്യാസമെന്ത്?

ഒരു വശത്ത് അവർ ഒരുപോലെയാണു കാരണം അവർ രണ്ടു കൂട്ടരും ഒരേ ഫലമാണു തരുന്നതു.മറിച്ച്, എന്നോട് പറഞ്ഞത് ഞാൻ ചെയ്തില്ല. എന്നാൽ ദൈവം നമ്മുടെ ഹൃദയങ്ങളേയും ഉദ്ദേശ്യത്തേയും നോക്കുന്നുവെന്നുബൈബിളിൽ നിന്നും വ്യക്തമാണു. എന്നാൽ നമ്മുടെ പ്രവർത്തനങ്ങൾക്ക് നാം ഉത്തരവാദിയല്ല കാരണം ഞാൻ അതല്ല ഉദ്ദേശിച്ചത് എന്നു പറഞ്ഞുകൊണ്ടു ചില നേരത്ത് നമ്മുടെ സ്വഭാവത്തിനു നാം ഒഴിവുകഴിവു നല്കാറുണ്ട്.


ഈ വിഷയം കൂടുതൽ ചർച്ച ചെയ്യുവാൻ നിങ്ങളുടെ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.


3. ക്ഷമിക്കുവാൻ കഴിയാത്ത എന്തു തെറ്റായ കാര്യമാണു ഉള്ളത്?

നിങ്ങളുടെ കുട്ടികളുടെ വ്യത്യസ്തമായ തെറ്റായ കാര്യങ്ങൾ ചർച്ച ചെയ്യുക. ഉദാഹരണമായി നുണപറയുക, മോഷ്ടിക്കുക തുടങ്ങി നന്നായി പെരുമാറുവാൻ കഴിയാതെ ഒരു വ്യക്തിയിൽ പ്രകടമായിരിക്കുന്ന മറ്റു പാപങ്ങൾ. കുട്ടികൾക്കു മയക്കു മരുന്നു വില്ക്കുന്നവരെക്കുറിച്ച് എന്തു പറയുന്നു( നിനവേക്കാരോടു ദൈവം ക്ഷമിക്കണമെന്നു യോനാ ആഗ്രഹിച്ചില്ല, എന്നാൽ ദൈവം ദയാലുവും എല്ലാവരോടും ക്ഷമിക്കുന്നവനുമാണു.

## വിദ്യാർത്ഥിയുടെ പേജിലെ ഉത്തരങ്ങൾ (പാഠം 3)





## ലൂക്കാസിന്റെ പരീക്ഷണം (പാഠം 3)

കുട്ടികൾ മാർഷമലോ മുറിച്ച് ഒരു ദ്വീപുണ്ടാക്കുകയും ടൂത്ത്പിക് കൊണ്ട് മരമുണ്ടാക്കി നടുകയും അത് ഒരു പാത്രത്തിലെ വെള്ളത്തിൽ ഇടുകയും ചെയ്യുക (പാത്രത്തിലെ വെള്ളം സമുദ്രത്തെ സൂചിപ്പിക്കുന്നു). മാർഷ് മെലോയുടെ മേൽ ഒരു വൃത്തിയായ ഗ്ലാസ് കമിഴ്ത്തി അതു വെള്ളത്തിൽ മുക്കുക. വിനോദത്തിനായി, ദ്വീപിൽ നിന്നു കാണുന്ന ഒരു വ്യക്തിയെയും മത്സ്യത്തെയും മറ്റും പിടിക്കുവാൻ കഴിയും.

https://www.facebook.com/childrenareimportant/videos/1291904010845979/

# -- [കേസ് 4] --

## സൂചനകൾ (പാഠം 4)

### 1 സൂചന # 1 തലക്കെട്ട് (പാഠം 4)

അജ്ഞാതനായ സഹായിയുടെ കേസ്.

### 2 സൂചന # 2 നാടകം (പാഠം 4)

വ്യാഖ്യാതാവ്: കഥ കെട്ടുകഥയാണ. എന്നാൽ നിയമപരമായി സംരക്ഷിക്കുന്നതിന പേരും സ്ഥലവും മാറ്റിയിരിക്കുന്നു.

പോലിസ്: ക്ഷമിക്കണം സർ, എന്റെ പങ്കാളി നിങ്ങളോടുള്ള ചില ചോദ്യങ്ങൾ ചോദിക്കുവാൻ ആഗ്രഹിക്കുന്നു.

കാൽനടക്കാരൻ: തീർചയായും ഓഫീസർ, അത് എന്തിനെക്കുറിച്ചാണ

പോലീസ്: കഴിഞ്ഞ രാത്രിയിൽ, ഇവിടെ റോഡിൽ ഇടിച്ചിട്ടിട്ട് ഓടിപ്പോയ ഒരു സംഭവം നടന്നിട്ടുണ്ട്.

കാൽനടക്കാരൻ: ഓ, നിങ്ങൾക്കറിയാമോ, അതുകൊണ്ടാണ ഞാൻ ഒറ്റയ്ക്ക് ഒരിക്കലും ആ റോഡിലൂടെ പോകാത്തത്. നിങ്ങൾ ഓഫീസർമാർക്ക് വളരെ ചെറിയ മേഖലയാണുള്ളത് എന്നാൽ ഈ റോഡു മുഴുവനും പിടിച്ചു പറിക്കാരെക്കൊണ്ടു നിറഞ്ഞിരിക്കുന്നു.

പോലീസ്: (അയാളെ നോക്കിക്കൊണ്ട്) പിടിച്ചുപറിക്കാരെക്കുറിച്ചു ഞാനൊന്നും പറഞ്ഞില്ല,നിങ്ങളോ?

പോലീസ്2: ഇല്ല, ഞാനും പറഞ്ഞില്ല.

പോലീസ്: അവർ പിടിച്ചുപറിക്കാരാണെന്നു നിങ്ങൾക്ക് എങ്ങനെ അറിയാം? കഴിഞ്ഞ രാത്രിയിൽ നിങ്ങൾ എവിടെയായിരുന്നുവെന്നു നിങ്ങൾ പറയാമോ?

കാൽനടക്കാരൻ: ദീർഘശ്വാസം വിട്ടുകൊണ്ട്, കഴിഞ്ഞ രാത്രിയിൽ അടുത്തുള്ള പട്ടണത്തിൽ എന്റെ കുടുംബത്തെ കാണാൻ പോയിരുന്നു. രാത്രിയിൽ തന്നെ നടന്നു പോരുന്നു കാരണം എനിക്കു പ്രഭാതത്തിൽ ജോലിക്കു പോകണമായിരുന്നു.

പോലീസ്: ഓ, കഴിഞ്ഞ രാത്രിയിൽ നിങ്ങൾ ഈ റോഡിലുണ്ടായിരുന്നു. അല്ലേ

കാൽനടക്കാരൻ: അതേ സർ,

പോലീസ്: 180സെൻറീമീറ്റർ പൊക്കമുള്ള ഒരു മനുഷ്യനെ നിങ്ങൾ കണ്ടുവോ. ഇടത്തരം ശരീര പ്രകൃതി, നോട്ടത്തിൽ നീചനും നികൃഷ്ടനുമായ ഒരുവൻ അടിച്ചു റോഡരികിൽ തള്ളി.

കാൽനടക്കാരൻ: ഇല്ല, ഒരു പക്ഷേ ഞാൻ കണ്ടുകാണും, എന്നാൽ യഥാർത്ഥത്തിൽ ഞാൻശരിക്കും തെളിവായി അവനെ കണ്ടില്ല.

പോലീസ് 2: (ഒരു ബുക്കെടുത്ത് അതിൽ എഴുതുന്നു)

പോലീസ്: നിങ്ങൾ അവനെ കണ്ടില്ല എന്നോ അതോ കാണേണ്ട ആവശ്യമില്ലെന്നോ.

കാൽനടക്കാരൻ: നോക്കു, എനിക്ക് തയ്യാറാകണം, എനിക്കിതിൽ ഉൾപ്പെടുവാൻ താത്പര്യമില്ല, ഞാൻ ജോലിക്കു വേണ്ടിയുള്ള വിളിക്കായി കാത്തിരിക്കുകയാണ. അവർ എന്നെ സേവനത്തിനായി വിളിക്കുകയാണെങ്കിൽ എന്തു ചെയ്യണം? അവർ എന്നെ വീണ്ടും വിലിക്കുന്നതിനു മുൻപ് എത്ര സമയമെടുക്കുമെന്ന് ആർക്കറിയാം.

പോലീസ് 2: ഹ ഹ ഹ അയാൾക്ക് സഹായിക്കുവാൻ കഴിയില്ല, കാരണം അയാൾ സേവനത്തിനായി വിളിക്കപ്പെട്ടേക്കാം, ഹ ഹ അത് രസകരമാണു. അതുകൊണ്ട് വിളിക്കപ്പെട്ടിരിക്കുകയാണോ.

കാൽനടക്കാരൻ: സാരമില്ല, അത് പ്രധാനപ്പെട്ട കാര്യമല്ല.

പോലീസ്: എന്റെ ചോദ്യങ്ങൾ ഇത്രേയുള്ളൂ സഹായം ആവശ്യമെങ്കിൽ എനിക്കു വിളിക്കാമോ?

കാൽനടക്കാരൻ: ഏതു സമയത്തും, ഞാൻ സഹായിക്കുവാൻ ഒരുക്കമാണു.


പോലീസ് 2: (വിശ്വസിക്കാനാകാതെ കാൽനടക്കാരനെ നോക്കുന്നു).




## സൂചന # 3 വസ്തു (പാഠം 4)

സൂചനയെന്ന നിലയിൽ ഭൗതീക വസ്തു ക്ലാസ്സുമുറിയിൽ കൊണ്ടുവരിക: ബാൻഡ് എയ്ഡ്.

## സൂചന #4 പുരാവസ്തു ശാസ്ത്രം (പാഠം 4)



ഇന്ന് ലാക്ഷണികമായ ഒരു ആശുപത്രിയുടെ അത്യാഹിത വിഭാഗത്തിന്റെ വാതിലിൽ എത്തുന്നു.

രഹസ്യം: സഹായത്തിനായി നല്ല ശമര്യാക്കാരൻ മുറിവേറ്റവനെ അയച്ചതാണിവിടെ).

## സൂചന # 5 ബൈബിൾ രംഗം (പാഠം 4)

രഹസ്യം: ഒഴിഞ്ഞ ബാഗും നാണയങ്ങളും എറിഞ്ഞു കളഞ്ഞു, കാരണം അയാൾ കൊള്ള ചെയ്യപ്പെട്ടു. റോഡിന്റെ മറുവശത്ത് 2 ജോഡി കാല്പാദങ്ങൾ കാണുന്നു. അത് പുരോഹിതന്റെയും പരീശന്റെയുമാണു. മുറിവേറ്റു അടികൊണ്ടു കിടന്ന മനുഷ്യന്റെ അടയാളവും കാണാം.

# വ്യവഹാരം പരിഹരിച്ചു വ്യവഹാരം പരിഹരിച്ചു

## വ്യവഹാരം പരിഹരിച്ചു (പാഠം 4)

### ബൈബിൾ കഥ (പാഠം 4)

**നല്ല ശമര്യക്കാരൻ**

**ബൈബിളിൽ നിന്നും ലൂക്കോസ്:10:25-37**

ന്യായപ്രമാണത്തിൽ അറിവുണ്ടായിരുന്ന ഒരു ന്യായശാസ്ത്രി യേശുവിനെ പരീക്ഷിക്കുന്നതിനു ഒരു ചോദ്യം ചോദിച്ചു "നിത്യജീവൻ അവകാശമാക്കേണ്ടതിനു ഞാൻ എന്തു ചെയ്യണം". ഏറ്റവും മഹത്തായ കല്പനകൊണ്ട് യേശു അവനോട് ഉത്തരം പറഞ്ഞു. നിന്റെ ദൈവമായ യഹോവയെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കുക. നിന്റെ അയല്ക്കാരനെ നിന്നേപ്പോലെ സ്നേഹിക്ക് തന്നെത്താൻ നീതീകരിക്കുവാൻ ഇച്ഛിച്ചിട്ട് തിരിച്ചു ചോദിച്ചു, ആരാണു എന്റെ അയല്ക്കാരൻ? കുറച്ചാളുകളുടെ ഒരു പട്ടികകൊടുക്കുന്നതിനു പകരമായി, യേശു അവനോട് ഒരു കഥ പറഞ്ഞു. യെരുശലേമിൽ നിന്നു യെരിഹോവിലേക്കു യാത്ര

ചെയ്യുകയായിരുന്ന ഒരു മനുഷ്യനെ കള്ളന്മാർ ആക്രമിച്ചു, അയാൾ അർദ്ധപ്രാണനാകുന്നതുവരെ അടിച്ചു. തന്റെ വസ്ത്രവും എടുത്തു. ചോരയൊലിച്ചു, മുറിവേറ്റ് നടക്കുവാൻ കഴിയാതെ പൊടിയിൽ കിടക്കുന്ന അയാൾ ഒരു പുരോഹിതൻ നടന്നു വരുന്നതു കണ്ടു. അയാളെ സഹായിക്കുന്നതിനു പകരം റോഡിന്റെ മറുവശത്തുകൂടി പുരോഹിതൻ നടന്നു പോയി. അധികം താമസിയാതെ ദൈവഭയമുള്ള കുടുംബത്തിലെ(ലേവ്യൻ) ഒരു നല്ല മനുഷ്യൻ ആ വഴി വന്നു. അവർ തമ്മിൽ നോക്കി കണ്ണുടക്കിയപ്പോൾ റോഡു മുറിച്ചു കടന്നു പോയി അയാളുടെ അരികത്തുപോലും വന്നില്ല. പിന്നീട്, സഭയിൽ പ്രവേശനമില്ലാത്തവനും തെറ്റായ രീതിയിൽ ദൈവത്തെ ആരാധിക്കുന്നവനുമായ വൃത്തിഹീനനായ ഒരു വിദേശി അവനെ കണ്ടു അലിവു തോന്നി. ഈ വിദേശി അവനെ എടുത്ത് ഒരു സത്രത്തിലാക്കി അവനു വേണ്ടതെല്ലാം ചെയ്തു. ഹോട്ടൽ ചിലവും അവനെ പരിചരിക്കാനുള്ളതും കൂടി കൊടുത്തു.

"കള്ളന്മാരുടെ കൈയ്യിലകപ്പെട്ട ഈ മനുഷ്യനു ഈ മൂന്നു പേരിൽ ആരായിരിക്കും നല്ല അയൽക്കാരൻ" ന്യായശാസ്ത്രി അതിനു ഉത്തരം പറഞ്ഞത്, "അവനോടു ദയ കാണിച്ചവൻ തന്നേ", യേശു അവനോടു പറഞ്ഞു, "പോയി അതുപോലെ ചെയ്യുക".

## പ്രയോഗം (പാഠം 4)

നല്ല ശമര്യാക്കാരനെപ്പോലെ ഞാനും എല്ലാവരോടും ദയയുള്ളവനാകണം.

## മന:പാഠം വാക്യം (പാഠം 4)

നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്കു എന്തു പ്രതിഫലം? ചുങ്കക്കാരും അങ്ങനെ തന്നേ ചെയ്യുന്നില്ലയോ (മത്തായി 5:46).

## അസൈമെൻറ് (പാഠം 4)

നിങ്ങളുടെ കൂട്ടുകാരനല്ലാത്ത ഒരുവനെ കണ്ടെത്തി, അവനുമായി സൗഹൃദം സ്ഥാപിക്കുക. സ്കൂൾ കഴിഞ്ഞതിനു ശേഷം കളിക്കുന്നതിനു അവനെ ക്ഷണിക്കുക അല്ലെങ്കിൽ പ്രാതൽ കഴിക്കുവാൻഅവനേക്കൂടി വിളിച്ച് നിങ്ങളുടെ അടുത്തു ഇരുത്തുക.

## ദൈവത്തിന്റെ ഡി.എൻ.എ (പാഠം 4)




ഈ പാഠത്തിൽ നിന്നും ദൈവത്തെക്കുറിച്ചു നിങ്ങൾ എന്താണു പഠിച്ചത്? നാം മറ്റുള്ളവരെ സഹായിക്കണമെന്നു ദൈവമാഗ്രഹിക്കുന്നു.



# വിനോദത്തിനുള്ള സമയം (പാഠം 4)

## ഗയിം (പാഠം 4)

ഇഷ്ടതോഴൻ

ഈ ഗയിമിനു 6 പേർ അനിവാര്യമാണു (അതിൽ അധികമുണ്ടെങ്കിൽ നല്ലത്). ആരംഭിക്കുന്നതിനു ഒരാൾ നില്ക്കുകയും മറ്റെയാൾ ഓടുകയും ചെയ്യുന്നു. മറ്റുള്ള എല്ലാവരും അവരുടെ ഇഷ്ടതോഴനെ കണ്ടെത്തുക, കൈകൾ കൂട്ടിപ്പിടിച്ചിട്ട്, പിന്നീട് കളിക്കളത്തിൽ ചിതറിയോടുന്നു. പിന്നീട് നില്ക്കുന്നയാൾ ഓടുന്നയാളെ പിന്തുടരുന്നു. അയാൾ പിടിക്കുന്നതിനു മുൻപ് ഓടുന്നയാൾ മറ്റുള്ള ആരുടെയെങ്കിലും കരം പിടിച്ച് ബന്ധിപ്പിക്കേണ്ടതാണ്. ജോഡിയില്ലാതെ നില്ക്കുന്നയാളെയാണു ഒരാൾ പിന്തുടരുന്നത്. ഓടുന്നയാൾക്ക് മറ്റുള്ള ആരുമായും കൈകോർത്ത് ജോഡിയാകുവാൻ സാധിക്കാതെ പിടിക്കപ്പെട്ടാൽ അയാൾ നില്ക്കുകയും മറ്റെയാൾ ഓടുകയും ചെയ്യും. പ്രീസ്കൂളിനുവേണ്ടി തിരഞ്ഞെടുക്കുക: ഫ്രണ്ട്ഷിപ് വെബ്.

കുട്ടികൾ തറയിൽ ഒരു വൃത്താകൃതിയിൽ ഇരിക്കുന്നു. ഒരു കുട്ടിയുടെ നേരെ ഒരു ചണം കൊണ്ടുള്ള പന്ത് എറിഞ്ഞിട്ട് ചോദിക്കുക. "ഞാൻ സന്തോഷിക്കുന്നു എപ്പോൾ? കുട്ടി ഉത്തരം പറയുമ്പോൾ ചണം കൊണ്ടുള്ള പന്ത് കുട്ടിക്കു കൊടുക്കുക. കളിയുടെ അവസാനം വരെ മുറുകെ പിടിക്കുന്നുവെന്നു ഉറപ്പു വരുത്തുക. പിന്നീട് നേരെ എതിരെയുള്ള കുട്ടിയോട് ഈ ചോദ്യമാവർത്തിക്കുന്നു "ഞാൻ സന്തോഷിക്കുന്നു എപ്പോൾ? പന്ത് കുട്ടിക്ക് എറിഞ്ഞു കൊടുക്കുക, എല്ലാ കുട്ടികളും ഉത്തരം പറയുന്നതുവരെ ഇത് ആവർത്തിക്കുക. കുട്ടികൾക്കു താത്പര്യമാണെങ്കിൽ ചോദ്യം മാറ്റി "ഇത് എന്നെ സങ്കടപ്പെടുത്തുന്നു എപ്പോൾ? കളി തുടരാവുന്നതാണു. പന്ത് എറിഞ്ഞുകൊടുക്കാവുന്നതുമാണു. ഇങ്ങനെ ചെയ്തിട്ട് എല്ലാവരും എഴുന്നേറ്റു നില്ക്കുക, അപ്പോൾ നിങ്ങളുടെ കൈയ്യിലുള്ള ചരട് മുറുകെ പിടിച്ചിരിക്കുമ്പോൾ നിങ്ങൾക്ക് ഒരു ചെറിയ ഫെലോഷിപ്പ് വെബ് ഉണ്ടാകുന്നു. ഇപ്പോൾ നിങ്ങൾ ഒരു ഫെലോഷിപ് വെബിലാണു.

## ചർച്ച (പാഠം 4)

(മുതിർന്ന കുട്ടികൾക്കു മാത്രം)

1.നിങ്ങളുടെ സ്കൂളിലെ പുതിയ വിദ്യാർത്ഥിക്കും ഒരു യാചകനും ഇളയ സഹോദരനും നിങ്ങളെ അലോസരപ്പെടുത്തുന്ന സഹോദരിയ്ക്കും നിങ്ങൾക്കൊരു നല്ല അയല്ക്കാരനാകാൻ എങ്ങനെ കഴിയും?

മറ്റുള്ളവരെ സഹായിക്കുവാൻ കഴിയുന്ന വഴികളെക്കുറിച്ച് കുട്ടികളോട് സംസാരിക്കുക.അവർക്കു വേണ്ടായെങ്കിൽപോലും അല്ലെങ്കിൽ പരസ്യമായി ഒരു കുട്ടിയെ സഹായിക്കുമ്പോൾ എടുക്കുന്ന നഷ്ടം എന്തായിരുന്നാലും, എത്ര കഠിനമായിരുന്നാലും നമ്മുടെ സഹോദരനെ/സഹോദരിയെ സഹായിക്കുകയും ആവശ്യകതയെക്കുറിച്ച് സംസാരിക്കുക.




2. ഒരു പ്രമുഖ വ്യക്തി അടുത്തിടെ തന്നെത്താൻ നീതീകരിച്ചതെങ്ങനെയെന്ന ഒരു ഉദാഹരണം പറയുക. ഏതു രീതിയിലാണ് ആ സാഹചര്യത്തിൽ അവർ പെരുമാറിയത്; അവർ ദൈവത്തെയും അയല്ക്കാരനെയും സ്നേഹിക്കുവാൻ ശ്രമിക്കുകയായിരുന്നോ?


രാഷ്ട്രീയ നേതാക്കൾ, സംഗീതജ്ഞർ, കായികാഭ്യാസി, നടിക്കുന്നവർ മുതലായവർ തെറ്റായ പ്രവണതകൾക്ക് വാർത്തയാവാറുണ്ട്. കുട്ടികൾക്ക് ഏറ്റവും സുപരിചിതനായ ഒരു വ്യക്തിയെ എടുക്കുക. പിന്നീട് അവർ ചെയ്തതിനെക്കുറിച്ച് സംസാരിക്കുക. കുട്ടികൾ രണ്ടു പക്ഷവും സംസാരിക്കുകയാണെങ്കിൽ, ദൈവ സ്നേഹം പ്രകടിപ്പിക്കുന്നതിനു അവർ എന്തുചെയ്യണമായിരുന്നു എന്നതിലേക്കു സംഭാഷണം തിരിച്ചു വിടുക. എന്നാൽ ആദ്യത്തെ നല്ല ഉത്തരം കേൾക്കുമ്പോൾ നിർത്തരുത്, തുടർന്നും സംസാരിക്കുക.

3. അടുത്തകാലത്ത് ഒരാൾ ഒരു നിയമം അനുസരിക്കുവാൻ ശ്രമിച്ച ഒരു സാഹചര്യം, എന്നാൽ അടിസ്ഥന പരമായ അധികം നിയമം അല്ലെങ്കിൽ പ്രമാണം തെറ്റിച്ച് അവഗണിക്കപ്പെട്ടത്, വിവരിക്കുക.

സ്കൂളിലെ നിയമങ്ങൾ, പോലീസ് സേനയിലെ ചട്ടങ്ങൾ സഭയിലെ നിയമങ്ങൾ അല്ലെങ്കിൽ നിയമങ്ങളും ചട്ടങ്ങളും ഒരു അർത്ഥം കല്പ്പിക്കാത്ത നിരവധി സ്ഥലങ്ങൾ ഇവയെക്കുറിച്ച് നിങ്ങള്ക്കു സംസാരിക്കാവുന്നതാണ്.ഉദാഹരണം: സ്കൂളിന്റെ ഹാളിൽ ഓടിക്കളിച്ചുകൊണ്ട് ഉണ്ടായ പ്രശ്നം. നിങ്ങൾ അതു ചെയ്യുമ്പോൾ നിങ്ങൾ ക്ലാസ്സിൽ താമസിച്ചാണു കയറിയത്. അല്ലെങ്കിൽ നിങ്ങൾ ഒരു പെൻസിൽ ഒരാളുടെ കൈയ്യിൽ നിന്നു വാങ്ങുന്നതിനു സംസാരിച്ചതിനുണ്ടായ പ്രശ്നം, അല്ലെങ്കിൽ ക്ലാസ്സ് നടക്കുമ്പോൾ നിങ്ങളുടെ സ്വെറ്റർ ഊരിക്കളഞ്ഞ് വേലിക്കെട്ട് ചാടിക്കുന്നത്, വീട്ടിൽ ചെന്നപ്പോൾ സ്വെറ്ററിനെച്ചൊല്ലി പ്രശ്നമായത്.

## വിദ്യാർത്ഥിയുടെ പേജിലെ ഉത്തരങ്ങൾ (പാഠം 4)










## ലൂക്കാസിന്റെ പരീക്ഷണം (പാഠം 4)

ഇതു നമ്മുടെ കാഴ്ചപ്പാടിനെയും കാര്യങ്ങളെയും നോക്കിക്കാണുന്നതിൽ കാഴ്ചപ്പാട് മാറ്റുന്നതെങ്ങനെയെന്നതിനെയും സഹായിക്കുന്നു. താഴെകൊടുത്തിരിക്കുന്ന രണ്ടു രേഖകൾ കാണുക. അതിൽ എങ്ങനെ നീളം കൂടിയതായി കാണുന്നു. രണ്ടാമത്തെ ആശയം, കോണോടു കോണായ രണ്ടു രേഖകൾ എങ്ങനെ തിരശ്ചീനമായിരിക്കുന്നു. എന്നാൽ അവ അങ്ങനെ കാണപ്പെടുന്നില്ല. മൂന്നാമത്തെ ഉദാഹരണം ഒരു ബിന്ദു ഇടയ്ക്കുള്ള കുട്ടിയും എലിയുമാണ്. ഈ ബിന്ദുവിൽ നമ്മുടെ മൂക്ക് അമർത്തുകയാണെങ്കിൽ എലി കുട്ടിയുടെ അടുത്തേക്കു വരുന്നതായി തോന്നും. വീഡിയോയിൽ കാണിച്ചിരിക്കുന്ന മൂന്നു ഉദാഹരണങ്ങളും നിങ്ങളുടെ കുട്ടികൾ ചെയ്യട്ടെ. യൂ ട്യൂബിലൂടെ കാണുക

https://www.facebook.com/childrenareimportant/videos/1291919184177795/







# --[ കേസ് 5 ] --



## സൂചനകൾ (പാഠം 5)

### സൂചന # 1 തലക്കെട്ട് (പാഠം 5)

ആരാച്ചാരുടെ കുരുക്കിന്റെ കേസ്

### സൂചന # 2 നാടകം (പാഠം 5)

വ്യാഖ്യാതാവ്: ഇതൊരു കെട്ടുകഥയാണ് എന്നാൽ സുരക്ഷയെക്കരുതി ചില പേരും സ്ഥലവും മാറ്റിയിട്ടുണ്ട്.

പോലീസ്: ക്ഷമിക്കണം, മാഡം

മാഡം: ശരി, ഓഫീസർ



പോലീസ്: എനിക്കു ചില ചോദ്യങ്ങൾ നിങ്ങളോടു ചോദിക്കുവാനുണ്ട്.

മാഡം: നിങ്ങളെപ്പോലെയുള്ള സുന്ദരനായ ഓഫീസർക്ക് എന്തും ചോദിക്കാം.

പോലീസ്: അതെ, നല്ലത്, രണ്ടാമത്തെ അറിയിപ്പിനുമുൻപ് രാത്രിയിൽ കുഴപ്പങ്ങൾ എന്തെങ്കിലും കണ്ടെങ്കിൽ എന്നു ഞാൻ അതിശയിക്കുന്നു.

മാഡം: നല്ലത്, ഇത് ഒരു തരം മനസ്സിലാക്കാനാവാത്തതാണ്, നോക്ക് അയാളുടെ മുൻവശത്തെ മുറ്റത്ത് ഈ ആഴ്ച മുഴുവനും പണിക്കാർ പണിയുന്നുണ്ടായിരുന്നു.

പോലീസ്: തുടർന്നു പറയൂ (നോട്ട് ബുക്ക് എടുത്ത് എഴുതി വയ്ക്കുന്നു).

മാഡം: നോക്ക്, എനിക്കറിയാം ഇതൊരു ആത്മഹത്യയാണെന്നു തോന്നുന്നു. എന്നാൽ നിങ്ങൾ എന്നോടു ചോദിക്കുന്നു ഇതൊരു വിചിത്രമാണെന്ന്. ഈ മുഴുവൻ കാര്യങ്ങളെ സംബന്ധിച്ച് ചിലതു ശരിയല്ല.

പോലീസ്: അതുകൊണ്ട്, ഇതൊരു ആത്മഹത്യയെന്നു നിങ്ങൾ ചിന്തിച്ചിരുന്നില്ലേ?

മാഡം: നല്ലത്. ഇത് പ്രാകൃതമാണെന്നു ഞാൻ ചിന്തിക്കുന്നു. ഇത്തരമൊരു പൈശാചികനായ മനുഷ്യൻ, അത് എന്റെ പ്രശ്നമാണെന്നു ഞാൻ ചിന്തിക്കുന്നില്ല, എന്നാൽ ഞാൻ ചിന്തിക്കുന്നു, അയാൾ മറ്റൊരാൾക്കു വേണ്ടി ചതിയൊരുക്കുകയായിരുന്നു. എന്നാൽ പിന്നീട് അടുത്തദിവസം അയാളെക്കുറിച്ചു പട്ടണം മുഴുവനും എത്ര മഹാനെന്നു വിളമ്പരം ചെയ്യുന്നതാണ്....പിന്നീട് എന്റെ അയല്ക്കാരൻ ആ തൂക്കുമരത്തിൽ തൂക്കപ്പെട്ടുന്നതാണ് ഞാൻ കാണുന്നത്.

## സൂചന # 3 വസ്തു (പാഠം 5)




സൂചനയെന്ന നിലയിൽ ഈ വസ്തു ക്ലാസ്സിൽ കൊണ്ടുവരുക:
കളർപേപ്പറുകളുടെ കഷണങ്ങൾ.

## സൂചന #4 പുരാവസ്തു ശാസ്ത്രം (പാഠം 5)

അഹശ്വേരശ് രാജാവിന്റെ കല്ലറയുടെ ചിത്രം.(486-465 ). ഈ ശവകടീരം ഇറാഖിലാണ. ചരിത്രപരമായ ഈ സ്ഥലം നക്ഷ് എ റുസ്തം എന്ന വിളിക്കപ്പെടുന്നു. പ്രമുഖരായ പേർഷ്യൻ രാജാക്കന്മാരുടെ കല്ലറകൾക്കൊപ്പമാണ ഇത് സ്ഥിതി ചെയ്യുന്നത്. (അഹശ്വേരേശ് എന്ന രാജാവിനെ എസ്ഥേറിന്റെ പുസ്തകത്തിൽ കാണുന്നു.)



## സൂചന # 5 ബൈബിൾ രംഗം (പാഠം 5)

രഹസ്യം:രാജാവിന്റെ മുദ്രയും ഒരു വശത്ത് മുദ്രമോതിരത്തിന്റെ മുദ്രയുമുള്ള രാജശാസനം (എസ്ഥേർ 3:12, 8:8)

# വ്യവഹാരം പരിഹരിച്ച വ്യവഹാരം പരിഹരിച്ച

## വ്യവഹാരം പരിഹരിച്ച(പാഠം 5) !

### ബൈബിൾ കഥ (പാഠം 5)



**എസ്ഥേർ**

**ബൈബിളിൽ നിന്നു എസ്ഥേർ 2-7**

യെഹൂദാ രാജാവായിരുന്ന അഹശ്വേരേശിന്റെ വിശ്വസ്ത സേവകനും രാജാവിനുവേണ്ടി സുന്ദരിയായ ഭാര്യയെ അന്വേഷിക്കുന്നവനുമായ മോർദ്ദേഖായിയുടെ സുന്ദരിയായ സഹോദരിയായിരുന്നു എസ്ഥേർ. രാജാവിനെ കാണുന്നതിനു മുമ്പ് 12 മാസം സുന്ദരിയാകുവാനുള്ള ചികിത്സ ചെയ്യുവാൻ മോർദ്ദേഖായി എസ്ഥേറിനോടു പറഞ്ഞു. അവൾ അതീവ സുന്ദരിയായിരുന്നു, രാജാവ് അവളെ കണ്ടയുടനെ അവളെ പ്രണയിക്കുകയും പെട്ടെന്നു വിവാഹം കഴിക്കുകയും ചെയ്തു. അഹശ്വേരേശിന്റെ രാജധാനിയിലെ ഒരു മുതിർന്ന ഉദ്യോഗസ്ഥനായിരുന്നു ഹാമാൻ. അവൻ യെഹൂദന്മാരെ വെറുക്കുകയും കൊട്ടാരത്തിന്റെ കവാടത്തിലിരുന്ന് തന്നെത്താൻ പുകഴ്ത്തുന്നതു പതിവായിരുന്നു, അങ്ങനെ എല്ലാവരും അവന്റെ മുമ്പിൽ വണങ്ങും. മോർദ്ദേഖായി ഒഴികെ എല്ലാവരും അവനെ വണങ്ങി, അവൻ സത്യ ദൈവത്തെ മാത്രമേ വണങ്ങിയിരുന്നുള്ളൂ. ഹാമാനു മോർദ്ദേഖായിയോടു വെറുപ്പു വർദ്ധിച്ചു യഹൂദാ ജനതയെ കൊല്ലുവാൻ പദ്ധതി ആവിഷ്കരിച്ചു. ഒരു കൂട്ടം ജനം നിയമങ്ങൾ അനുസരിക്കുന്നില്ലായെന്നു ഹാമാൻ രാജാവിനെ ധരിപ്പിച്ചു. അഹശ്വേരേശ് രാജാവ് ഹാമാനോട് തനിക്കിഷ്ടമുള്ളതു പോലെ ചെയ്യുവാൻ പറഞ്ഞു. അതുകൊണ്ട് യെഹൂദന്മാരെ മുഴുവൻ കൊല്ലുവാനുള്ള ഒരു കല്പന ഉണ്ടാക്കി. അങ്ങനെ അവൻ തന്റെ വീട്ടിൽ ഒരു വലിയ കഴുകമരം ഉണ്ടാക്കി അതിൽ മോർദ്ദേഖായിയെ തൂക്കുവാൻപദ്ധതി ഒരുക്കി.

എസ്ഥേർ ഹാമാന്റെ പദ്ധതി മനസ്സിലാക്കുകയും ഏന്തെങ്കിലും ചെയ്യണമെന്നു ആലോചിക്കുകയും ചെയ്തു. അവൾ ഹാമാനേയും രാജാവിനേയും ഒരു അത്താഴവിരുന്നിനു ക്ഷണിച്ചു, അപ്പോൾ: രാജാവു പറഞ്ഞു അവൾ ആവശ്യപ്പെടുന്നതു രാജ്യത്തിന്റെ പകുതിയായാല്പോലും തരാമെന്നു

രാജാവു പറഞ്ഞു. എസ്ഥേർ ഒരേയൊരു കാര്യമാണ, ആവശ്യപ്പെട്ടത്, തന്റെ ജനത്തിന്റെ വിടുതൽ. ഹാമാൻ അവരെ മുഴുവൻ ഇല്ലായ്മ ചെയ്യുവാൻ ശ്രമിക്കുകയാണ. രാജാവ് കോപിഷ്ഠനായി മുറി വിട്ടു പോയി. രാജാവ് മുറിയിലേക്കു തിരിച്ചുവന്നപ്പോൾ, ഹാമാൻ രാജ്ഞിയെ ആക്രമിക്കുന്നതുപോലെ തോന്നി. കോപാകുലനായ രാജാവ് ഹാമാനെ തന്റെ മുറ്റത്ത് ഒരുക്കിയിരിക്കുന്ന കഴുമരത്തിൽ തൂക്കുവാൻ പറഞ്ഞു.

## പ്രയോഗം (പാഠം 5)

ചിലപ്പോൾ ദൈവം എന്നോട് ധൈര്യം കാണിക്കുന്നവനുവേണ്ടി ചില പ്രധാനപ്പെട്ട തീരുമാനങ്ങളെടുക്കുവാനും പറയും

## മന:പാഠം വാക്യം (പാഠം 5)

നിന്റെ ദൈവമായ യഹോവ നീ പോകുന്നേടത്തൊക്കെയും നിന്നോടുകൂടെ ഉള്ളതുകൊണ്ടു ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക; ഭയപ്പെടരുത് ഭ്രമിക്കയും അരുതു എന്നു ഞാൻ നിന്നോടു കല്പിച്ചുവല്ലോ യോശുവ 1:9

## അസൈമെൻറ് (പാഠം 5)

മറ്റുള്ളവരെ രക്ഷിക്കുവാൻ ഒരു പക്ഷേ ദൈവം എന്നെ തിരഞ്ഞെടുത്തിരിക്കാം, ഒരുപക്ഷേ ഈയൊരു സമയത്തിനായിട്ടാണ എന്നെ ഇവിടെ ആക്കിയിരിക്കുന്നത്. നിങ്ങളുടെ അയല്ക്കാരനോട് നിങ്ങൾ ഒരു ക്രിസ്ത്യാനിയാണെന്നു പറയുക അടുത്ത ആഴ്ചയിൽ സഭയിൽ വരുവാൻ അവരെ ക്ഷണിക്കുക.

## ദൈവത്തിന്റെ ഡി.എൻ.എ (പാഠം 5)

ഈ പാഠത്തിൽ നിന്നു ദൈവത്തെക്കുറിച്ചു എന്താണ് നാം പഠിച്ചത്? ദൈവം തന്റെ ജനത്തെ രക്ഷിക്കുമ്പോൾ പലപ്പോഴും നിഷ്ഫലമായി തോന്നുന്ന വ്യക്തിയെ ഉപയോഗിക്കാറുണ്ട്.






## വിനോദത്തിനുള്ള സമയം (പാഠം 5)

## ഗയിം (പാഠം 5)

ഹാമാൻ, മോർദ്ദേഖായി, എസ്ഥേർ.

ഈ ഗയിം പാറ, പേപ്പർ, കത്രിക എന്നിവയ്ക്ക് സാമ്യമുള്ളതാണ. എസ്ഥേർ ഹാമാനെ ആക്രമിക്കുന്നു ഹാമാൻമോർദ്ദേഖായിയെ ആക്രമിക്കുന്നു, മോർദ്ദേഖായി എസ്ഥേറിനെ സംരക്ഷിക്കുന്നു.

കുട്ടികളെ രണ്ടു ടീമായി തിരിക്കുക, രണ്ടു ടീമിനും മദ്ധ്യേ 4 അടി സ്ഥലം ഉണ്ടായിരിക്കണം. ഓരോരുത്തരും ആരൊക്കെയാണെന്നു തിരഞ്ഞെടുക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുക; ഹാമാൻ, മോർദ്ദേഖായി, അല്ലെങ്കിൽ എസ്ഥേർ. അവരുടെ കൂട്ടായ്മയിൽ, ഓരോ ടീമും ആരാണെന്നു തീരുമാനിക്കുക. പിന്നീട് അവർ 4 അടി ദൂരത്തിൽ അവരവരുടെ സ്ഥാനങ്ങളിൽ നിലയുറപ്പിക്കുക. മൂന്നുവരെ എണ്ണുന്നതനുസരിച്ചു ഓരോ ടീമും അവർ ആരാണെന്നു പറയുന്നു. ഒരു ടീം എസ്ഥേർ എന്നു പറഞ്ഞാൽ അടുത്ത ടീം ഹാമാൻ എന്നു പറയണം, അപ്പോൾ എസ്ഥേർ ടീം ഹാമാൻ ടീമിനെ ഓടിച്ചിട്ട് അവരുടെ സുരക്ഷിത മേഖലയിലേക്കു കടക്കണം (കമ്പോ, മരമോ വെച്ചു അതിർത്തി തിരിക്കാവുന്നതാണ). ആരെങ്കിലും ഒരാൾ ആ ടീമിൽ നിന്നു വലിക്കപ്പെട്ടാൽ അയാൾ എതിർ ടീമിന്റെ ആളായി മാറും. രണ്ടു ടീമും ഒരേ പേർ പറയുകയാണെങ്കിൽ അവർവീണ്ടും പഴയതുപോലെ വീണ്ടും തുടരണം.

## ചർച്ച (പാഠം 5)

മുതിർന്ന കുട്ടികൾക്കു മാത്രം.

1 ദൈവം നിങ്ങൾക്കു തന്ന പ്രത്യേക സ്വഭാവസവിശേഷ ഗുണങ്ങൾകൊണ്ട് ദൈവത്തെ സേവിക്കുന്നതിനു നിങ്ങൾക്കു എന്തു ചെയ്യുവാൻ കഴിയും?

പുറമേയുള്ള മുഖച്ഛായ മാറ്റുവാനാഗ്രഹിക്കുന്നവ (ഉദാ: മൂക്ക്, കവിൾ, കണ്ണ്, വായ തുടങ്ങിയവ) യെക്കുറിച്ചും അവർ സംസാരിക്കട്ടെ, ഭൗതീക രൂപത്തെക്കുറിച്ച് അവർ അന്യോന്യം കളിയാക്കരുത്. അല്പ നിമിഷങ്ങൾക്കു ശേഷം സംഭാഷണം സർഗ്ഗൈശ്വവം അല്ലെങ്കിൽ ബുദ്ധിശക്തി, അല്ലെങ്കിൽ അകമേയുള്ള ബലം കുടുംബത്തിലുള്ള രോഗങ്ങൾ തുടങ്ങിയവയെക്കുറിച്ചാകണം. ഇതെല്ലാം തന്നെ ദൈവത്തിന്റെ രൂപരേഖയുടെ സമ്മേളനമാണ്. നാം ഇഷ്ട്പ്പെട്ടാലും ഇല്ലെങ്കിലും ദൈവം നമുക്കു തന്നതു നാം സ്വീകരിക്കേണ്ടതാണ്. തന്റെ പദ്ധതി പൂർത്തീകരിക്കുവാൻദൈവം നിങ്ങൾക്കു തന്നിരിക്കുന്ന നിറം അല്ലെങ്കിൽ ശബ്ദം നാം അംഗീകരിക്കേണ്ടതാണ്.



2. നിങ്ങൾക്കു അനുസരിക്കുവാൻ ഏറ്റവും പ്രയാസമേറിയ നിർദ്ദേശമെന്താണ്?


ഓരോരുത്തരും അവരുടെ വ്യക്തിപരമായ വിജയത്തെക്കുറിച്ചു സംസാരിക്കുന്നതിനു അനുവദിക്കുക. അങ്ങനെ ഒരേ രീതിയിലാണോ അതോ വേറെ രീതിയിലാണോ അവർ അനുസരിക്കുന്നതെന്നു മനസ്സിലാക്കുവാൻ കഴിയും, പൊങ്ങച്ചം അല്ലെങ്കിൽ ദുർബുദ്ധിയോടെയുള്ള സംസാരം നിരുത്സാഹപ്പെടുത്തുക. ഉദാ: ഇരുട്ടിൽ കടയിലേക്കു പോവുക നന്നായി ചെയ്യാത്ത ഗൃഹപാഠം വീണ്ടും ചെയ്യുക.


3. നിങ്ങൾക്കുവേണ്ടി നിങ്ങളുടെ അങ്കിൾ ആൻറി തുടങ്ങിയ ബന്ധുക്കൾ എങ്ങനെയാണു കരുതുന്നത്?

അവരുടെ വല്യപ്പച്ചൻ വല്യമ്മച്ചി, ആൻറിമാർ, അങ്കിൾ, സഹോദരങ്ങൾ തുടങ്ങിയവരെക്കുറിച്ച് അവർ സംസാരിക്കട്ടെ. കുടുംബാംഗങ്ങളെക്കുറിച്ച് നെഗറ്റീവ് പറയുന്നത് നിരുത്സാഹപ്പെടുത്തുക. ഉത്തരങ്ങൾ വ്യത്യസ്തമായിരിക്കാം, എന്നാൽ അവർക്കു അറിയാവുന്നവരോടുകൂടെ ജോലി ലഭിക്കുന്നതിനു ഒരു ലഘുഭക്ഷണം തന്നു എന്നെ സഹായിക്കുക ഇതിൽ നിന്നു എല്ലാം സ്വീകരിക്കുക.

## വിദ്യാർത്ഥിയുടെ പേജിലെ ഉത്തരങ്ങൾ (പാഠം 5)



## ലൂക്കാസിന്റെ പരീക്ഷണം (പാഠം 5)

വിദ്യാർത്ഥികൾ വ്യത്യസ്തമായ അളവിലും വൈക്കോൽ കൊണ്ടും ഒരു ടേപ്പിന്റെ കഷണത്തിലും പറക്കുന്ന റോക്കറ്റ് ഉണ്ടാക്കട്ടെ. ഇത് കുഴലിലൂടെ ഊതുമ്പോൾ പ്രവർത്തിക്കുന്നതാകണം. രണ്ടാമത് പറക്കുന്നതുമാകണം. വൈക്കോൽ റോക്കറ്റ് ഏറ്റവും നല്ലതാണോ, ഏറ്റവും ദൂരത്തിലുള്ളത്, ഉയരത്തിലുള്ള എന്നിങ്ങനെ തിരിയ്ക്കുക.(യൂ ടൂബിൽ എല്ലാ വിവരണവും കാണുക).

https://www.facebook.com/childrenareimportant/videos/1291929934176720/

# --[ കേസ് 6 ]--



## സൂചനകൾ (പാഠം 6)

### സൂചന # 1 തലക്കെട്ട് (പാഠം 6)

പരിവർത്തനം വരുത്തുന്ന ആരോഗ്യ തെളിവുകൾ.

### സൂചന # 2 നാടകം (പാഠം 6)

വ്യാഖ്യാതാവ്: ഇതൊരു കെട്ടുകഥയാണ സുരക്ഷയെക്കരുതി പേരും സ്ഥലവും മാറ്റിയിരിക്കുന്നു.

ചവറെടുക്കുന്നയാൾ: (ഫോണിൽ സംസാരിക്കുന്നു) ഹലോ, അയച്ചോ? എനിക്കൊരു പരാതിയുണ്ട്.



അയയ്ക്കുന്നയാൾ: (പരുക്കനായ ശബ്ദത്തോടെ) അതെ, എന്താണ

ചവറെടുക്കുന്നയാൾ: നിങ്ങളെ വീണ്ടും ബുദ്ധിമുട്ടിക്കുന്നതിൽ ക്ഷമിക്കണം എന്നാൽ ഇത് പരുക്കനായതാണ. ഈ വിഷയത്തിൽ എന്തെങ്കിലും ചെയ്യണം.

അയയ്ക്കുന്നയാൾ: എന്തിനെക്കുറിച്ചാണ നിങ്ങൾ പറയുന്നത്.

ചവറെടുക്കുന്നയാൾ: ഇവിടെ മുഴുവൻ ഉപയോഗിച്ച ബാൻഡ് എയ്ഡുകളും, ബാൻഡേജുകളുമാണ.

അയയ്ക്കുന്നയാൾ: നല്ലത്, പ്ലാസ്റ്റിക്കിന്റെ കൈയുറയിട്ട് അവയെല്ലാം പെറുക്കിയെടുക്കു

ചവറെടുക്കുന്നയാൾ: ഇല്ലാ, നിങ്ങൾക്ക  മനസ്സിലാവില്ല, ഇവിടെ മുഴുവൻ വിതറിയിട്ടിരിക്കുകയാണ. കുറഞ്ഞത് ഒരു ഡസൻ രോഗികൾ അഴിച്ചുകളഞ്ഞവ. ഇതു കണ്ടിട്ട് എനിക്ക അറെപ്പുതോന്നുന്നു.

അയയ്ക്കുന്നയാൾ: ശരി, നിങ്ങൾ എവിടെയാണ

ചവറെട്ടുക്കുന്നയാൾ: യെരുശലെം ഹൈവേയിൽ പടിഞ്ഞാറുള്ള ഗ്രാമത്തിൽ

അയയ്ക്കുന്നയാൾ: ശരി, ഓഫീസർ ജോ ജോലിയിലാണ ഒരു ജനാവലി പട്ടണത്തിലൂടെ കടന്നു പോകുന്നു. ജോ എനിക്ക റിപ്പോർട്ടു തന്നയുടനെ ഞാൻ അയാളെ വിളിച്ചു നിങ്ങളുടെ അടുത്ത് എത്തിക്കാം.

ചവറെടുക്കുന്നയാൾ: ഓ, ഇല്ല, ഓഫീസർ ജോ , അയാൾ ഒരിക്കലും എന്നെ സഹായിക്കില്ല

അയയ്ക്കുന്നയാൾ: നല്ലത്, ആ ഒരേയൊരു ഓഫീസർ മാത്രമേ ഇപ്പോൾ ലഭ്യമായുള്ളൂ. അല്ലെങ്കിൽ അടുത്ത മാറ്റം വരെ 2 മണിക്കൂർ നിങ്ങൾ കാത്തിരിക്കണം.

ചവറെടുക്കുന്നയാൾ: ഓ, ശരി ഞാൻ തന്നെ ഇതെല്ലാം വൃത്തിയാക്കിക്കൊള്ളാം.


## 3 സൂചന # 3 വസ്തു (പാഠം 6)

സൂചനയെന്ന നിലയിൽ ഈ വസ്തു ക്ലാസ്സിൽ കൊണ്ടുവരിക: വെള്ള തുണി.




## 4 സൂചന #4 പുരാവ്സ്തു ശാസ്ത്രം (പാഠം 6)

യെരുശലെം ദേവാലയം ഇന്നു കാണുന്ന നിലയിൽ (രഹസ്യം: യേശുവിനോടുള്ള അനുസരണത്തിൽ സൗഖ്യമായതിനു ശേഷം കുഷ്ഠരോഗികൾ തങ്ങളേത്തന്നെ കാണിക്കണമായിരുന്നു.



## 5 സൂചന # 5 ബൈബിൾ രംഗം (പാഠം 6)

രഹസ്യം: പത്തു കുഷ്ഠരോഗികൾക്കു പത്തു പാത്രങ്ങൾ, മതിലിനു വെളിയിൽ, കാരണം കുഷ്ഠരോഗികൾ പട്ടണത്തിനു വെളിയിൽ താമസിക്കണമായിരുന്നു.

**വ്യവഹാരം പരിഹരിച്ച വ്യവഹാരം പരിഹരിച്ച**

# വ്യവഹാരം പരിഹരിച്ചു! (പാഠം 6)

## ബൈബിൾ കഥ (പാഠം 6)

### പത്തു കുഷ്ഠരോഗികൾ

### ബൈബിളിൽ നിന്നു ലൂക്കോസ് :17:11-19



തന്റെ പട്ടണത്തിൽ നിന്നുമകലെയല്ലാതെ, ശമര്യയ്ക്കും ഗലീലയ്ക്കുമുള്ള അതിർത്തിയിലൂടെ യേശു യെരുശലേമിലേക്കു കടന്നു പോകുകയായിരുന്നു. യേശു പട്ടണത്തിൽ പ്രവേശിച്ച ഉടനെ ദൂരെത്തു നിന്നു പത്തു കുഷ്ഠരോഗികൾ അവനെ വിളിച്ചു നിലവിളിച്ചു. 'യേശുവേ യജമാനനേ, ഞങ്ങളോടു കരുണയുണ്ടാകേണമേ", കുഷ്ഠം ഒരു മഹാ രോഗമാണ്. ഇത് വിരലുകളെയും, മൂക്ക്, ചെവി തുടങ്ങിയ അവയവങ്ങളെയൊക്കെ കൊല്ലുന്നു. മാത്രമല്ല, കുഷ്ഠരോഗി എപ്പോഴും ഞാൻ അശുദ്ധനാണെന്നു വിളിച്ചു പറയണമായിരുന്നു. യേശു അവരെ കണ്ടപ്പോൾ ഇങ്ങനെ പറഞ്ഞു, " പോകുക, നിങ്ങളെത്തന്നെ പുരോഹിതനു കാണിക്കുക". മോശയുടെ ന്യായപ്രമാണ പ്രകാരം ഒരുവൻ സൗഖ്യമായാൽ അവൻഇങ്ങനെ ചെയ്താൽ വീണ്ടും സമൂഹത്തിലേക്കുള്ള പ്രവേശനവും ആരാധനയ്ക്കായി മന്ദിരത്തിലേക്കും പോകുവാൻ കഴിയുമായിരുന്നു. അവർ ഇതുവരെ സൗഖ്യമായില്ലെങ്കിൽ, അതുകൊണ്ട് ഇത് വളരെ അപൂർവ്വമായി മാത്രമേ കേട്ടിരുന്നുള്ളു.

അവർ യെരുശലേമിലേക്കു പോകുന്ന വഴിയിൽ, അവർ നടന്നു പോകുമ്പോൾ അവർ ശുദ്ധരായി/വിടുതൽ ഉള്ളവരായിത്തീർന്നു. അവരിൽ നിന്ദിക്കപ്പെട്ട വിദേശിയായ ഒരാൾ ശുദ്ധനായിത്തീർന്നതു കണ്ടപ്പോൾ വേഗം യേശുവിന്റെ അരികിലേക്കു മടങ്ങി വന്നു. ദൂരത്തു നിന്നു ദൈവത്തെ സ്തുതിച്ചു. എന്നാൽ പിന്നീട് യേശുവിന്റെ പാദത്തിൽ വീണു അവനു നന്ദി പറഞ്ഞു.

യേശു ആശ്ചര്യപ്പെട്ടു, അവർ എല്ലാവരെയും സൗഖ്യമാക്കിയതറിഞ്ഞുകൊണ്ട് യേശു ആ മനുഷ്യനോടു ചോദിച്ചു നിങ്ങൾ എല്ലാവരും ശുദ്ധരായില്ലയോ? മറ്റു 9 പേർ എവിടെ? ഈ ശമര്യാക്കാരനൊഴികെ ദൈവത്തിനു നന്ദി പറയുവാൻ ആരും വന്നില്ല. സൗഖ്യമായതിനുശേഷം

നന്ദിയോടെ കടന്നുവന്ന അവനെ പ്രോത്സാഹിപ്പിച്ചുകൊണ്ട് യേശു പറഞ്ഞു, എഴുന്നേറ്റു പോക, നിന്റെ വിശ്വാസം നിന്നെ ശുദ്ധനാക്കിയിരിക്കുന്നു.

## പ്രയോഗം (പാഠം 6)

ഈ കുഷ്ഠരോഗിയെപ്പോലെ, ദൈവം എനിക്കു വേണ്ടി ചെയ്ത എല്ലാറ്റിനും ഞാൻ "നന്ദി ദൈവമേ" എന്നു പറയേണ്ടതാവശ്യമാണ്.

## മന:പാഠം വാക്യം (പാഠം 6)

"എല്ലാറ്റിനും സ്തോത്രം ചെയ്യുവിൻ; ഇതല്ലോ നിങ്ങളെക്കുറിച്ചു ക്രിസ്തുയേശുവിൽ ദൈവേഷ്ടം". 1 തെസ്സലോനിക്യർ 5:18

## അസൈമെൻറ് (പാഠം 6)

അവൻ നിങ്ങൾക്കുവേണ്ടി ചെയ്ത കാര്യത്തിനു ഇതുവരേയും നന്ദി പറഞ്ഞിട്ടില്ലാത്ത 3 കാര്യങ്ങളുടെ പട്ടിക തയ്യാറാക്കുക. സാധാരണ കുടുംബം, വസ്ത്രം, ഭക്ഷണം ഇവയ്ക്കു നാം നന്ദി പറയാറുണ്ട്. നന്ദി പറയേണ്ട എന്തെങ്കിലും പുതിയ കാര്യത്തെക്കുറിച്ചു നിങ്ങളുടെ വിദ്യാർത്ഥികൾ ചിന്തിക്കുന്നുണ്ടോ? അതായത്, നഷ്ടപ്പെട്ട സാധനം കണ്ടുപിടിച്ചതിനു. നിങ്ങൾ സ്കൂളിൽ എത്തുന്നതുവരെ മഴ പെയ്യാതിരുന്നതിനു ഇന്നു മുഴുവൻ എന്റെ മോട്ടോർ സൈക്കിൾ അപകടം കൂടാതെ ഓടിക്കുവാൻസാധിച്ചതിനു. ബ്രദറിനോട്, സിസ്റ്ററിനോട് നല്ല കാര്യങ്ങൾ മാത്രം പറയുവാൻ സാധിച്ചതിനു തുടങ്ങിയവ.

## ദൈവത്തിന്റെ ഡി.എൻ.എ (പാഠം 6)




ഈ പാഠത്തിൽ നിന്നും ദൈവത്തെക്കുറിച്ചു നാം എന്താണു പഠിച്ചത്? തന്റെ ജനത്തിൽ നിന്നും ദൈവം അനുസരണയും നന്ദിയും പ്രതീക്ഷിക്കുന്നു.



# വിനോദത്തിന്റെ സമയം! (പാഠം 6)

## ഗയിം (പാഠം 6)

ചൂൽ പിടിക്കുക

ഒരാളെ നടുവിൽ നിർത്തി, ബാക്കിയുള്ള എല്ലാവരും അയാൾക്കു ചുറ്റും വൃത്താകൃതിയിൽ നില്ക്കുക. വൃത്താകൃതിയിൽ നില്ക്കുന്ന ഓരോരുത്തർക്കും ഒരു നമ്പറുണ്ട്. നടുവിൽ നില്ക്കുന്നയാൾ ഒരു വിരലിൽ ഒരു ചൂൽ ഉയർത്തിപ്പിടിച്ചിട്ടുണ്ട്. മുന്നറിയിപ്പു കൂടാതെ അയാൾ ചൂലിൽ നിന്നു പിടിവിടുകയും അതേ സമയം ഒരു ഒരു നമ്പർവിളിക്കുകയും ചെയ്യുന്നു. നമ്പർ വിളിക്കപ്പെട്ടയാൾ ഓടി, ആ ചൂൽ തറയിൽ വീഴുന്നതിനു മുൻപ് പിടിച്ചെടുക്കണം. അയാൾ പിടിക്കുകയാണെങ്കിൽ, അയാൾ നടുവിലെ കളിക്കാരനാകും. അയാൾ പിടിച്ചില്ലെങ്കിൽ വൃത്തത്തിലേക്കുതന്നെ മടങ്ങിപോകണം.

## ചർച്ച (പാഠം 6)

(മുതിർന്ന കുട്ടികൾക്കു മാത്രം )

1. എന്തുകൊണ്ടാണു ഇന്നു നാം അധികം സൗഖ്യങ്ങൾ കാണാത്തത്?



സൗഖ്യത്തെക്കുറിച്ചു സംസാരിക്കുന്നതിനായി കുട്ടികളോടു പറയുക. നിങ്ങളുടെ സഭയിൽ പട്ടണത്തിൽ ദൈവം എന്താണു ചെയ്തത്? നിങ്ങളുടെ സമുദായം സൗഖ്യത്തെക്കുറിച്ച് വിശ്വസിക്കുന്നതിനെക്കുറിച്ചു ചർച്ച ചെയ്യുക. ഉണർവിന്റെ അഭാവം, നിങ്ങളുടെ സ്ഥലത്തുള്ള പീഡനം രോഗശാന്തിയുള്ളവരെക്കുറിച്ചു ശിഷ്യന്മാർജനങ്ങളിലുള്ള അല്പവിശ്വാസം സൗഖ്യം നടക്കാത്തത് ഇവയെപ്പറ്റിയൊക്കെ സംസാരിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

2. ഞാൻ ആഗ്രഹിക്കുന്ന രോഗ സൗഖ്യം എനിക്കു ലഭിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാം?


വിശ്വാസമില്ലയ്മ, അല്ലെങ്കിൽ ദൈവത്തിനു നിങ്ങളെക്കുറിച്ചു വ്യത്യസ്തമായ പദ്ധതിയുണ്ട് നിങ്ങളുടെ ഭാവി കാണുവാനും കഴിയും. അല്ലെങ്കിൽ നിങ്ങളുടെ ഹൃദയശുദ്ധി നല്ലതല്ല നിങ്ങളുടെ സൗഖ്യമായിരിക്കില്ല നിങ്ങളുടെ ജീവിതത്തിലെ ഏറ്റവും മഹത്തായ കാര്യം, അല്ലെങ്കിൽ നിങ്ങളുടെ ജീവിതത്തിലെ പാപം അല്ലെങ്കിൽ അതിനു പറ്റിയ സമയമല്ല ഇത് അല്ലെങ്കിൽ നിങ്ങളുടെ രോഗത്തിൽ ദൈവം മഹത്വപ്പെടുന്നു.


3 പത്തു കുഷ്ഠ രോഗികളും സൗഖ്യത്തിനു യോഗ്യരായിരുന്നുവോ?

അനേകർ തങ്ങൾക്കെന്തോ കിട്ടാനുള്ളതുപോലെ പെരുമാറുന്നിടത്ത് യോഗ്യത ഇന്നു എല്ലായിടത്തും പടർന്നിരിക്കുകയാണ്. അതിന്റെ ഫലമായി അവർ നന്ദി പറയാൻമടിയുള്ളവരായിത്തീരുന്നു. എന്തു നേടാനാണ് നമുക്കു യോഗ്യതയുള്ളത് ഒരു അദ്ധ്യാപകൻ എന്ന നിലയിൽ നിങ്ങളുടെ ലക്ഷ്യം കുട്ടികളെ സഹായിക്കുകയെന്നതാണ്. യഥാർത്ഥത്തിൽ അവർ ഒന്നിനും യോഗ്യതയില്ലാത്തവരാണെന്നു തിരിച്ചറിയുക. നാമാരാണെന്നതിനും നമുക്കുള്ളതിനും നാം നന്ദി പറയണം. കാരണം ഈ ഭൂമിയിലെ നമ്മുടെ ജോലി പൂർത്തിയാക്കുവാൻ ദൈവം നമുക്കു തന്നിരിക്കുന്നതാണു അവ.

## വിദ്യാർത്ഥിയുടെ പേജിലെ ഉത്തരങ്ങൾ (പാഠം 6)





## ലൂക്കാസിന്റെ പരീക്ഷണം (പാഠം 6)

കട്ടിയുള്ള ഒരു പലകക്കടലാസ് അർദ്ധവൃത്താകൃതിയിൽ വളയ്ക്കുവാൻ കുട്ടികളോടു പറയുക. അത് ഒരു മേശയിൽ വെച്ചിട്ട് അടിയിൽ ഊതുക. ഇങ്ങനെ വളഞ്ഞിരിക്കുമ്പോൾ ചെറിയ വായുവിലും അധികം വായു മർദ്ദം പ്രകടമാകുന്നതു കാണാം. വിമാനത്തിന്റെ ചിറകിന്റെ മുകളിലൂടെ അടിക്കുന്ന ശക്തമായ കാറ്റാണു അത് ഉയരുവാൻ സഹായിക്കുന്നത്.

https://www.facebook.com/childrenareimportant/videos/1291958180840562/

# --[ കേസ് 7 ] --

## സൂചനകൾ (പാഠം 7)

### സൂചന # 1 തലക്കെട്ട് (പാഠം 7)

പൂച്ചക്കുട്ടികൾ പ്രത്യക്ഷപ്പെടുന്ന കേസ്

### സൂചന #2 നാടകം (പാഠം 7)

വ്യാഖ്യാതാവ്: ഇത് ഒരു കെട്ടുകഥയാണ് നിരപരാധിയുടെ സുരക്ഷയെക്കരുതി പേരും സ്ഥലാവും മാറ്റിയിരിക്കുന്നു.

പോഡ് : വലിയ - വലിയ - വലിയ - വലിയ- മുത്തച്ഛാ?

പ്രപിതാമഹൻ : അതെ, യൌവനക്കാരാ?

പോഡ് : എന്റെ സ്കൂളിലെ എന്റെ അന്വേഷണത്തിന്റെ അസൈൻമെന്റ് ചെയ്യുവാൻ എന്നെ സഹായിക്കുമോ.

പ്രപിതാമഹൻ : തീർച്ചയായും, ഞാൻ പണി ചെയ്യുമ്പോൾ എന്റെ അടുത്തുകൂടി നീ നടക്കുക. ഇന്ന് വൈകുന്നതിനു മുൻപ് ഈ നിര എനിക്ക് നട്ടു തീർക്കണം. അങ്ങനെ നാളെ ഞാൻ അധികം പിറകിലാകില്ല. നെറ്റിയിലെ വിയർപ്പു കണങ്ങൾ തുടച്ചു കളയുന്നു.

പോഡ് : മഹത്തരം, ഞാൻ ചെയ്തതിൽ വെച്ച് ഏറ്റവും നല്ല അന്വേഷണമാണിത്. എന്റെ അറിവിലുള്ള ഏറ്റവും മുതിർന്ന ഒരു വ്യക്തിയുടെ ആദ്യകാല ഓർമ്മകളെയാണ് ഞാൻ അന്വേഷണ വിധേയമാക്കുന്നത്.

പ്രപിതാമഹൻ : അതിനു നീ എന്നെ തിരഞ്ഞെടുത്തു. എന്താ അങ്ങനെയല്ലേ?

പോഡ് : തീർച്ചയായും അതെ, ഈ പർവ്വതങ്ങൾ എങ്ങനെയാണ് ഇവിടെ ഉണ്ടായതെന്നു എന്നോടു പറയാമോ?

പ്രപിതാമഹൻ : ദീർഘശ്വാസം വിടുന്നു. ഞാൻ വയസനാണ് എന്നാൽ ചെളിയുടെ അത്രയും വയസില്ല എനിക്ക്.

പോഡ്: ശരി, നദിയെക്കുറിച്ച് എന്തു പറയുന്നു?

പ്രപിതാമഹൻ : ഒരു ചെറിയ അരുവി ഒഴുകുന്നതു ഞാൻ ഒരിക്കൽ കണ്ടു, എന്നാൽ അപ്പോൾ ഞാൻ നന്നേ ചെറുപ്പമായിരുന്നു ഞാൻ പിന്നിലേക്കു പോയില്ല.

പോഡ് : നല്ലത്, നിങ്ങൾക്കു ഓർമ്മിക്കുവാൻ കഴിയുന്ന ആദ്യകാല സംഭവം എന്താണ്?

പ്രപിതാമഹാൻ : മൃഗങ്ങൾ. ഞാനും എന്റെ മണവാട്ടിയും കൂടെ പ്രഭാത സവാരിക്കിറങ്ങി. ഞങ്ങൾ പ്രാതൽ കഴിക്കുമ്പോൾ അവർ കളിക്കുന്നത് ഞാൻ കണ്ടിട്ട് ഒന്നു അങ്ങോട്ടു നോക്കുവാൻ ഞാൻ പറഞ്ഞു. അവൾ പറഞ്ഞു, ഏത് ആ വലിയ ബ്രൌൺ ആണോ അല്ലെങ്കിൽ മുകളിലുള്ള ആ ചുമന്നതാണോ? ഞങ്ങൾ അതിന്റെ സ്വരൂപം തിരിച്ചറിഞ്ഞിട്ട്, നിസ്സാരമായ കാര്യങ്ങൾ ചെയ്യുന്ന വെറിപിടിച്ച മൃഗങ്ങളെ കണ്ടുകൊണ്ട് ഞങ്ങൾ ഞങ്ങളുടെ പ്രാതൽ കഴിച്ചു.

പോഡ് : നേരാണോ? അതു വളരെ പ്രശാന്തമായിരിക്കും.

പ്രപിതാമഹൻ : അതെ, അങ്ങനെയായിരുന്നു. ആർക്കറിയാം ഒരു പക്ഷേ നിങ്ങളോ, നിങ്ങളുടെ ആ കുട്ടിയോ, അതുപോലെ ഒരു ദിവസം അവർ ഒരുമിക്കുന്നതു കാണും.





പോഡ്: അത് അത്ഭുതമായിരിക്കും.

## 3 സൂചന # 3 വസ്തു (പാഠം 7)

ഈ ഭൌതീക വസ്തു ക്ലാസ്സിൽ കൊണ്ടുവരിക: പൂവ്

## 4 സൂചന # 4 പുരാവസ്തു ശാസ്ത്രം (പാഠം 7)



ഇന്നു ബാഗ്ദാദിലുള്ള ടൈഗ്രിസ് നദിയുടെ പടം (രഹസ്യം ഉല്പത്തി രണ്ടാം അദ്ധ്യായത്തിലാണ് ഇതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്).

## 5 സൂചന # 5 ബൈബിൾ രംഗം (പാഠം 7)

രഹസ്യം: എല്ലാ സൃഷ്ടികളും തെളിവുകളാണ് .

# വ്യവഹാരം പരിഹരിച്ചു വ്യവഹാരം പരിഹരിച്ചു

## വ്യവഹാരം പരിഹരിച്ചു! (പാഠം 7)

### ബൈബിൾ കഥ (പാഠം 7)

**സൃഷ്ടി**

**ബൈബിളിൽ നിന്ന് ഉല്പത്തി :1**



ഏഴാം ദിവസം ദൈവം തന്റെ പ്രവൃത്തികളിൽ നിന്നും നിവൃത്തനായി. തന്റെ സൃഷ്ടികളെല്ലാം നല്ലതെന്നു കണ്ടു എല്ലാ പ്രവൃത്തികളിൽ നിന്നും ദൈവം ഒഴിഞ്ഞിരുന്നു. എന്നാൽ ആരംഭത്തിലേക്കു നോക്കുമ്പോൾ, ഒന്നാം ദിവസം ദൈവം പറഞ്ഞു "വെളിച്ചം ഉണ്ടാകട്ടെ" അങ്ങനെ സംഭവിച്ചു. രണ്ടാം ദിവസം ദൈവം പറഞ്ഞു, ആകാശമുണ്ടാകട്ടെ അങ്ങനെ സംഭവിച്ചു. മൂന്നാം ദിവസം ദൈവം ഭൂമിയും അതിലുള്ള വൃക്ഷങ്ങളും സൃഷ്ടിക്കുന്ന തിരക്കിലായിരുന്നു. ഇത് എല്ലാത്തരം പുഷ്പങ്ങളും വൃക്ഷങ്ങളും പുല്ലുകളും ഉൾപ്പെടുന്നതായിരുന്നു, അതു നല്ലതെന്നു ദൈവം പറഞ്ഞു. നാലാം ദിവസം, രാത്രിയും പകലും വർഷങ്ങളും കാലങ്ങളും ഉണ്ടാകേണ്ടതിനു സൂര്യനെയും ചന്ദ്രനേയും ഉണ്ടാക്കി. രാത്രിയിൽ പ്രകാശിക്കേണ്ടതിനു കോടാനുകോടി നക്ഷത്രങ്ങളെയും അവൻ സൃഷ്ടിച്ചു. അഞ്ചാം ദിവസം സമുദ്രത്തിലെ സകല മത്സ്യങ്ങളെയും ആകാശത്തിലെ പറവകളെയും സൃഷ്ടിച്ചു. പിന്നീട് ഫലമുള്ളവരായി പെരുകുവാൻ ദൈവം അവരോടു പറഞ്ഞു. ചെറുതും വലുതുമായ എല്ലാ ജീവികളെയും ആറാം ദിവസം ദൈവം സൃഷ്ടിച്ചു. പിന്നീട് മനുഷ്യനെയും സൃഷ്ടിച്ചു. മണ്ണിൽ നിന്നു മനുഷ്യനെ ഉണ്ടാക്കി ദൈവം അവന്റെ മൂക്കിൽ ജീവശ്വാസം ഊതി. അവനു ദൈവം സകല ജീവജാലങ്ങളിന്മേലും അധികാരം കൊടുത്തു. ദൈവം ഒരു പ്രത്യേക തോട്ടം ഉണ്ടാക്കി ആദമിനെ അവിടെയാക്കി. അവൻ ഏകനായിരിക്കുന്നതു നന്നല്ല എന്നു ദൈവം തീരുമാനിച്ചു. ആദാം ഉറങ്ങിയപ്പോൾ അവന്റെ വാരിയെല്ലിൽ ഒന്നെടുത്ത് ഹവ്വയെ ഉണ്ടാക്കി. പിന്നീട് അവരോട് നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി ഭൂമിയിലൊക്കെയും നിറയുവീൻ എന്നു പറഞ്ഞു. ഏഴാം ദിവസം ദൈവം സ്വസ്ഥനായിരുന്നു.

### പ്രായോഗികം (പാഠം 7)

ആദമിനെപ്പോലെ, എന്റെ ചുറ്റുമുള്ള സൃഷ്ടികളെ പരിപാലിക്കുന്ന ഉത്തരവാദിത്തം എനിക്കുണ്ട്.

## മന:പാഠ വാക്യം (പാഠം 7)

ദൈവം അനുഗ്രഹിച്ചു; നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവ ജാതിയിന്മേലും സകല ഭൂചര ജന്തുവിന്മേലും വാഴുവീൻ എന്നു അവരോടു കല്പിച്ചു. ഉല്പത്തി 1:28.

## അസൈന്മെൻറ് (പാഠം 7)

നിങ്ങളുടെ മുറ്റത്തുള്ള ഒരു ചെടിയുടെ അടുത്തുള്ള കളകൾ പറിച്ചുകളഞ്ഞ് അതിനു വെള്ളമൊഴിക്കുക. അങ്ങനെ അതു നന്നായി വളരും.

## ദൈവത്തിന്റെ ഡി.എൻ.എ (പാഠം 7)




ഈ പാഠത്തിൽ നിന്നും ദൈവത്തെക്കുറിച്ചു നാം എന്താണ് പഠിച്ചത്? ദൈവം എല്ലാം സൃഷ്ടിച്ചു.



# വിനോദത്തിന്റെ സമയം (പാഠം 7).

## ഗയിം (പാഠം 7)

സ്രിഷ്ടിപ്പിന്റെ ഗയിം.

ഒരു പേപ്പറിൽ സൂര്യൻ ചന്ദ്രൻ എന്നീ വാക്കുകളെഴുതുക; കൊച്ചു കുട്ടികൾക്കു വായിക്കുന്നതിനു വേണ്ടി അതിന്റെ പടം കൂടി വരയ്ക്കുക. അതു തറയിലോ ഭിത്തിയിലോ ഒട്ടിച്ചു വയ്ക്കുക. ഉല്പത്തിയിൽ പറഞ്ഞിരിക്കുന്ന പക്ഷികൾ, മത്സ്യങ്ങൾ, വൃക്ഷം, തടാകങ്ങൾ മുതലായവ ചിഹ്ന സഹിതം സൂക്ഷിക്കുക. ഗയിം കളിക്കുന്നതിനു അദ്ധ്യാപകൻ ഒരു സാധനത്തിന്റെ പേരു വായിക്കുമ്പോൾ കുട്ടികൾ ആ സാധനത്തിന്റെ ചിത്രവുമായി എഴുന്നേൽക്കുന്നു. അവസാനത്തെ കുട്ടി 'പുറത്താകുക' എന്നത് കിട്ടുമ്പോൾ അവിടെ ഇരിക്കണം. സ്രിഷ്ടിപ്പിന്റെ സമയത്ത് ദൈവം ഉണ്ടാക്കിയ ചിലതിന്റെ ചിത്രത്തിന്റെ അടുത്തെത്തി, മൃഗങ്ങളായി നടിക്കുമ്പോൾ കൊച്ചു കുട്ടികൾക്കു സന്തോഷമായിരിക്കും.

## ചർച്ച (പാഠം 7)

(മുതിർന്ന കുട്ടികൾക്കു മാത്രം)



1. ക്ലോണിംഗിനെക്കുറിച്ച് നിങ്ങളുടെ ചിന്ത എന്ത്? ശാസ്ത്രം മുഖേന നമുക്കു മനുഷ്യനെ സൃഷ്ടിക്കാമോ?

ദൈവത്തിന്റെ സ്രിഷ്ടിപ്പിന്റെ പ്രവൃത്തികളെക്കുറിച്ചും, എങ്ങനെയാണ് ഒന്നുമില്ലായ്മയിൽ നിന്ന് മനുഷ്യനെ സൃഷ്ടിച്ചത് എന്നതിനെക്കുറിച്ചും സംസാരിക്കുക. നമുക്കു എന്തു പണിയാമെങ്കിലും ദൈവത്തിന്റെ സയൻസ് നാം ഉപയോഗിക്കേണ്ടതാണെന്നാണ് വസ്തുത. ഒരേ ഡി.എൻ.എ ഉപയോഗിച്ച് സൃഷ്ടിക്കുന്നതിന്റെ ധാർമ്മികതയെക്കുറിച്ച് സംസാരിക്കുകയും, ഇതിനെ അനുകൂലിക്കുന്ന രാജ്യങ്ങളും പ്രതികൂലിക്കുന്ന രാജ്യങ്ങളും എത്രയെന്നു പറയുക.


2. നാം പഴയ നിയമ പ്രമാണത്തിന്റെ കീഴിലല്ല എങ്കിൽ പോലും എന്തിനാണ് ഞാൻ ആഴ്ചയിൽ ഒരുദിവസം വിശ്രമിക്കുന്നത്?

നിങ്ങളുടെ സംഘടന ശബ്ബത്ത് ആചരിക്കുന്നവരാണെങ്കിൽ, ഈ ചോദ്യത്തിനു ഉത്തരം പറയുന്നതിനു മുൻപ് നിങ്ങളുടെ പാസ്റ്ററുമായി കൂടിയാലോചിക്കേണ്ടതാണ്. നിങ്ങളുടെ സംഘടന ശബ്ബത്ത് ആചരിക്കുവാൻ നിർബന്ധിക്കുന്നില്ലെങ്കിൽ പോലും അതു കുട്ടികളുമായി പങ്കുവയ്ക്കുക. അവരോടു സംസാരിക്കുക. ശരീരത്തിനു ആവശ്യമായ വിശ്രമം നല്കിയില്ലെങ്കിൽ അതു വേഗത്തിൽ ക്ഷയിച്ചുപോകും കൃപയുടെ കീഴിൽ പോലും എല്ലാ ആഴ്ചയിലും നാം വിശ്രമിക്കണം. നമുക്ക് എന്താണു വേണ്ടതെന്നു ദൈവത്തിനറിയാം.

3. പുന: സൃഷ്ടി, ആഗോളതാപനം വംശനാശത്തിൽ നിന്നു മൃഗങ്ങളെ രക്ഷിക്കുക ഇവയെക്കുറിച്ചുള്ള അഭിപ്രായമെന്ത്? ക്രിസ്ത്യാനികൾ ഇതിൽ ഉൾപ്പെടണമോ?


വാദത്തിന്റെ ഒരു വശം ദൈവത്തിന്റെ സ്രിഷ്ടികളിന്മേൽ നമുക്കു ദൈവം അധികാരം തന്നിട്ടുണ്ട് എന്നതാണ്. നാം അതു നോക്കി പരിപാലിക്കണം. പ്രായോഗികമായി പറഞ്ഞാൽ, മലിനപ്പെടുത്തുന്നതിൽ നാം ജാഗ്രതയുള്ളവരായിരിക്കുകയും മൃഗങ്ങളെ സംരക്ഷിക്കുകയും വേണം. വാദത്തിന്റെ മറുവശം, യുദ്ധം അധാർമ്മികത തുടങ്ങിയവ മൂലം ജനങ്ങൾ മരിക്കുന്നു, മാനവജാതിക്കെതിരായി അധികം പൈശാചികത ഉണ്ടായിക്കൊണ്ടിരിക്കുന്നു. നാം ജനങ്ങളെ രക്ഷിക്കുമ്പോൾ, എന്തിനാണ് ചില ജാതിയിൽപ്പെട്ട മൃഗങ്ങളെ രക്ഷിക്കുന്നതിനു നമ്മുടെ ഉറവിടങ്ങൾ ഉപയോഗിക്കുന്നത്. ഈ ചർച്ചയ്ക്ക് ഒരു ഉത്തരമില്ല, അതുകൊണ്ട്, ഒരു അദ്ധ്യാപകനെന്ന നിലയിൽ നിങ്ങളുടെ ലക്ഷ്യം കുട്ടികളെ അവർക്കുറിച്ചു ചിന്തിക്കുവാൻ പഠിപ്പിക്കുക.

## വിദ്യാർത്ഥിയുടെ പേജിന്റെ ഉത്തരം (പാഠം 7)









## ലൂക്കാസിന്റെ പരീക്ഷണം (പാഠം 7)

ലേബൽ ഒട്ടിച്ചിട്ടുള്ള അഞ്ചു സാധനങ്ങളും ലേബലില്ലാത്ത അഞ്ചു സാധനങ്ങളും ഒരു മുറിയിൽ നിന്നും കുട്ടികൾ കണ്ടുപിടിക്കട്ടെ. സാധാരണ സാധനത്തിന്മേൽ ജനങ്ങൾ ലേബൽ ഒട്ടിക്കുന്നു, എന്നാൽ ദൈവം അങ്ങനെ ചെയ്യുന്നില്ല.

https://www.facebook.com/childrenareimportant/videos/1292083794161334/

# --[ കേസ് 8 ] --

## സൂചനകൾ (പാഠം 8)

### 1 സൂചന # 1തലക്കെട്ട് (പാഠം 8)

ഇരയുടെ സ്ഥിതിയുടെ നിർണ്ണായക മാറ്റത്തിന്റെ കേസ് .

### 2 സൂചന #2നാടകം (പാഠം 8)

വ്യാഖ്യാതാവ്: ഇതൊരു കെട്ടുകഥയാണ്, നിരപരാധിയുടെ സുരക്ഷയെക്കരുതി പേരും സ്ഥലവും മാറ്റിയിരിക്കുന്നു.

ഡോക്ടർ: ഹലോ, കാവൽക്കാരാ, ജോണിനെ പരിശോധിക്കാൻ ഞാൻ തിരികെ വന്നിരിക്കുന്നു.

വാതിൽകാക്കുന്നയാൾ : ഓ, അതിന്റെ ആവശ്യമില്ല .

ഡോക്ടർ: നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്? കിടക്കയിൽ തന്നെ വിശ്രമിക്കണമെന്നു ഞാൻ അയാളോടു കർശനമായി പറഞ്ഞതാണ്. രാത്രിയിൽ അയാൾ അതുപോലെ ചെയ്തിട്ടുണ്ടാകില്ലെന്നു എനിക്ക് ഉറപ്പാണ് അതുകൊണ്ടാണ് അയാളെ പരിശോധിക്കുവാൻ ഞാൻ വന്നത്.

കാവൽക്കാരൻ: നല്ലത്, 'വരുക"പോകുക' എന്ന നിങ്ങളുടെ ചുമതല മാറ്റി.

ഡോക്ടർ: ഇതു വളരെ വിചിത്രമാണ്. ജോൺ മരിച്ചുവോ അതോ ചെറിയ പുരോഗതിയുണ്ടോ?

കാവൽക്കാരൻ: എനിക്കറിയില്ല, എന്റെ അറിവിൽ ഇന്നലെ മുതൽ അത്തരത്തിലൊരു അറിയിപ്പുമില്ല.നിങ്ങളുടെ 'വരിക"പോകുക' എന്ന ചുമതല മാറിയെന്നു മാത്രമറിയാം.

ഡോക്ടർ: അതു മനസ്സിലാക്കാൻ പറ്റാത്തതാണ്. മുതിർന്നവർ എത്തിയോ? എനിക്കവരോടു സംസാരിക്കണം.

കാവൽക്കാരൻ: അവർ വന്നിട്ടുണ്ട്. നിങ്ങൾ അവരെ കണ്ടെത്തുന്നത് വളരെ സഹായകരമാണെന്ന് ഞാൻ സംശയിക്കുന്നു.

ഡോക്ടർ: എന്തുകൊണ്ടാണത്? അവർ സഹായത്തിനായി പോയി എന്നു ഞാൻ ചിന്തിക്കുന്നു.

കാവൽക്കാരൻ: അവർ ചെയ്തു. എന്നാൽ യജമാനൻ അവിടെ ചെന്നു അവരോടു വരണ്ട എന്നു പറഞ്ഞു. എന്താണ് സംഭവിക്കുന്നതെന്ന് എനിക്കറിയില്ല. എന്നാൽ ഇന്നലെ യജമാനൻ പോയിക്കഴിഞ്ഞപ്പോൾ, അവർ നിങ്ങളുടെ നിയമമൊക്കെ മാറ്റി.

ഡോക്ടർ: നല്ലത്, ഞാൻ നിങ്ങളുടെ യജമാനനോട് ഒന്നു സംസാരിക്കട്ടെ.

കാവൽക്കാരൻ: വേണ്ടാ, അയാൾ 'പോകാൻ' പറയുമ്പോൾ പോകുവാൻ ശരിക്കും നിങ്ങൾ വരേണ്ട ആവശ്യമില്ല; നിങ്ങൾക്കാവശ്യമുണ്ടോ?

ഡോകടർ: ഇല്ല, തീർച്ചയായും ഇല്ല നിങ്ങളുടെ സമയത്തിനു നന്ദി.





## 3 സൂചന # 3 വസ്തു (പാഠം 8)

ഒരു സൂചനയെന്ന നിലയിൽ ഈ ഭൌതീക വസ്തു ക്ലാസിൽ കൊണ്ടുവരിക: മരുന്ന്.

## 4 സൂചന # 4 പുരാവസ്തു ശാസ്ത്രം (പാഠം 8)

റോമൻ പടയാളികളുടെ നാടകാവതരണത്തിന്റെ ഒരു ഫോട്ടോ. ചുവന്ന തൂവലുള്ള തൊപ്പി ധരിച്ച റോമൻ പടയാളി ഒരു " ശതാധിപൻ" ആയിരിക്കും. അയാളുടെ കീഴിൽ 100 കാലാൾപ്പട പടയാളികൾ ഉണ്ടായിരിക്കും (രഹസ്യം: യേശുവിനോടു സംസാരിച്ച ശതാധിപൻ ഇങ്ങനെയായിരിക്കാം വസ്ത്രം ധരിച്ചിരുന്നത് ).



## 5 സൂചന # 5 ബൈബിളിൽ രംഗം (പാഠം 8)

രഹസ്യം: ഒഴിഞ്ഞ കിടക്ക, പാത്രം, കപ്പ്, രോഗിയെ സൂചിപ്പിക്കുന്ന തെർമോമീറ്റർ, വീടിന്റെയും ജനങ്ങൾ നിന്നിരുന്ന പടവുകളുടെയും മദ്ധ്യേയുള്ള ദൂരം, കാരണം യേശു ദൂരത്തു നിന്നാണ് സൌഖ്യം ആക്കിയത്.

# വ്യവഹാരം പരിഹരിച്ച വ്യവഹാരം പരിഹരിച്ച

## വ്യവഹാരം പരിഹരിച്ചു! (പാഠം 8)

### ബൈബിൾ കഥ (പാഠം 8)

**ശതാധിപന്റെ വിശ്വാസം**

**ബൈബിളിൽ നിന്ന് ലൂക്കോസ് :7:1-10**



ഒരു കൂട്ടം സേവകർ യേശുവിനെ സമീപിച്ച് അവരുടെ യജമാനന്റെ ഒരു വേലക്കാരൻ രോഗിയായി കിടക്കുന്നുവെന്നു തിടുക്കത്തിൽ പറഞ്ഞു. അവരുടെ യജമാനൻ ഒരു റോമൻ ശതാധിപനായിരുന്നു. അവൻ 100 പടയാളികൾക്കു അധിപനായിരുന്നു. അവന്റെ ഏറ്റവും പ്രിയപ്പെട്ട വേലക്കാരൻ രോഗം വന്നു മരിച്ചുകൊണ്ടിരിക്കുന്നു. യേശു ശതാധിപന്റെ വീട്ടിലേക്കു പോകുമ്പോൾ വേറെയൊരു കൂട്ടം സേവകർ അവനെതിരെ വന്നു. ഒരു വിവരം അറിയിക്കുന്നതിനാണ് ശതാധിപൻ അവരെ അയച്ചത്. "എന്റെ അഭ്യർത്ഥനയ്ക്കു നീ മറുപടി പറയുവാൻ, അതു ഞാൻ അർഹിക്കുന്നില്ല, നീ എന്റെ വീട്ടിൽ വരുവാൻ എനിക്കു യോഗ്യതയില്ല. അതുകൊണ്ടാണ് ഞാൻ തന്നെ നിന്റെ അടുക്കൽ വരാതിരുന്നത്. എന്നാൽ നീ ഒരു വാക്ക് കല്പിച്ചാൽ എന്റെ വേലക്കാരൻ സൌഖ്യമാകും. ഞാനും അധികാരത്തിൽ കീഴുള്ളവനാണ്, മറ്റുള്ളവരുടെമേൽ എനിക്ക് അധികാരമുണ്ട്. ഞാൻ ഒരു പടയാളിയോടു വരാൻ പറഞ്ഞാൽ വരും പോകാൻ പറഞ്ഞാൽ പോകും എന്ത് പറഞ്ഞാലും അവർ അനുസരിക്കും." യേശുവിന്റെ അധികാരവും യേശു പറയുന്നതെന്തും സംഭവിക്കുമെന്നും ശതാധിപൻ മനസ്സിലാക്കി. യേശു ഇതു കേട്ടപ്പോൾ, ആശ്ചര്യത്തോടെ ഇങ്ങനെ പറഞ്ഞു, "ഞാൻ നിങ്ങളോടു പറയുന്നു, യിസ്രായേലിൽ പോലും ഇത്ര വലിയ വിശ്വാസം ഞാൻ കണ്ടിട്ടില്ല". അന്നു സന്ധ്യയിൽ ശതാധിപനും വേലക്കാരും വീട്ടിൽ ചെന്നപ്പോൾ, രോഗിയായി മരിക്കാൻ കിടന്ന ശതാധിപന്റെ ദാസൻ സൌഖ്യമായിരിക്കുന്നതു കണ്ടു.

## പ്രായോഗികം (പാഠം 8)

ശതാധിപനെപ്പോലെ, എന്റെ അടുത്തില്ലാത്തതിനെപ്പോലും മാറ്റുവാൻ എന്റെ   വിശ്വാസത്തിനു കഴിയും.

## മന:പാഠ വാക്യം (പാഠം 8)

യേശു അതു കേട്ടിട്ട് അവങ്കൽ ആശ്ചര്യപ്പെട്ടു തിരിഞ്ഞുനോക്കി, അനുഗമിക്കുന്ന കൂട്ടത്തോട്; യിസ്രായേലിൽ കൂടെ ഇങ്ങനെയുള്ള വിശ്വാസം ഞാൻ കണ്ടിട്ടില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു (ലൂക്കോസ് 7:9).

## അസൈൻമെൻറ് (പാഠം 8)

നിങ്ങളുടെ കൂട്ടുകാരനോ ബന്ധുവിനോ ഒരു കത്തെഴുതി അവർക്കു എങ്ങനെയുണ്ടെന്നു ചോദിക്കുക. അവർക്കു എന്തെങ്കിലും പ്രാർത്ഥനാ വിഷയമുണ്ടോയെന്നു ആരായുക.

## ദൈവത്തിന്റെ ഡി.എൻ.എ (പാഠം 8)




ഈ പാഠത്തിൽ നിന്ന് ദൈവത്തെക്കുറിച്ച നാം എന്താണു പഠിച്ചത്? ദൈവത്തിനാണ് പരമോന്നത അധികാരം.



# വിനോദത്തിന്റെ സമയം (പാഠം 8)

## ഗയിം (പാഠം 8)

ബീൻബാഗ് ഗയിം

ഗയിമിനുവേണ്ടി അദ്ധ്യാപകർക്കു താൽക്കാലികമായി കുറച്ചു ബീൻബാഗ് ഉണ്ടാക്കുവാൻ കഴിയും അവ ഉണ്ടാക്കുന്നതിനു, ചെറിയ ഇരട്ട ബാഗ് (ഒരു ബാഗ് മറ്റേ ബാഗിന്റെ   ഉള്ളിൽ ഇടുക) ഉണ്ടാക്കുക. പിന്നീട് അതിൽ ഒരു കപ്പ് ഉണങ്ങിയ ബീൻസ് അല്ലെങ്കിൽ അരി ഇടുക. അതു ളുകിപ്പോകാതിരിക്കുന്നതിനു ഒരു ചരട് കൊണ്ട് നന്നായി മൂടിക്കെട്ടുക.

കുട്ടികൾ ബീൻബാഗ് പതിയെ മുകളിലേക്കെറിഞ്ഞു വീണ്ടും പിടിക്കുക.

കുട്ടികൾ വേറൊരു കുട്ടിക്ക് ബീൻബാഗ് എറിഞ്ഞു കൊടുക്കുക. ബീൻബാഗ് പിടിക്കുന്ന ഒരു പടി പിറകോട്ടു മാറി  എറിയുന്ന ബാഗ് പിടിക്കുവാൻ ബുദ്ധിമുട്ടുന്ന അത്രയും മാറുക. പിന്നീട് അടുത്ത കുട്ടിക്ക് പതിയെ എറിഞ്ഞു കൊടുക്കുക.

മുതിർന്ന കുട്ടികൾക്കു വേണ്ടിയുള്ള വിശേഷാലുള്ള ആശയങ്ങൾ

കുട്ടികൾ ബീൻബാഗ് എറിഞ്ഞിട്ട്, അതു വായുവിൽ നിൽക്കുമ്പോൾ കൈ അടിച്ചിട്ട് അതു പിടിക്കുക.

കുട്ടികൾ ബീൻബാഗ് എറിഞ്ഞിട്ട്, ഒരു കൈ പിറകിൽ കെട്ടി, ഒരു കൈ കൊണ്ടു പിടിക്കുക.

## ചർച്ച (പാഠം 8)

(മുതിർന്ന കുട്ടികൾക്കു മാത്രം)

1.സൌഖ്യത്തിൽ വിശ്വാസത്തിന്റെ ഭാഗമെന്താണ്?



വിശ്വാസം എന്നത്, നിങ്ങൾക്കു ചിലതു കാണുവാൻ കഴിയാത്തപ്പോഴും അതിൽ തന്നെ പ്രതീക്ഷിക്കുന്നതാണ്. താഴെപ്പറയുന്ന ഉദാഹരണങ്ങൾ സൌഖ്യത്തിൽ വിശ്വാസത്തിന്റെ പ്രവർത്തനം കാണാവുന്നതാണ്: യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങലിൽ തൊട്ടാൽ തനിക്കു സൌഖ്യം വരുമെന്നു ഒരു സ്ത്രീ വിശ്വസിച്ചു, അവൾക്കു സൌഖ്യമായി. യേശു അവളോടു പറഞ്ഞു, "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു". മർക്കോസ് രണ്ടാം അദ്ധ്യായത്തിൽ ഒരു മനുഷ്യനെ വീടിന്റെ മേൽക്കൂര പൊളിച്ചു യേശുവിന്റെ മുമ്പിലേക്കിറക്കി വച്ചു, വേദപുസ്തകം പറയുന്നു, അവന്റെ കൂട്ടുകാരുടെ വിശ്വാസം കണ്ടിട്ട് യേശു അവനെ സൌഖ്യമാക്കി. ലൂക്കോസ് ഏഴാം അദ്ധ്യായത്തിൽ ശതാധിപന്റെ വിശ്വാസം നിമിത്തം ദൂരത്തിരുന്നപോലും യേശു അവന്റെ ദാസനു സൌഖ്യം നല്കി. മത്തായി 15-ൽ ഒരു സ്ത്രീ തന്റെ വിശ്വാസത്തിന്റെ പ്രദർശനത്താൽ യേശുവിന്റെ മനസ്സ് മാറ്റി, താൻ ആഗ്രഹിച്ച സൌഖ്യം നേടിയെടുത്തു.  ആയതിനാൽ രോഗ സൌഖ്യത്തിനു വിശ്വാസം വളരെ പ്രധാനമാണെന്നു വ്യക്തമാണ്. അതുകൊണ്ടു, നിങ്ങൾ ആഗ്രഹിക്കുന്ന സൌഖ്യം നിങ്ങൾക്കു ലഭിച്ചില്ലായെങ്കിൽ, ഒരു പക്ഷേ നിങ്ങൾക്കു വിശ്വാസത്തിന്റെ കുറവുണ്ടാകാം. എന്തുകൊണ്ട് നമുക്കു സൌഖ്യം ലഭിക്കുന്നില്ലായെന്നു പലപ്പോഴും നമുക്കു വ്യക്തമാകുന്നില്ല. എന്നാൽ വിശ്വാസം പ്രധാനപ്പെട്ടതാണെന്നു നമുക്കു മനസ്സിലാക്കുവാൻ കഴിയും.


2. വിശ്വാസത്തിന്റെ അളവിനു നിങ്ങൾക്കു സ്കൂൾ തലത്തിൽ പദവി ലഭിക്കുകയാണെങ്കിൽ എന്തു പദവി ആയിരിക്കും അത്?


വ്യത്യസ്ത പദവികൊണ്ട് അർത്ഥമാക്കുന്നതെന്തെന്നു ചർച്ച ചെയ്യുക, ജയിക്കുക എന്നാൽ എന്താണ്(ഗ്രേഡ് സമ്പ്രദായത്തിനു വേണ്ടി കംബ്യൂട്ടർ ഉപയോഗിക്കുക. ചിലർക്ക് 10 ഒരു വലിയ മാർക്കാണ് എന്നാൽ ചിലയിടങ്ങളിൽ അത് 'A' ആണ്). വിശ്വാസത്തിൽ കഷ്ടിച്ചു ജയിച്ചു എന്നു പറഞ്ഞാൽ എന്താണ്, വിശ്വാസത്തിൽ 10 മാർക്ക് അല്ലെങ്കിൽ 'A' ലഭിച്ചു എന്നുപറഞ്ഞാൽ എന്താണ്? ഉദാഹരണങ്ങൾ: വിട്ടുകളയുന്നത് പരാജയമായിരിക്കാം, എന്നാൽ നിൽക്കുകയും അനുസരിക്കുകയും ചെയ്യുന്നത് ജയവുമാണ്. നിങ്ങൾ അനുസരിക്കുകയും എന്നാൽ ധാരാളം പറയുകയും ചെയ്താൽ ഒരു പക്ഷേ നിങ്ങൾക്ക് B അല്ലെങ്കിൽ 8 മാർക്ക് ലഭിച്ചേക്കാം കാരണം നിങ്ങളുടെ പരാതിയാണ്.

3. അക്രൈസ്തവർക്ക് ഏതു തരാം വിശ്വാസമാണുള്ളത്?

നിങ്ങൾക്കു കാണാൻ കഴിയാത്ത ചില കാര്യങ്ങളിലുള്ള പ്രത്യാശയാണ് വിശ്വാസം; അക്രൈസ്തവർക്കും വിശ്വാസമുണ്ട്. നാം ഒരു കസേരയിൽ ഇരിക്കുമ്പോൾ അതു ഒടിഞ്ഞുപോകില്ലെന്നു നമുക്ക് ഒരു വിശ്വാസമുണ്ട്. പരിണാമത്തിൽ വിശ്വസിക്കുന്നതിനു ഒരു വിശ്വാസമുണ്ട് അല്ലെങ്കിൽ തിരഞ്ഞെടുപ്പിൽ വിജയിക്കുമെന്ന് ഒരു രാഷ്ട്രീയ നേതാവിനു പ്രത്യാശയുണ്ട്. യഥാർത്ഥമല്ലാത്ത ദൈവങ്ങളിൽ ജനങ്ങൾക്കു വിശ്വാസമുണ്ട്. ചിലനേരത്തു ജനങ്ങളിലുള്ള വിശ്വാസം അവരെ പരാജയപ്പെടുത്തുന്നു. ലോകത്തിൽ എല്ലായിടത്തും വിശ്വാസമുണ്ട്. എല്ലാവര്ക്കും ചിലതിൽ വിശ്വാസമുണ്ട്.

## വിദ്യാർത്ഥിയുടെ പേജിലെ ഉത്തരങ്ങൾ (പാഠം 8)






## ലൂക്കാസിന്റെ പരീക്ഷണങ്ങൾ (പാഠം 8)

നിങ്ങളുടെ വിദ്യാർത്ഥികൾ ബലൂൺ വീർപ്പിച്ചിട്ട് അതു അവരുടെ തലയിൽ ഉരസി ഘർഷണ വൈദ്യുതി സൃഷ്ടിക്കാറുണ്ടോ. ബലൂൺ ഭിത്തിയിൽ വയ്ക്കുക, സഹായം കൂടാതെ അത് എപ്രകാരമാണ് ഭിത്തിയിൽ ഒട്ടിപ്പിടിച്ചിരിക്കുന്നതെന്നു നോക്കുക, അതിന്റെ ഘർഷണ വൈദ്യുതി നിമിത്തമാണത്.

https://www.facebook.com/childrenareimportant/videos/1293034897399557/

# --[ കേസ് 9 ] --



## സൂചനകൾ (പാഠം 9)

### 1സൂചന # 1തലക്കെട്ട് (പാഠം 9)

അന്ധതയുടെ നിഗൂഢമായ ആക്രമണത്തിന്റെ കേസ്

### 2 സൂചന # 2 നാടകം (പാഠം 9)

വ്യാഖ്യാതാവ്: ഇതൊരു കെട്ടുകഥയാണ് നിരപരാധിയുടെ സുരക്ഷയെക്കരുതി പേരും സ്ഥലവും മാറ്റിയിരിക്കുന്നു.

ഇൻസ്പെക്ടർ: (വാതിലിൽ മുട്ടുന്നു) പ്രഭാത വന്ദനം, ഇത് ആരോഗ്യവകുപ്പിൽ നിന്നാണ് എനിക്കു നിങ്ങളോടു ചിലതു ചോദിക്കാനുണ്ട്.



യൂദാ : (വാതിലിന്റെ അടുത്തു നിന്ന്) അതെ ഇൻസ്പെക്ടർ

ഇൻസ്പെക്ടർ: എന്തെക്കെയോ ആരോഗ്യ സംരക്ഷണമൊക്കെ ഇവിടെ നടക്കുന്നുവെന്നു ഞാൻ കേട്ടു. നിങ്ങളിവിടെ വൈദ്യചികിത്സ നൽകുന്നുണ്ടോ?

യൂദാ : ഇല്ല, സാർ

ഇൻസ്പെക്ടർ: ആ യാത്രക്കാരന്റെ കാര്യത്തിൽ എന്താണ് നിങ്ങളുടെ ഇടപെടലെന്നു വിശദീകരിക്കാമോ?

യൂദാ : അയാൾ അയാളുടെ സംഘവുമായിട്ടാണ് വന്നത്.

ഇസ്പെക്ടർ: നിങ്ങൾ അയാൾക്കു എന്തെങ്കിലും പ്രത്യേക ഭക്ഷണം കൊടുത്തോ?

യൂദാ : അയാളുടെ കൂട്ടുകാർ ധാരാളം കഴിച്ചു, എന്നാൽ സഞ്ചാരി എന്തെങ്കിലും കഴിച്ചതു കണ്ടുവോ എന്നു എനിക്ക് ഉറപ്പില്ല. അയാൾ പ്രാർത്ഥനയിൽ ധാരാളം ചിലവഴിച്ചു.

ഇൻസ്പെക്ടർ: നിങ്ങൾ അയാളെ നന്നായി നോക്കിയോ?

യൂദാ : യതാർത്ഥത്തിൽ ഇല്ല. ഞാൻ അയാളെ സഹായിച്ചു, ഞാൻ ഡോക്ടറെ വിളിക്കട്ടെന്ന് അയാളോടു ചോദിച്ചു, എന്നാൽ അയാൾ എന്നെ അതിനനുവദിച്ചില്ല. അയാൾ ആർക്കുവേണ്ടിയോ കാത്തിരിക്കുകയായിരുന്നു.

ഇൻസ്പെക്ടർ: അതുകൊണ്ട്, തന്റെ കൂട്ടുകാരിൽ ഒരാളെ അവർക്കുവേണ്ടി താൻ അയച്ചുവോ?

യൂദാ : ഇല്ല, സത്യത്തിൽ അവർ ആരോടും സംസാരിച്ചില്ല. അയാൾ പ്രാർത്ഥിച്ചു കാത്തിരിക്കുകയായിരുന്നു.

ഇൻസ്പെക്ടർ: പിന്നീട് എന്തു സംഭവിച്ചു.

യൂദാ : നല്ലത്, ചില ദിവസങ്ങൾക്കു ശേഷം ആരോ പ്രദർശിപ്പിച്ചു, അയാളെ തൊട്ടു, ചില കാര്യങ്ങൾ പറഞ്ഞു, അയാളെ കഴുകി, പിന്നെ വിട്ടുപോയി.

ഇൻസ്പെക്ടർ: അയാൾ ഒരു ഡോക്ടർ ആയിരുന്നുവോ? അയാൾ എന്തെങ്കിലും മരുന്ന് കുറിച്ചു കൊടുത്തോ? എന്തെങ്കിലും ഉപകരണങ്ങൾ ഉപയോഗിച്ചോ?

യൂദാ : ഇല്ലാ, ഇല്ലാ, ഇല്ലേയില്ല.

ഇൻസ്പെക്ടർ: അവർ കൂട്ടുകാരായിരുന്നുവോ?

യൂദാ : യഥാർത്ഥത്തിൽ അവർ ശത്രുക്കളായിരുന്നെന്നാണ് ഞാൻ ചിന്തിച്ചത്, എന്നാൽ അവർ കൂട്ടുകാരെപ്പോലെ അഭിനയിച്ചു. ഇക്കാര്യങ്ങളിലെല്ലാം ഞാൻ ആശയക്കുഴപ്പത്തിലാണ്.

ഇൻസ്പെക്ടർ: ശരി, നിങ്ങളുടെ സഹായത്തിനു നന്ദി. വീണ്ടും നിങ്ങളെ ചോദ്യം ചെയ്യുന്നതിനു നിങ്ങളെ ഞാൻ എങ്ങനെ കാണും.

യൂദാ : ഈ നേരെയുള്ള വീഥിയിൽ, എന്റെ വീട്ടിൽ ഞാൻ കാണും.

## 3 സൂചന # 3 വസ്തു (പാഠം 9)





സൂചനയെന്ന നിലയിൽ ക്ലാസ്സിൽ ഈ വസ്തു കൊണ്ടുവരിക : സൺ ഗ്ലാസ്.

## 4 സൂചന # 4 പുരാവസ്തു ശാസ്ത്രം (പാഠം 9)

തർഗ്ഗീസ്സിലെ തകർന്ന പട്ടണത്തിന്റെ പടം, ഇന്ന് അവിടെ മിക്കവാറും 200,000 സ്ഥിര വാസികളുണ്ട്. മെഡിറ്ററേനിയൻ കടലിൽ നിന്നു അധികം ദൂരത്തല്ലാതെയാണ് ഇത് സ്ഥിതി ചെയ്യുന്നത് (രഹസ്യം: അപ്പോസ്തലനായ പൌലോസ് തർഗ്ഗീസ് പട്ടണത്തിൽ നിന്നുള്ളവനായിരുന്നു).

## 5 സൂചന # 5ബൈബിൾ രംഗം (പാഠം 9)




രഹസ്യം: നേർവ്വീഥി എന്നു വിളിക്കുന്ന തെരുവിലേക്കു ശൌലിനെയും ശൌലിനു ഒരു വടിയും അയച്ചു. കാരണം കർത്താവിനെ അനുസരിക്കുമ്പോൾ അവൻ കുരുടനായിരുന്നു.

# വ്യവഹാരം പരിഹരിച്ചു വ്യവഹാരം പരിഹരിച്ചു

## വ്യവഹാരം പരിഹരിച്ചു! (പാഠം 9)

### ബൈബിൾ കഥ (പാഠം 9)

**പൌലോസിന്റെ മാനസാന്തരം**

**ബൈബിളിൽ നിന്ന് .പ്ര .അ :9:1-19**



യേശുവിനെ അനുഗമിക്കുന്നതിനു മുൻപ് പൌലോസ് ഒരു ദുഷ്ട മനുഷ്യനായിരുന്നു., യേശുവിനെ അനുഗമിക്കുന്നവരെയെല്ലാം വെറുക്കുന്നവനുമായിരുന്നു. പാപികളിൽ ഞാൻ പ്രധാനിയാണെന്നുപോലും പൌലോസ് പറഞ്ഞു. യേശുവിനെ സ്നേഹിക്കുന്നതു കൊണ്ട്, ക്രിസ്ത്യാനികളായ ആരെയും ജയിലിലടയ്ക്കുവാൻ പൌലോസിനു അധികാരമുണ്ടായിരുന്നു. ഒരു ദിവസം പൌലോസ് ദാമാസ്കസിലെക്കു പോവുകയായിരുന്നു, അവിടെയുള്ള ക്രിസ്ത്യാനികളെ ജയിലിലടയ്ക്കുന്നതിനു വേണ്ടിയായിരുന്നു താൻ പോയത്. പെട്ടെന്ന് ഒരു സ്വർഗ്ഗീയ വെളിച്ചം മിന്നി പൌലോസ് നിലത്തുവീണു. താൻ ഒരു ശബ്ദം കേട്ടു, "ശൌലേ നീ എന്തിനാണ് എന്നെ ഉപദ്രവിക്കുന്നത്! ആരാണ് സംസാരിക്കുന്നതെന്നറിയുവാൻ അവൻ ആഗ്രഹിച്ചു, പെട്ടെന്ന് ഒരു ശബ്ദം കേട്ടു "നീ ഉപദ്രവിക്കുന്ന കർത്താവാണു ഞാൻ, നീ എഴുന്നേറ്റു പട്ടണത്തിലേക്കു പോക". പൌലോസ് എഴുന്നേറ്റപ്പോൾ തനിക്ക് ഒന്നും കാണുവാൻ കഴിയില്ലെന്നു താൻ തിരിച്ചറിഞ്ഞു. യേശു അവനെ അന്ധനാക്കി മാറ്റിയിരുന്നു. പൌലോസിനു അവിടെ ചില കൂട്ടുകാരുണ്ടായിരുന്നു, അവർ പട്ടണത്തിൽ അദ്ദേഹത്തെ സഹായിച്ചു. അവിടെ പൌലോസ് മൂന്നു ദിവസം തിന്നുകയോ കുടിക്കുകയോ ചെയ്യാതെ പ്രാർത്ഥനയിൽ തന്നെ സമയം ചിലവഴിച്ചു. പൌലോസ് പ്രാർത്ഥിക്കുമ്പോൾ, ദൈവം തന്റെശിഷ്യനായ അനന്യാസിനോടു സംസാരിച്ചു. പൌലോസിന്റെ അന്ധത മാറുവാൻ അനന്യാസ് അവിടെ പോയി പ്രാർത്ഥിക്കുവാൻ ദൈവം പറഞ്ഞു. അനന്യാസ് ആശ്ചര്യപ്പെട്ടു, പൌലോസ് കഴിഞ്ഞ ദിനങ്ങളിൽ ക്രിസ്ത്യാനികളെ എങ്ങനെ പീഡിപ്പിച്ചുവെന്നുമുള്ള എല്ലാകാര്യങ്ങളും ദൈവത്തോടു പറഞ്ഞു. ജാതികളേയും യിസ്രായേൽ ജനത്തേയും താൻ എത്രമാത്രം സ്നേഹിക്കുന്നുവെന്നു അവരോടു പറയുവാൻ ഞാൻ പൌലോസിനെ തിരഞ്ഞെടുത്തിരിക്കുന്നുവെന്നു ദൈവം അനന്യാസിനോടു പറഞ്ഞു. അങ്ങനെ പറഞ്ഞതനുസരിച്ച് അനന്യാസ് പൌലോസിനുവേണ്ടി

പ്രാർത്ഥിക്കുവാൻ പോയി. അനന്യാസ് പൌലോസിന്റെ മേൽ കൈവെച്ചു പ്രാർത്ഥിച്ചപ്പോൾ പരിശുദ്ധാത്മാവ് പൌലോസിനെ നിറച്ചു, അന്ധത തന്റെ കണ്ണിൽ നിന്നു വീണു. പൌലോസിന്റെ ഹൃദയം മാറി, താൻ പെട്ടെന്ന് പോയി സ്നാനപ്പെട്ടു.

## പ്രായോഗികം (പാഠം 9)

ഞാൻ എന്റെ ശത്രുക്കളെ സ്നേഹിക്കുന്നു.

## മന:പാഠ വാക്യം (പാഠം 9)

"ഞാനോ നിങ്ങളോടു പറയുന്നതു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ" മത്തായി 5:44

## അസൈന്മെന്റ് (പാഠം 9)

നിങ്ങളോടു മോശമായി പെരുമാറിയ ഒരാൾക്ക് ഒരു സമ്മാനം വാങ്ങി നല്കുക.

## ദൈവത്തിന്റെ ഡി.എൻ.എ (പാഠം 9)




ഈ പാഠത്തിൽ നിന്നു ദൈവത്തെക്കുറിച്ചു നാം എന്താണു പഠിച്ചത്? ദൈവം തന്റെ അസ്ഥിത്വം ജനത്തിനു വെളിപ്പെടുത്തുവാനാഗ്രഹിക്കുന്നു.



# വിനോദത്തിന്റെ സമയം (പാഠം 9)

## ഗയിം (പാഠം 9)

ശൌലിനെപ്പോലെ അന്ധനാകുക.

അദ്ധ്യാപകൻ ഒരു കുട്ടിയുടെ കണ്ണു മൂടിക്കെട്ടുന്നു. പിന്നീട് വേറൊരു കുട്ടി ശബ്ദമുണ്ടാക്കുമ്പോൾ അന്ധനായ കുട്ടി ശബ്ദമുണ്ടാക്കിയ കുട്ടിയെ പിടിക്കണം. അന്ധനായ കുട്ടി ശബ്ദമുണ്ടാക്കിയ കുട്ടിയെ തിരിച്ചറിയേണം. ഇങ്ങനെ പിടിക്കപ്പെട്ടിട്ടില്ലാത്ത കുട്ടികൾ ശബ്ദമുണ്ടാക്കാതെ സാവകാശം മുറിയിൽ കറങ്ങുക.

പ്രീ-സ്കൂൾ-രണ്ട് അംഗമുള്ള ടീമായി തിരിക്കുക. ഓരോ ടീമിനും ഒരു അന്ധനെ ലഭിക്കുന്നു. ഒരാൾ അന്ധനെ ഒരിടത്തു നിർത്തുന്നു, മറ്റെയാൾ ഈ അന്ധനെ അദ്ധ്യാപകൻ നേരത്തെ തയ്യാറാക്കി വെച്ചിരിക്കുന്ന ചെറിയ തടസ്സങ്ങളിലൂടെ നയിക്കുന്നു.

## ചർച്ച (പാഠം 9)

(മുതിർന്ന കുട്ടികൾക്കു മാത്രം)



1. ജനങ്ങൾ അന്യോന്യം വിധിക്കുമ്പോൾ, അതു എന്തു പോലെയിരിക്കും?

വിധിക്കുന്നത്, ചിലപ്പോഴൊക്കെ മന്ത്രിക്കുക, കുലുങ്ങിച്ചിരിക്കുക, ഒരാളിൽ നിന്നു അകന്നു നടക്കുക അല്ലെങ്കിൽ ഒരാളോടു സംസാരിക്കുവാൻ മടിക്കുക ഇതുപോലെയൊക്കെയായിരിക്കും. അടുത്ത കാലത്തായി പൌലോസ് ക്രിസ്ത്യാനികളെ കൊല്ലുന്നിടത്തോളം, മറ്റുള്ളവർ പൌലോസിനെ വിധിക്കുന്നത് എങ്ങനെയെന്നും ദൈവത്തിന്റെ വേല ചെയ്യാത്തവരെന്നു നാം കരുതുന്നവരെ ദൈവം എങ്ങനെയാണ് ഉപയോഗിക്കുന്നതെന്നും ഒരു അദ്ധ്യാപകനെന്ന നിലയിൽ ചർച്ച ചെയ്യുകയാണ് നിങ്ങളുടെ ലക്ഷ്യം.

2. ക്രിസ്ത്യാനികളെന്ന നിലയിൽ, നമുക്കു ശത്രുക്കളില്ല, അതുകൊണ്ട്, ഞാൻ സ്നേഹിക്കേണ്ട എന്റെ ശത്രു ആര്?

ക്രിസ്ത്യാനികളല്ലാത്തവർക്കുള്ളത്രയും അതേ രീതിയിലുള്ളതും ചിലപ്പോൾ അതിനേക്കാൾ മോശപ്പെട്ട രീതിയിലുള്ള വിവാദങ്ങൾ ക്രിസ്ത്യാനികൾക്കു ഉണ്ടെന്നുള്ള യഥാർത്ഥ്യം വിദ്യാർത്ഥികളുമായി ചർച്ച ചെയ്യാൻ ശ്രമിക്കുക. നമ്മോടു തന്നെ കളവു പറയരുത്, നമുക്ക് ശത്രുക്കളുണ്ടെന്നു നാം എല്ലാവരും അംഗീകരിക്കേണ്ടതാണ്. നമ്മെ വേദനിപ്പിച്ചവർ അല്ലെങ്കിൽ നമ്മുടെ എന്തെങ്കിലും സാധനമോ ഒരാളെയോ മോഷ്ടിച്ചവർ അങ്ങനെയുള്ളവരെ നാമായി കരുതരുത്. അങ്ങനെയുള്ളവരോടു നാം സ്നേഹം പ്രകടിപ്പിക്കണം.


3. ദൈവം നിങ്ങളോടു സംസാരിക്കുവാൻ ശ്രമിക്കുകയും നിങ്ങൾ കേൾക്കാതിരിക്കുകയും ചെയ്താൽ നിങ്ങളുടെ ശ്രദ്ധ കിട്ടുവാൻ അവൻ എന്താണ് ചെയ്യേണ്ടത്?


നമ്മുടെ ശ്രദ്ധ നേടുന്നതിനു ദൈവം ചിലപ്പോൾ ചില ശക്തമായ കാര്യങ്ങൾ ചെയ്യാറുണ്ട്. ഒരു പക്ഷേ അത്, കൂട്ടുകാരനെ നഷ്ടപ്പെടുന്നതാകാം, വേറൊരു പട്ടണം അല്ലെങ്കിൽ സംസ്ഥാനത്തേക്കു നിങ്ങളെ മാറ്റുന്നതാകാം, പരീക്ഷയിൽ മോശമായ മാർക്ക് ലഭിക്കുന്നതാകാം. സുഹൃത്ത് വേറൊരു ക്ലാസ്സിലേക്കു മാറുന്നതാകാം അല്ലെങ്കിൽ ഇടനാഴിയിൽ നിന്നു ആരുടെയെങ്കിലും രോദനം കേൾക്കുന്നതാകാം. നിങ്ങളുടെ ശ്രദ്ധ

ലഭിക്കുന്നതിനു ദൈവത്തിനു എന്തും ചെയ്യുവാൻ കഴിയും കാരണം, നമ്മുടെ ഭൌതീക നന്മയേക്കാൾ നമ്മുടെ ആത്മീയ നന്മയ്ക്കാണ് ദൈവം കൂടുതൽ പരിഗണിക്കുന്നത്.

## വിദ്യാർത്ഥിയുടെ പേജിനുള്ള ഉത്തരങ്ങൾ (പാഠം 9)





## ലൂക്കാസിന്റെ പരീക്ഷണം (പാഠം 9)

രണ്ടു കപ്പ്, രണ്ടു പേപ്പർ ക്ലിപ്പ് ഒരു വള്ളിയുടെ കഷണം തുടങ്ങിയവ ഉപയോഗിച്ച് ഒരു "സെൽ ഫോൺ" ഉണ്ടാക്കുക. നീളമുള്ള വള്ളി ഉപയോഗിച്ച് രണ്ടു കപ്പു തമ്മിൽ ബന്ധിപ്പിക്കുക, പിന്നീട് എതിരെയുള്ള മുറികളിൽ നിന്ന് ഈ കപ്പുകളുപയോഗിച്ചു സംസാരിക്കുക.

https://www.facebook.com/childrenareimportant/videos/1292377594131954/

# --[ കേസ് 10 ]--



## സൂചനകൾ (പാഠം 10)

### 1സൂചന # 1തലക്കെട്ട് (പാഠം 10)

അറിയപ്പെടാത്ത മന്ത്രിക്കുന്നവന്റെ കേസ്.

### 2സൂചന # 2നാടകം (പാഠം 10)

വ്യാഖ്യാതാവ്: ഇതൊരു കെട്ടുകഥയാണ്. നിരപരാധിയുടെ സുരക്ഷയെക്കരുതി പേരും സ്ഥലവും മാറ്റിയിരിക്കുന്നു.

പ്രവർത്തകൻ(വിദഗ്ദൻ) : അതെ, അടിയന്തിര സേവനം, എന്താണ് നിങ്ങളുടെ അടിയന്തിര ആവശ്യം.

ഫിനെയാസ്: വിശ്വാസ്യയോഗ്യമായ ഒരു മരണ ഭീഷണി എനിക്കു ലഭിച്ചു.

പ്രവർത്തകൻ: എപ്പോഴാണ് ഇതു സംഭവിച്ചത്.



ഫിനെയാസ് : കഴിഞ്ഞ രാത്രിയിൽ, അതു എന്റെ സഹോദരനാൽ പിതാവിന്റെ അടുക്കലേക്കു അയക്കപ്പെട്ടു.

പ്രവർത്തകൻ: ശരി, എനിക്കു മനസ്സിലാകുന്നുണ്ട്, നിങ്ങളുടെ സഹോദരൻ നിങ്ങളെ കൊല്ലുമെന്നു ഭീഷണിപ്പെടുത്തി.

ഫിനെയാസ്: നല്ലത്, കൃത്യമല്ല.

പ്രവർത്തകൻ: അവൻ ശരിക്കും നിന്റെ സഹോദരനല്ലേ.

ഫിനെയാസ് : നല്ലതു, അല്ല, എന്നാൽ മറ്റേ ഭാഗമാണ് ഞാൻ അർത്ഥമാക്കിയത്. അവൻ ശരിക്കും എന്നെ കൊല്ലാൻ പോവുകയല്ല.

പ്രവർത്തകൻ: ശരി, അതുകൊണ്ട് നിങ്ങൾ പറയുന്ന നിങ്ങളുടെ സഹോദരനല്ലാത്തവൻ നിങ്ങളെ കൊല്ലുകയില്ലെന്നാണോ നിങ്ങൾ പറയുന്നത്.

ഫിനെയാസ് : അതെ, അതു ശരിയാണ്.

പ്രവർത്തകൻ: ഇവിടെ അറിയിക്കേണ്ട എന്തെങ്കിലും ആവശ്യമുണ്ടെന്നു ഞാൻ കരുതുന്നില്ല സാർ.

ഫിനെയാസ് : കൊള്ളാം, ഞാനും എന്റെ സഹോദരനും ദൈവത്താൽ മരണപ്പെടുമെന്നാണ് അവർ പറയുന്നത്.

പ്രവർത്തകൻ: ദൈവത്താൽ നിങ്ങൾ രണ്ടുപേരും ഒരേ ദിവസം മരിക്കുവാൻ പോവുകയാണോ?

ഫീനെയാസ് : അത് ശരിയാണ്.

പ്രവർത്തകൻ: ഒരു നിമിഷം നില്ക്കുക. ഞാൻ നിങ്ങളുടെ ശബ്ദം തിരിച്ചറിഞ്ഞു എന്നു തോന്നുന്നു. എപ്പോഴും മാംസം ഭക്ഷിക്കുന്ന ആ തടിച്ച പുരോഹിതനാണോ നിങ്ങൾ.

ഫീനെഹാസ്: അല്ല. നിങ്ങൾ എന്റെ സഹോദരനെക്കുറിച്ചാണ് പറയുന്നത്. ഞാൻ മെല്ലിച്ചവനാണ്.

പ്രവർത്തകൻ: നോക്കൂ, ഞാൻ പരുക്കനാവാൻ ഉദ്ദേശിച്ചില്ല. എന്നാൽ അയാൾ തെറ്റു ചെയ്യുതായി ഞാൻ ഒരിക്കലും കേട്ടിട്ടില്ല. കൂടാതെ നിങ്ങൾ കർത്താവിനെതിരെ പാപം ചെയ്തിട്ടുണ്ടെങ്കിൽ ആര് നിങ്ങളെ സഹായിക്കും.

ഫീനഹാസ്: ഹൌ, അതു വളരെ കടുപ്പമായിപ്പോയി, അതുകൊണ്ടു, നിങ്ങൾ ഒരു ഉദ്യോഗസ്ഥനെ അയയ്ക്കുകയോ എന്തെങ്കിലും ചെയ്യുകയോ ആകാം.

പ്രവർത്തകൻ: സാർ, എനിക്കു ഖേദമുണ്ട്, നിങ്ങളെ സഹായിക്കുന്നതിനു ഞങ്ങൾക്കു ഒന്നും ചെയ്യാൻ കഴിയില്ല സഹായത്തിനു എന്തെങ്കിലും മാർഗ്ഗമുണ്ടോയെന്നു നോക്കുവാൻ നിങ്ങളുടെ പിതാവിനോടു ചോദിക്കുക.

ഫീനെഹാസ്: നല്ലതു, എന്തായാലും നന്ദി, വിട.


## 3 സൂചന # 3 വസ്തു (പാഠം 10)




സൂചനയെന്ന നിലയിൽ ഈ വസ്തു ക്ലാസ്സിൽ കൊണ്ടുവരിക: ചെവിയിൽ ഇടുന്ന ബഡ്സ്

## 4 സൂചന # 4 പുരാവസ്തുശാസ്ത്രം (പാഠം 10)

ഏലി ഈഥാമാറിന്റെ ചാർച്ചക്കാരനും അഹരോന്റെ പുത്രനും, പത്തു കല്പനകളടങ്ങിയ നിയമ പെട്ടകം ശീലോവിൽ ആയിരുന്നപ്പോൾ യിസ്രായേലിന്റെ ന്യായാധിപനും മഹാപുരോഹിതനുമായി സേവനമനുഷ്ഠിച്ചവനുമായിരുന്നു (സൂചന :ബൈബിൾ കഥകളിൽ ഏലിയെപ്പോലെ, ശമുവേലിന്റെ കാലത്ത് മഹാപുരോഹിതന്റെ വസ്ത്രം ധരിച്ച ചിത്രം).



## 5 സൂചന # 5 ബൈബിൾ രംഗം (പാഠം 10)

രഹസ്യം : സമാഗമന കൂടാരത്തിനുള്ളിൽ, നിലവിളക്ക് കാഴ്ചയപ്പംവെച്ചമേശ, ധൂമ പീഠം, തിരശീല, നിയമപെട്ടകം എന്നിവയുണ്ട്. കൂടാതെ ഒരു പുതപ്പും തലയിണയും ഉണ്ടായിരുന്നു. കാരണം ശമുവേൽ ഇതിനടുത്ത് തറയിലായിരുന്നു ഉറങ്ങിയിരുന്നത് 1ശമു: 3:3




# വ്യവഹാരം പരിഹരിച്ചു! (പാഠം 10)

## ബൈബിൾ കഥ (പാഠം 10)

**ശമുവേൽ ദൈവത്തിൽ നിന്നു കേൾക്കുന്നു.**

**ബൈബിളിൽ നിന്ന് :1 ശമുവേൽ 3:1-18.**



ശമുവേൽ ഒരു പ്രത്യേക ബാലനായിരുന്നു. ദൈവം തന്റെ ശുശ്രൂഷയ്ക്കു വേണ്ടി അവനെ വേർതിരിച്ചു. അവൽ സമാഗമന കൂടാരത്തിൽ ഏലിയോടൊപ്പം വളർത്തപ്പെട്ടു. ശമുവേൽ അവനോടു വിശ്വസ്തനായിരുന്നു.ശമുവേൽ കർത്താവിനെ എല്ലാറ്റിലും നന്നായി അനുസരിച്ചു. ഈ കാലയളവിൽ, ദൈവം തന്റെ ജനത്തോടു അധികം സംസാരിച്ചില്ലെന്നു മാത്രമല്ല, ശമുവേൽ ഒരിക്കലും ദൈവത്തിന്റെ ശബ്ദം കേട്ടില്ല. അതുകൊണ്ട്, രാത്രിയിൽ ദൈവം ശമുവേലിനെ പേരു ചൊല്ലി വിളിച്ചു എന്നാൽ വിളിച്ചത് ഏലിയാണെന്നു ശമുവേൽ ചിന്തിച്ചു. ഏലിക്ക് എന്തോ സംഭവിച്ചു എന്നു ചിന്തിച്ച് ഏലിയുടെ അടുത്തേക്ക് ഓടി. ഏലി വിളിച്ചിട്ടില്ലായെന്നു പറഞ്ഞ് കിടക്കയിലേക്ക് പൊയ്ക്കൊള്ളാൽ പറഞ്ഞയച്ചു. ശമുവേൽ ഉറക്കത്തിലേക്ക് വഴുതി വീണയുടനെ വീണ്ടും തന്റെ പേരു വിളിക്കുന്നതു ശമുവേൽ കേട്ടു, വീണ്ടും ഏലിയുടെ അടുത്തേക്ക് ഓടിച്ചെന്നു. ഏലി വിളിച്ചിട്ടില്ലായെന്നും പോയിക്കിടന്നു കൊള്ളുവാനും പറഞ്ഞു. ശമുവേൽ ഉറങ്ങിക്കഴിഞ്ഞപ്പോൾ വീണ്ടും തന്റെ പേരു വിളിക്കുന്നതു കേട്ടിട്ട് എലിയുടെ അടുക്കലേക്ക് ഓടിച്ചെന്നു. എന്നാൽ ഇപ്രാവശ്യം ഏലിയുടെ മറുപടി വ്യത്യസ്തമായിരുന്നു. ഏലി ശമുവേലിനോട്, ഇത് ഒരുപക്ഷേ ദൈവമായിരിക്കും അവനെ വിളിക്കുന്നതെന്നും ഇനി അങ്ങനെ സംഭവിച്ചാൽ ദൈവത്തോട് ഇങ്ങനെ പറയേണം "കർത്താവേ അരുളിച്ചെയ്യേണമേ, അടിയൻ കേൾക്കുന്നു" എന്നു പറഞ്ഞു. ഒരു പ്രാവശ്യം

കൂടി ശമുവേൽ തന്റെ കിടക്കയിൽ പോയി കിടന്നുറങ്ങി, എന്നാൽ വീണ്ടും തന്റെ പേരു വിളിക്കുന്നതു കേട്ട് ഉണർന്നു. അവൻ കിടക്കയിലിരുന്നുകൊണ്ട് പറഞ്ഞു "കർത്താവേ അരുളിച്ചെയ്യേണമേ അടിയൻ കേൾക്കുന്നു". ദൈവം ശമുവേലിനോട് ഏറെക്കാര്യങ്ങൾ പങ്കുവെച്ചു, ദൈവം പറഞ്ഞതിൽ ഒരു കാര്യം ഏലിയുടെ മക്കൾക്കുണ്ടാകുവാൻ പോകുന്ന നാശത്തെക്കുറിച്ചായിരുന്നു. ദൈവം ശമുവേലിനോട് സംസാരിച്ചു, ഇപ്രാവശ്യം ശമുവേൽ ശ്രദ്ധിച്ചു കേട്ടു.

## പ്രായോഗികം (പാഠം 10)

ഞാൻ അവനെ ശ്രവിക്കുമ്പോൾ ദൈവം എന്നോട് സംസാരിക്കും

## മന:പാഠ വാക്യം (പാഠം 10)

ആടുകൾ അവന്റെ ശബ്ദം കേൾക്കുന്നു; തന്റെ ആടുകളെ അവൻ പേർ ചൊല്ലി വിളിച്ചു പുറത്തു കൊണ്ടുപോകുന്നു (യോഹ. 10:3b)

## അസൈൻമെന്റ് (പാഠം 10)

ഈ ആഴ്ചയിൽ, മുതിർന്ന ചിലരെ അഭിമുഖസംഭാഷണം നടത്തുക, അതിൽ നിന്നു ദൈവ ശബ്ദം കേട്ട ശമുവേലിനെ ഇഷ്ടപ്പെടുന്നവരെ കണ്ടെത്തുക. പിന്നീട്, "ദൈവം എപ്പോഴെങ്കിലും അവരോടു സംസാരിച്ചിട്ടുണ്ടോ" എങ്ങനെയാണ് ദൈവം നിങ്ങളോടു സംസാരിച്ചത്? ആ സംസാരിച്ചത് ദൈവമായിരുന്നുവെന്നു നിങ്ങൾക്കെങ്ങനെ അറിയാം, എന്നൊക്കെ ചോദിക്കുക.

## ദൈവത്തിന്റെ ഡി.എൻ.എ (പാഠം 10)




ഈ പാഠത്തിൽ നിന്നു നാം ദൈവത്തെക്കുറിച്ചു എന്താണു പഠിച്ചത്? തന്റെ ജനങ്ങളുമായി ആശയവിനിമയം നടത്തുവാൻ ദൈവമാഗ്രഹിക്കുന്നു.



# വിനോദത്തിന്റെ സമയം (പാഠം 10)

## ഗയിം (പാഠം 10)

ശ്രദ്ധിക്കുന്നതിന്റെ ഗയിം.

അവർ നല്ല ശ്രോതാക്കളാണോ എന്ന ചോദ്യത്തോടെ അദ്ധ്യാപകൻ ക്ലാസ്സ് ആരംഭിക്കുന്നു. ശ്രദ്ധിക്കാത്ത കുട്ടികളെ കണ്ടുപിടിക്കുവാൻ ഈ പറയുന്ന ഗുണങ്ങൾ ഉപയോഗിക്കുക.

- 3 ആപ്പിളിൽ നിന്നു നിങ്ങൾ രണ്ടെണ്ണം എടുത്താൽ, നിങ്ങളുടെ കൈയ്യിൽ എന്തുണ്ട്? (ഒന്നല്ല, രണ്ടു, കാരണം അത് നിങ്ങളുടെ കൈയ്യിലാണ് ).
- ചാടിക്കൊണ്ട് ഞാൻ പറയുന്നത് 5 പ്രാവശ്യം ഏറ്റു പറയുക; ഹോപ്പ്, ഹോപ്പ്, ഹോപ്പ്, ഹോപ്പ്, ഹോപ്പ്. ട്രാഫിക്കിലുള്ള പച്ച ലൈറ്റ് തെളിയുമ്പോൾ നിങ്ങൾ ചെയ്യുന്നതെന്ത്? ('പോകുക' എന്നതാണ് ഉത്തരം 'നിർത്തുകയല്ല')
- കൈകൊട്ടുക, ഹോൺമുഴക്കുക, മഴ തുടങ്ങിയ ശബ്ദം കേൾപ്പിക്കുന്നതിനു സി.ഡി ഉപയോഗിക്കുക (അല്ലെങ്കിൽ ഓൺ ലൈനിൽ നിന്നുമെടുത്ത് നിങ്ങളുടെ ഫോണിൽ കേൾപ്പിക്കുക). കണ്ണുകളടച്ച് കൈകളുയർത്തി നിൽക്കുന്ന കുട്ടികളോട് ഈ ഓരോ ശബ്ദം കേൾക്കുമ്പോൾ അത് എന്താണെന്നു പറയുവാൻ ആവശ്യപ്പെടുക നിങ്ങളുടെ മൊബൈൽ ഫോണിൽ നിന്നു ശബ്ദം കേൾപ്പിക്കുക. ഒരു പ്രാവശ്യം ഒരു ശബ്ദം മാത്രം കേൾപ്പിക്കുക, എന്നിട്ട് കുട്ടികളോട് അതു എന്താണെന്നു പറയുവാൻ ആവശ്യപ്പെടുക.
- കുട്ടികളെ 4 കൂട്ടങ്ങളായി തിരിക്കുക. ഓരോ കുട്ടികൾക്കും 1,2,3,4 എന്നു നമ്പരിടുക. പൊതുവായ നാല് വസ്തുക്കൾ മേശയിലോ കസേരയിലോ വയ്ക്കുക (നാണയം, പെൻസിൽ, കല്ല്, പേപ്പർ). ഇതിനുള്ള നിർദ്ദേശങ്ങൾ മുൻപേ തന്നെ എഴുതി കുട്ടികളോട് വായിക്കുവാൻ പറയുക. ഉദാഹരണമായി, നമ്പർ 2 പേപ്പർ എടുക്കുക, നമ്പർ 1 നാണയമെടുത്ത് നമ്പർ 4നെ ഏല്പിക്കുക, നമ്പർ 3 പെൻസിൽ നമ്പർ 1നു കൊടുക്കരുത്. കുട്ടികൾ നിർദ്ദേശങ്ങൾ നന്നായി പാലിക്കുവാനാണ് ഈ വസ്തുക്കൾ അവസാനം ആരുടെ കൈയ്യിൽ എന്ത് സാധനമെന്നുള്ളതെന്നു നോക്കുക. അദ്ധ്യാപകർക്ക് വ്യത്യസ്ത വസ്തുക്കൾ അല്ലെങ്കിൽ വാക്കുകൾ (നേടുക, കൊട്ടുക്കുക, കൈ, പോകുക, എടുക്കുക, വിടുക, വ്യാപാരം) ഉപയോഗിച്ചു മാറ്റം വരുത്തുക.

## ചർച്ച (പാഠം 10)

മുതിർന്ന കുട്ടികൾക്കു മാത്രം)

1. ദൈവം നിങ്ങളോടു സംസാരിക്കുന്നുവെന്നും ആളെങ്കിൽ നിങ്ങളുടെ വയറ്റിലുള്ളതു ഉച്ചഭക്ഷണത്തിനുള്ളതാണെന്നും നിങ്ങൾക്കു എങ്ങനെ അറിയാം?

ദൈവത്തിൽ നിന്നു എങ്ങനെയാണ് കേൾക്കുന്നതെന്നും എല്ലാ ക്രിസ്ത്യാനികളും അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്. ആദ്യമായി വേദപുസ്തകം എന്താണു പറയുന്നതെന്നു കേട്ടു ഉറപ്പുവരുത്തുക. വചനത്തിൽ ദൈവം പറഞ്ഞതിനും ചെയ്തതിനും വിരുദ്ധമായി

ഒന്നുമില്ല. രണ്ടാമത്, നിങ്ങളുടെ അധികാരികൾ, മാതാപിതാക്കൾ, പാസ്റ്റർ അല്ലെങ്കിൽ അദ്ധ്യാപകർ ചെയ്യുന്ന കാര്യങ്ങൾ വചന വിരുദ്ധവും ദൈവം പറയുന്നതിനു എതിരുമല്ലെന്നു ഉറപ്പാക്കുക. മൂന്നാമതായി നിങ്ങളുടെ ആത്മാവിൽ, നിങ്ങൾ ശരിയാണെന്നു പരിശോധിച്ചു ഉറപ്പാക്കുക.




2. ആത്മാക്കൾ യതാർത്ഥമാണോ?


ശമുവേലിനോടു ഒരു ആത്മാവല്ല സംസാരിച്ചതു മറിച്ചു കർത്താവു തന്നെയായിരുന്നു. എന്നാൽ ഈ കഥ ആത്മാവിന്റെ ഒരു ചിന്തയെ കൊണ്ടുവരുന്നില്ല. ഭൂമിയിൽ ഭൂതങ്ങളും പ്രേതങ്ങളും ഇപ്പോഴുമുണ്ടെന്നു ബൈബിൾ വ്യക്തമാക്കുന്നു, ആത്മ ജീവികളെ നമുക്കു കാണുവാൻ കഴിയില്ല. മരിച്ചു പോയവർ വീടിനുചുറ്റുമോ ആ സ്ഥലങ്ങളിലോ ചുറ്റിക്കറങ്ങുമെന്നു വചനത്തിൽ ഒരിടത്തും കാണുന്നില്ല. ആയതിനാൽ മിക്കപ്പോഴും അത്മാവുണ്ടെന്നു ജനം ചിന്തിക്കുന്നു, അത് അവരുടെ സങ്കൽപ്പമോ അല്ലെങ്കിൽ ഒരു പിശാചോ ആണ്. പിശാചിനെ ശാസിക്കുവാൻ നമുക്കു ദൈവത്തിൽ നിന്നു അധികാരം ലഭിച്ചിട്ടുണ്ട്, ഭയപ്പെടുത്തുന്ന എല്ലാ ചിന്തകളെയും നാം പിടിച്ചടക്കണം. അതുകൊണ്ട് ക്രിസ്ത്യാനിയെന്ന നിലയിൽ ആത്മാക്കളെ ഭയപ്പെടേണ്ട കാര്യമില്ല. ഒന്നുകിൽ നമ്മുടെ ചുറ്റിക്കളിക്കുന്നതു അവസാനിപ്പിക്കുവാൻ നമ്മുടെ മനസ്സിനോടു നമുക്കു പറയുവാൻ കഴിയണം, അല്ലെങ്കിൽ പിശാചിനു സ്ഥാനമില്ലാത്തയിടത്തു നിന്നു പുറത്തു പോകുവാൻ പിശാചിനെ ശാസിക്കുവാൻ കഴിയണം.


3. ആരാണ് ശ്രദ്ധിക്കേണ്ടത്?

ഒരാളെപ്പോലെയാകുവാൻ നിങ്ങൾ ആഗ്രഹിക്കാത്തിടത്തോളം അവരുടെ ഉപദേശം സ്വീകരിക്കുകയോ അവർ നേടിയത് നേടുവാൻ ആഗ്രഹിക്കുകയോ ചെയ്യരുത്. ശരിയായത് ചെയ്യുവാൻ നിങ്ങൾക്കു ആഗ്രഹമുണ്ടോ? വചനം പറയുന്നതു നിങ്ങൾക്കറിയാവുന്നതുമായ കാര്യങ്ങളോടു ചെരാത്തിടത്തോളം ഒരാളുടെ ഉപദേശം സ്വീകരിക്കുകയോ അനുധാവനം ചെയ്യുകയോ അരുത്. നിങ്ങളുടെ മുമ്പിൽ ആത്മീയോന്നതിയുള്ളവരെയും അവരെപ്പോലെയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവരെയും പിന്തുടരുക.

## വിദ്യാർത്ഥിയുടെ പേജിലെ ഉത്തരങ്ങൾ (പാഠം 10)



## ലൂക്കാസിന്റെ പരീക്ഷണങ്ങൾ (പാഠം 10)

ഒരു വിദ്യാർത്ഥിയുടെ കണ്ണു മൂടിക്കെട്ടി ഒരു ക്ലാസ് റൂമിന്റെ നടുവിൽ ഇരുത്തുക, പിന്നീട് ശബ്ദം കേൾക്കുന്ന ഭാഗം തിരിച്ചറിയുവാൻ ആവശ്യപ്പെടുക. അന്ധനായി അഭിനയിക്കുന്ന കുട്ടിയുടെ ഒരു ചെവി അടച്ചാൽ മാറ്റങ്ങൾ ഉണ്ടാകും അല്ലെങ്കിൽ മറ്റുള്ളവർ മന്ത്രിക്കുന്നതിനു പകരം ഉറക്കെ വിസിലടിക്കുക.

https://www.facebook.com/childrenareimportant/videos/1292466710789709/

# --[ കേസ് 11 ]--



## സൂചനകൾ (പാഠം 11)

### സൂചന # 1 തലക്കെട്ട് (പാഠം11)

നടക്കുന്ന ശവ ശരീരത്തിന്റെ കേസ്

### സൂചന # 2 നാടകം (പാഠം 11)

വ്യാഖ്യാതാവ്: ഇതൊരു കെട്ടുകഥയാണ്. നിരപരാധിയുടെ സുരക്ഷയ്ക്കായി പേരും സ്ഥലവും മാറ്റിയിരിക്കുന്നു.



സന്ദേശകൻ : ഞാൻ തിരികെ വന്നു

മേരി : അവൻ എന്താണ് പറഞ്ഞത്

സന്ദേശകൻ : വലിയ വാർത്ത, ഈ രോഗം മരണത്തിനല്ല എന്നു അവൻ പറഞ്ഞു.

മേരി : (കരയുവാനും ഏങ്ങലടിക്കുവാനും തുടങ്ങി ).

സന്ദേശകൻ : എന്ത് പറ്റി?

മേരി : അവൻ മരിച്ചുപോയി.

സന്ദേശകൻ : അത് എങ്ങനെ സാധിക്കും? അടുത്ത ദിവസം പോലും അവർ ഇവിടേക്കു വരുമെന്നു തോന്നുന്നില്ല.

മേരി : എനിക്കു മനസ്സിലാകുന്നില്ല, അവൻ മരിച്ചുപോകയില്ല എന്നു യേശു പറഞ്ഞെന്നു നിങ്ങൾക്കു ഉറപ്പാണോ

സന്ദേശകൻ : ഞാനൊന്നു നോക്കട്ടെ (ഒരു പേപ്പർ എടുത്ത് അതു വായിക്കുന്നു ) അതെ അതു അങ്ങനെ തന്നെയാണ്. " ഈ രോഗം മരണത്തിനല്ല".

മേരി : അത് എനിക്കു തരു (അതു വായിക്കുന്നു).

സന്ദേശകൻ : നിങ്ങൾക്കുണ്ടായ നഷ്ടത്തിൽ ഞാൻ ഖേദിക്കുന്നു.

മേരി : അവൻ വന്നു എന്നു പറഞ്ഞു അല്ലേ?

സന്ദേശകൻ : അതെ.

മേരി : നല്ലത്, അവൻ ഇവിടെ എത്തുമ്പോൾ ഞാൻ അവനോടു സംസാരിക്കുന്നുണ്ട്, കാരണം എനിക്കു ഇതൊന്നും മനസ്സിലാകുന്നില്ല (ഏങ്ങിക്കരയുന്നു).

സന്ദേശകൻ : വേറെയെന്തെങ്കിലുമുണ്ടോ?


മേരി : ശവസംസ്കാരത്തിനുള്ള ഒരുക്കങ്ങൾ നടത്തണം. പൂക്കടയിൽ പോയി കുറച്ചു പൂക്കൾ വാങ്ങി വരിക. ഇവിടെ എനിക്ക് കുറച്ചു കാര്യങ്ങൾ കൂടി ചെയ്യണം.

സന്ദേശകൻ : തീർച്ചയായും.




## സൂചന # 3 വസ്തു (പാഠം 11)

സൂചനയെന്ന നിലയിൽ ഈ ഭൌതീക വസ്തു ക്ലാസ്സിൽ കൊണ്ടുവരുക: വെള്ള നിറത്തിലുള്ള ബാൻഡേജ് അല്ലെങ്കിൽ വെള്ള തുണി.



## സൂചന # 4 പുരാവസ്തു ശാസ്ത്രം (പാഠം 11)

ഇന്ന് ബഥനി ആയിരിക്കുന്ന സ്ഥിതിയിൽ ബഥനിയുടെ ഒരു ചിത്രം (രഹസ്യം: ലാസർ ജീവിച്ച പട്ടണം).

## സൂചന # 5 ബൈബിൾ രംഗം (പാഠം11)

രഹസ്യം: അടഞ്ഞ കല്ലറ കണ്ടിട്ട് മാർത്ത പറഞ്ഞു ലാസർ മരിച്ചിട്ട് നാലു ദിവസമായി, കല്ലറ തുറന്നാൽ അതിൽ നിന്നും വളരെ ദുർഗന്ധം ഉണ്ടാകും

# വ്യവഹാരം പരിഹരിച്ചു വ്യവഹാരം പരിഹരിച്ചു

## വ്യവഹാരം പരിഹരിച്ചു! (പാഠം 11)

### ബൈബിൾ കഥ (പാഠം 11)

**ലാസർ**

**ബൈബിളിൽ നിന്ന് യോഹന്നാ :ൻ 11:1-44.**



ലാസർ അസുഖം വന്നു മരിക്കാറായി കിടപ്പിലായപ്പോൾ യേശു ജനങ്ങളുമായി തന്റെ സ്നേഹം പങ്കുവെച്ചു ഒരു പട്ടണം സന്ദർശിക്കുകയായിരുന്നു. ലാസറിന്റെ സഹോദരി തന്റെ സഹോദരന്റെ ജീവൻ രക്ഷിക്കേണ്ടതിനു വേഗം യേശുവിന്റെ അടുക്കൽ വന്നു കാര്യം പറഞ്ഞു. ലാസറിനെ സഹായിക്കുവാൻ പോകുന്നതിനു മുൻപ് രണ്ടു ദിവസം കൂടി യേശു അവിടെത്തന്നെ താമസിക്കുവാൻ തീരുമാനിച്ചു. ലാസർ ഉറങ്ങുകയാണെന്നു യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു എന്നാൽ ലാസർ യഥാർത്ഥത്തിൽ മരിച്ചുവെന്നു ഒരാൾക്കും മനസ്സിലായില്ല. യേശു തന്റെ ശിഷ്യന്മാരുമായി ലാസർ ജീവിച്ചിരുന്ന പട്ടണത്തിൽ പ്രവേശിച്ചയുടനെ അവന്റെ സഹോദരിമാർ യേശുവിന്റെ അടുക്കൽ വന്നു, രണ്ടു ദിവസം മുൻപു നീ വന്നിരുന്നുവെങ്കിൽ ലാസർ ജീവിച്ചിരിക്കുമായിരുന്നു എന്നു പറഞ്ഞു. യേശു സഹോദരിമാരോട്, അവൻ ദൈവപുത്രനായ ക്രിസ്തു എന്നു വിശ്വസിക്കുകയും അവനിൽ വിശ്വസിക്കുന്നവർക്കെല്ലാം നിത്യജീവൻ ഉണ്ട്. അവർ വിശ്വസിക്കുന്നു എന്നും അംഗീകരിച്ചു, എന്നാൽ യതാർത്ഥത്തിൽ യേശു പറഞ്ഞതെന്തെന്നു അവർ തിരിച്ചറിഞ്ഞില്ല. യേശു എല്ലാവരെയും കൂട്ടി ലാസറിനെ അടക്കം ചെയ്ത കല്ലറയ്ക്കൽ എത്തി. കല്ലറ അടച്ചിരുന്ന കല്ല് ഉരുട്ടി മാറ്റുവാൻ യേശു പറഞ്ഞു എന്നാൽ അവന്റെ സഹോദരിമാർ അതു ചെയ്യരുതെന്നു അവനോടു യാചിച്ചു. ലാസർ മരിച്ചിട്ട് നാലു ദിവസമായിരുന്നു, ഇപ്പോൾ അതി ഭയങ്കരമായ നാറ്റമുണ്ടാകും. "വിശ്വസിച്ചാൽ നിങ്ങൾ ദൈവത്തിന്റെ മഹത്വം കാണും" എന്നു യേശു അവരോടു പറഞ്ഞു. കല്ല് ഉരുട്ടി മാറ്റിയപ്പോൾ യേശു ഉറക്കെ, ലാസറേ പുറത്തു വരിക എന്നു പറഞ്ഞു. അപ്പോൾ ലാസർ ജീവനോടെ പുറത്തു വന്നു, യേശു തന്റെ കൂട്ടുകാരനായ ലാസറിനെ മരണത്തിൽ നിന്നും ഉയിർപ്പിച്ചു.

## പ്രായോഗികം (പാഠം 11)

ദൌർഭാഗ്യകരമായ കാര്യങ്ങൾ വന്നാൽ പോലും അപ്പോഴും യേശു എന്നെ സ്നേഹിക്കുന്നു.

## മന:പാഠ വാക്യം (പാഠം 11)

യേശു അവരോടു : ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും (യോഹന്നാൻ 11:25).

## അസൈന്മെന്റ് (പാഠം 11)

ദൌർഭാഗ്യകരമായ കാര്യങ്ങൾ സംഭവിച്ച നിങ്ങളറിയുന്ന ഒരാൾക്കു ചില നല്ല കാര്യങ്ങൾ ചെയ്യുക.

## ദൈവത്തിന്റെ ഡി.എൻ.എ (പാഠം 11)




ഈ പാഠത്തിൽ നിന്നു ദൈവത്തെക്കുറിച്ചു നാം എന്താണു പഠിച്ചത്? ഒരു ഉയിർപ്പ് ഉണ്ടെന്നു ജനം അറിയണമെന്നു ദൈവമാഗ്രഹിക്കുന്നു.



## വിനോദത്തിന്റെ സമയം (പാഠം 11)

## ഗയിം (പാഠം 11)

അക്ഷരം ഏതെന്നു പറയുക.

അദ്ധ്യാപകൻ ക്ലാസിനെ രണ്ടു കൂട്ടമായി തിരിക്കുന്നു. രണ്ടു കൂട്ടത്തിൽ നിന്നും ഓരോരുത്തൻ അദ്ധ്യാപകൻ രഹസ്യമായി എഴുതിയിരിക്കുന്ന അക്ഷരം നോക്കുന്നു. അതിനുശേഷം അവർ തങ്ങളുടെ പങ്കാളികൾക്ക് ശബ്ദം കൂടാതെ അവർ കണ്ട അക്ഷരമോരോന്നു പറയുക അല്ലെങ്കിൽ എന്തെങ്കിലും സൂചന നൽകുക. വിദ്യാർത്ഥി അവരുടെ പങ്കാളിയുടെയടുത്ത് എത്തുമ്പോൾ, അദ്ധ്യാപകൻ "പോക" എന്നു പറയും, അപ്പോൾ വിദ്യാർത്ഥി പങ്കാളിയുടെ പിറകിൽ തപ്പിനോക്കി, പങ്കാളി അക്ഷരം തിരിച്ചറിഞ്ഞെങ്കിൽ അവൻ/അവൾ കൈകൾ ഉയർത്തണം. അക്ഷരം ശരിയാണെങ്കിൽ, ആ ഗ്രൂപ്പിനു ഒരു പോയിന്റ് ലഭിക്കുന്നു. അക്ഷരം ശരിയല്ലെങ്കിൽ ആ ഗ്രൂപ്പ് ഉത്തരം ശരിയാക്കുന്നതു വരെ ഗയിം തുടരാവുന്നതാണ്. കൂടുതൽ പോയിന്റ് ലഭിക്കുന്ന ഗ്രൂപ്പ് വിജയികളാകും.

## ചർച്ച (പാഠം 11)

മുതിർന്ന കുട്ടികൾക്കു മാത്രം)

1. ഏതു രീതിയിലാണ് നിങ്ങളുടെ ജീവിതം ന്യായരഹിതമായത്? ദൈവത്തിനു എങ്ങനെ ശരിയാക്കാൻ കഴിയുമെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?



നിങ്ങളുടെ വിദ്യാർത്ഥികൾ പറയുന്നത് അംഗീകരിക്കുക, തെറ്റായ ഉത്തരങ്ങൾ അല്ല. എല്ലാവർക്കും ഇതുപോലെയുള്ള പക്ഷഹതപൂർണ്ണമായ ഒരു കഥ ഉണ്ടാകും. അതിന്റെ രണ്ടു വശവും ചർച്ച ചെയ്യുവാൻ വിദ്യാർത്ഥികളോടു പറയുക. രണ്ടിന്റെയും തുലനത കണ്ടെത്തുക. മത്തായി 19:29 ൽ, ഭൂമിയിൽ തനിക്കുവേണ്ടി ജീവിതം ബലികഴിച്ചവർക്കു ദൈവം ധാരാളം തിരികെ കൊടുക്കുന്നുവെന്നു കാണുന്നു. ജീവിതം അത്ര സൌന്ദര്യമുള്ളതല്ലെന്നും അങ്ങനെ ആയിരിക്കുകയില്ലെന്നും ഈ ഉപമകളിൽ നിന്നും സ്പഷ്ടമാണ്. ഈ രണ്ടു വശങ്ങളെക്കുറിച്ചും സംസാരിക്കുന്നതിനു വിദ്യാർത്ഥികളെ ഉത്സാഹിപ്പിക്കുക.

2. ഞാൻ ദൃഢമായി പ്രാർത്ഥിക്കുന്നുവെങ്കിൽ എന്തു സംഭവിക്കും?

ദൈവം സാധനങ്ങൾ തരുന്ന ഒരു യന്ത്രമല്ല. ചിലപ്പോൾ ദൈവം നമ്മോടു 'ഇല്ല' അല്ലെങ്കിൽ 'ഇപ്പോൾ ഇല്ല' എന്നു പറയും. ഇപ്പോൾ പ്രയാസമെന്ന് തോന്നിയാലും ദൈവം ഇപ്പോഴും നമുക്കു നല്ലതു തരുവാൻ ആഗ്രഹിക്കുന്നു. നാം പ്രാർത്ഥിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു, ചിലപ്പോൾ നാം പ്രാർത്ഥിക്കുമ്പോൾ ദൈവം തന്റെ മനസ്സ് മാറ്റുന്നു. എന്നാൽ ഇപ്പോഴും നാം ആഗ്രഹിക്കുന്ന ഉത്തരം ലഭിക്കില്ല.

3. യേശുവിനെക്കുറിച്ചു നിങ്ങളുടെ പ്രതീക്ഷകൾ എന്താണ്?


പലപ്പോഴും ക്രിസ്ത്യാനികൾ പ്രശ്നങ്ങളില്ലാത്ത ജീവിതം പ്രതീക്ഷിക്കുന്നു. യേശു  അവരുടെ ജീവിതം സ്വസ്ഥമാക്കുന്നു, ഇപ്പോഴും അവർ ആരോഗ്യത്തോടെ ആയിരിക്കുന്നു എന്നൊക്കെ കരുതുന്നു. ക്ഷമിക്കണം, ക്രിസ്ത്യാനികൾക്ക് ജീവിതം സ്വസ്ഥമായിരിക്കുകയില്ല മറിച്ചു കഠിനമായിരിക്കും. പിശാച് ഇപ്പോൾ സ്വതന്ത്രനാണ് നമ്മെ നശിപ്പിക്കുവാൻ അവൻ  ഭൂമിയിൽ ചുറ്റി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ പ്രതികൂല സമയങ്ങളിലും ശരിയായ തീരുമാനങ്ങളെടുക്കുന്നതിനും യേശു നമ്മെ സഹായിക്കുമെന്നാണ് നമ്മുടെ പ്രതീക്ഷകൾ. എന്നാൽ അവൻ നമ്മുടെ പ്രശ്നങ്ങളെ ഇല്ലായ്മ ചെയ്യുകയല്ല;

## വിദ്യാർത്ഥിയുടെ പേജിലെ ഉത്തരങ്ങൾ (പാഠം 11)




യേശു
പട്ടണം
ലാസർ
മരണം
ദുഖാ: ചരണം
അറിയുക
ദൈവം
വിശ്വസിക്കുക
പ്രാർത്ഥന
സ്നേഹം
നടക്കുക
ശവം
ഉയിർപ്പ്
വരിക
ജീവിക്കുക



## ലൂക്കാസിന്റെ പരീക്ഷണം (പാഠം 11)

ഓരോ കുട്ടിയും അവരവരുടെ നെറ്റിക്ക് ഒട്ടിച്ചിരിക്കുന്ന പേപ്പറിൽ അവരവരുടെ പേര് എഴുതുക. പിറകിലോട്ട് എഴുതുന്നത് പ്രയാസമുള്ള കാര്യ

https://www.facebook.com/childrenareimportant/videos/1292550470781333/

# --[ കേസ് 12]--



## സൂചനകൾ (പാഠം 12)

### സൂചന # 1 തലക്കെട്ട് (പാഠം 12)

കള്ള ഗൂഢാലോചനയുടെ കേസ്.

### സൂചന # 2 നാടകം (പാഠം 12)



വ്യാഖ്യാതാവ്: ഇതൊരു കെട്ടുകഥയാണ്. നിരപരാധിയുടെ സുരക്ഷയെക്കരുതി പേരും സ്ഥലവും മാറ്റിയിരിക്കുന്നു.

ദ്വാരപാലകൻ: ഹലോ ഓഫീസർ, ഇന്ന് ഞാൻ നിങ്ങളെ സഹായിക്കട്ടെ.

കുറ്റാന്വേഷകൻ : മദ്ധ്യാഹ്ന വന്ദനം (പോക്കറ്റിലുള്ള അടയാളം നോക്കിയിട്ട് തിരികെയിടുന്നു), ഞാൻ ചിലത് ചോദിക്കട്ടെ.

ദ്വാരപാലകൻ : അതെ, തീർച്ചയായും

കുറ്റാന്വേഷകൻ : ഈ കെട്ടിടത്തിൽ രണ്ടു നരഹത്യ നടന്നുവെന്നു ഞാൻ മനസ്സിലാക്കുന്നു.

ദ്വാരപാലകൻ : ഉം, ഇല്ല സർ, ഇവിടെയൊരു ആത്മഹത്യ നടന്നിട്ടില്ല.

കുറ്റാന്വേഷകൻ: ആത്മഹത്യയല്ലെന്ന് നിങ്ങൾ എന്തുകൊണ്ടാണ് വിശേഷിപ്പിച്ചത്? അവിടെ അതിന്റേതായ ഒരു കുറിപ്പ് തെളിവായി കണ്ടില്ല. അതുകൊണ്ട് ആത്മഹത്യയുടെ വിശേഷണങ്ങളൊന്നുമില്ല.

ദ്വാരപാലകൻ : നല്ലത്, അവർ ഒരു ചതിവിനുവേണ്ടി പദ്ധതിയൊരുക്കി, അത് ഭയാനകമായി തിരിച്ചടിച്ചു, അതിന്റെ ഫലമായി അവരുടെ ജീവനും പോയി.

കുറ്റാന്വേഷകൻ : നിങ്ങൾ എവിടെയായിരുന്നു?

ദ്വാരപാലകൻ : എല്ലായ്പ്പോഴുമെന്നപോലെ, ഞാൻ ഇവിടെ വാതില്ക്കൽ തന്നെയായിരുന്നു.

കുറ്റാന്വേഷകൻ : നാടകത്തിൽ തനിക്ക് എന്തെങ്കിലും ഭാഗമുണ്ടോ?

ദ്വാരപാലകൻ : അതെ സാർ, മുറിയിൽ നിന്ന് ഞാനാണ് ശരീരങ്ങൾ പുറത്തെടുത്തത്, മോർച്ചറിയിലേക്ക് കൊണ്ടുപോയ ദുർമ്മരണ വിചാരണാധികാരിയുടെ അടുത്ത് കൊടുത്തത്.

കുറ്റാന്വേഷകൻ: ശരി, നീ ശരീരങ്ങൾ കണ്ടുവോ?

ദ്വാരപാലകൻ : അതെ സാർ, ഒരു പുരുഷനും ഒരു സ്ത്രീയും ആയിരുന്നു.

കുറ്റാന്വേഷകൻ : നിങ്ങൾ അതു പുറത്തെടുത്തപ്പോൾ, എന്തെങ്കിലും മുറിവോ ചതവോ കണ്ടിരുന്നോ?

ദ്വാരപാലകൻ: ഇല്ല സാർ, മരണമൊഴിച്ചാൽ അവർ പൂർണ്ണമായും നല്ല ആരോഗ്യമുള്ളവരായിരുന്നു.

കുറ്റാന്വേഷകൻ: പുറത്തുള്ള കാര്യങ്ങൾ നോക്കി അകത്ത് എന്താണ് സംഭവിച്ചതെന്നു നിങ്ങൾക്കു പറയുവാൻ കഴിയില്ല എന്നു ഞാൻ ഊഹിക്കുന്നു.

ദ്വാരപാലകൻ: അതു വിചിത്രമെന്നു നിങ്ങൾ പറയണം. അതാണ് അവർ ചിന്തിച്ചത്. എന്നാൽ ഞാൻ പറയുന്നു, ഈ മുറിയിൽ അധികം നുണയന്മാരെ കണ്ടിട്ടില്ല.

കുറ്റാന്വേഷകൻ: എന്താണ് നിങ്ങൾ പറഞ്ഞത്.

ദ്വാരപാലകൻ: ഇവിടെ ഒരു നുണ പറയുന്നവരെയും കണ്ടിട്ടില്ല.

കുറ്റാന്വേഷകൻ: ഇല്ല അതിനു മുൻപ്

ദ്വാരപാലകൻ : ഓ അകത്ത് എന്താണ് നടക്കുന്നതെന്നു ആർക്കും കാണുവാൻ കഴിഞ്ഞിട്ടില്ല.


## 3 സൂചന # 3 വസ്തു (പാഠം 12)




സൂചനയെന്ന നിലയിൽ ഈ ഭൌതീക വസ്തു ക്ലാസ്സിൽ കൊണ്ടുവരുക:
നാണയങ്ങൾ

## 4 സൂചന # 4 പുരാവസ്തുശാസ്ത്രം (പാഠം 12)

യെരുശലേമിലുള്ള മന്ദിരത്തിൽ ഇന്നു ശലോമോന്റെ മണ്ഡപം എങ്ങനെയെന്നതിന്റെ ചിത്രം. (രഹസ്യം: അപ്പോസ്തലനായ പത്രോസ് ശലോമോന്റെ മന്ദിരത്തിൽ പ്രസംഗിച്ചുവെന്നു അ.പ്ര. 3 ൽ പരാമർശിച്ചിരിക്കുന്നു. അനന്യാസിനെയും സഫീരയെയും പത്രോസ് കൈകാര്യം ചെയ്തതെങ്ങനെയെന്നു അ. പ്ര. 5ൽ കാണുന്നു. ഇതിനടുത്തോ അല്ലെങ്കിൽ ഇവിടെത്തന്നെയോ ആണ് അത് സംഭവിച്ചത്).



## 5 സൂചന # 5 ബൈബിൾ രംഗം (പാഠം 12)

രഹസ്യം : വസ്തു വിറ്റതിൽ നിന്നുള്ള ധനവും (മുഴുവനുമല്ല) പുരുഷന്റെയും സ്ത്രീയുടെയും ശരീരത്തിന്റെ ഛായാ ചിത്രവും (ആദ്യം പുരുഷൻ പോയി പിന്നാലെ സ്ത്രീയും).

# വ്യവഹാരം പരിഹരിച്ചു വ്യവഹാരം പരിഹരിച്ചു

## വ്യവഹാരം പരിഹരിച്ചു! (പാഠം 12).

### ബൈബിൾ കഥ (പാഠം 12)



**അനന്യാസും സഫീറയും.**

**ബൈബിളിൽ നിന്ന് .പ്ര .അ)5:1-11).**

യേശുവിന്റെ ശിഷ്യന്മാർ യേശുവിന്റെ നന്മകളെക്കുറിച്ചു പങ്കുവെച്ചപ്പോൾ അതിൽ ഉത്സാഹം കാണിച്ച ജനങ്ങൾ അന്യോന്യം സഹായിച്ചു. അവർ അവരുടെ ആസ്തികൾ വിറ്റുപോലും പാവങ്ങളെ സഹായിച്ചു, അനന്യാസും സഫീറയും വ്യത്യസ്തമായിരുന്നില്ല, അവരും സഹായിക്കുവാൻ ആഗ്രഹിച്ചു. ഭാഗ്യവശാൽ, അവർക്കു കുറച്ചു ഭൂമിയുണ്ടായിരുന്നു. അവർ അതു വിറ്റു, എന്നാൽ അതിൽ ഒരു ഭാഗം മാത്രം ശിഷ്യന്മാർക്കു കൊടുക്കുവാൻ തീരുമാനിച്ചു, എന്നാൽ മുഴുവനും കൊടുക്കുന്നതായി അവർ ഭാവിച്ചു. പത്രോസിനു ധനം കൊടുക്കുന്നതിൽ അനന്യാസ് വളരെ സന്തോഷിച്ചു. എന്നാൽ അനന്യാസ് നുണ പറയുന്നുവെന്നു പരിശുദ്ധാത്മാവ് പത്രോസിനോടു പറഞ്ഞു. ഭൂമി വിറ്റത് ഇത്രയ്ക്കോ എന്നു

പത്രോസ് ചോദിച്ചു, അതെ എന്നു അനന്യാസ് മറുപടി പറഞ്ഞു. കർത്താവിനുവേണ്ടി ചില നല്ല കാര്യങ്ങൾ ചെയ്യുവാൻ ശ്രമിക്കുമ്പോൾ, എങ്ങനെയാണ് പിശാച് ഹൃദയം നിറയ്ക്കുവാൻ അനന്യാസിനു എങ്ങനെ കഴിഞ്ഞുവെന്നു പത്രോസ് ചോദിച്ചു. ഭൂമി അനന്യാസിന്റെയും സഫീറയുടെയുമായിരുന്നു അവർ വിൽക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല, ധനം മുഴുവനും കൊടുക്കേണ്ട ആവശ്യവുമുണ്ടായിരുന്നില്ല, എന്നാൽ അവർ അതിനെക്കുറിച്ചു നുണ പറഞ്ഞു. പത്രോസ് അവനെ ശാസിച്ചുകഴിഞ്ഞപ്പോൾ അനന്യാസ് വീണു മരിച്ചു. ചില മണിക്കൂറുകൾക്കു ശേഷം തന്റെ ഭർത്താവിനെ അന്വേഷിച്ചു സഫീറയും വന്നു. പത്രോസ് അവളെ കണ്ടപ്പോൾ, ഭൂമി വിറ്റുകിട്ടിയ ധനം മുഴുവൻ അനന്യാസ് ദാനം കൊടുത്തുവോ എന്നു ചോദിച്ചു. അവളും അവളുടെ ഭർത്താവിനെപ്പോലെ നുണ പറഞ്ഞു. സഫീറ കളവു കാണിക്കുന്നതു മനസ്സിലാക്കിയ പത്രോസ് ഞെട്ടിത്തരിച്ചു. ദൈവത്തെ ഇങ്ങനെ പരീക്ഷിക്കുന്നതെന്ത് എന്ന് വളരെ വ്യസനത്തോടെ പത്രോസ് അവളോടു ചോദിച്ചു. അവളുടെ ഭർത്താവ് മരിച്ചുവെന്നു പെട്ടെന്ന് അവൾ തിരിച്ചറിഞ്ഞു, അവൾ തിരിഞ്ഞു നോക്കിയപ്പോൾ തന്റെ ഭർത്താവിനെ അടക്കിയവരെ അവൾ കണ്ടു അവളും വീണു മരിച്ചു.

## പ്രായോഗികം (പാഠം 12)

നാം ഇപ്പോഴും സത്യം പറയണമെന്നു ദൈവമാഗ്രഹിക്കുന്നു.

## മന:പാഠ വാക്യം (പാഠം 12)

അന്യോന്യം ഭോഷ്ക്കു പറയരുത്; നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടു കൂടെ ഉരിഞ്ഞു കളഞ്ഞു (കൊലോസ്യർ 3:9)

## അസൈന്മെന്റ് (പാഠം 12)

നിങ്ങൾ പറഞ്ഞ ഒരു നുണയെക്കുറിച്ചു ചിന്തിക്കുക. ഇനി ഒരിക്കലും ആ നുണ മറ്റുള്ളവരോടുപറയില്ലെന്നു തീരുമാനിക്കുക. ഒരു ചെറിയ പേപ്പർ എടുത്തു ആ നുണ അതിൽ എഴുതുക. ആ നുണ ഇനി പറയാതിരിക്കുവാൻ ദൈവം സഹായിക്കുന്നതിനായി പ്രാർത്ഥനയും എഴുതുക. ആ പേപ്പർ വീടിനു പുറത്ത് കുഴിച്ചു മൂടുക.

## ദൈവത്തിന്റെ ഡി.എൻ.എ (പാഠം 12)




ഈ പാഠത്തിൽ ദൈവത്തെക്കുറിച്ചു നാം എന്താണു പഠിച്ചത്? ദൈവം ജനത്തിന്റെ ഹൃദയവും ഉദ്ദേശ്യങ്ങളും അറിയുന്നു



## വിനോദത്തിന്റെ സമയം (പാഠം 12)

## ഗയിം (പാഠം 12)

അവരുടെ നാണയങ്ങൾ കൊടുക്കാതിരുന്നവൻ ആര്?

അദ്ധ്യാപകൻ കുട്ടികളോട് വൃത്താകൃതിയിൽ ഇരിക്കുവാൻ പറയുന്നു. ഒരാളെ തിരഞ്ഞെടുത്ത് വൃത്തത്തിന്റെ നടുവിൽ ഇരുത്തുക (പത്രോസ്) ഒരു ചെറിയ നാണയം ഒരു കുട്ടിക്കു കൊടുക്കുന്നു (അനന്യാസ്) കുട്ടികൾ ഈ നാണയം ഇടതു നിന്നു വലത്തോട്ടു അവരുടെ പിറകിലൂടെ കൈമാറുന്നു. വേറൊരു നാണയം വേറെ കുട്ടിക്കു നൽകുന്നു (സഫീറ. ഈ നാണയവും എതിർ ദിശയിൽ കുട്ടികൾ കൈമാറുന്നു. അവരുടെ കൈയ്യിൽ ഉണ്ടെങ്കിലും ഇല്ലെങ്കിലും അവർ എല്ലാവരും നാണയം കൈ മാറിയതായി നടിക്കുന്നു. കുട്ടികൾ ഈ നാണയം കൈമാറുന്ന സമയത്ത് നടുവിൽ നിൽക്കുന്ന കുട്ടി (പത്രോസ്)യോട് കണ്ണുകളടയ്ക്കാൻ പറഞ്ഞ്, പലപ്രാവശ്യം ആ കുട്ടിയെ വട്ടം കറക്കുന്നു. അദ്ധ്യാപകൻ കണ്ണു തുറക്കാൻ പറഞ്ഞിട്ട്, ആരുടെ കൈയ്യിലാണ് ഇപ്പോൾ നാണയം എന്നു കണ്ടുപിടിക്കുവാൻ ആവശ്യപ്പെടുന്നു. അനന്യാസിനെയും സഫീറയെയും (നാണയം കൈയ്യിലുള്ള കുട്ടി) കണ്ടുപിടിക്കുന്നതു വരെ ഗയിം തുടരുക. നാണയം കൈയ്യിലുള്ള കുട്ടി പിടിക്കപ്പെട്ടാൽ അയാൾ അടുത്ത "പത്രോസ്" ആകണം.

## ചർച്ച (പാഠം 12)

മുതിർന്ന കുട്ടികൾക്കു മാത്രം)

1. എന്തുകൊണ്ടാണ് എല്ലാവരും സ്വർഗ്ഗത്തിൽ പോകാത്തത്?

എല്ലാവരും പാപം ചെയ്തു നരകത്തിനു യോഗ്യരാനെന്നു ബൈബിൾ പ്രസ്താവിക്കുന്നു. ദൈവത്തിനു യന്ത്രമനുഷ്യരെ ആവശ്യമില്ല. നമ്മെ അവൻ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തോടെ ഉണ്ടാക്കി. എല്ലാവരും രക്ഷിക്കപ്പെടണമെന്നു ദൈവമാഗ്രഹിക്കുന്നു. എന്നാൽ ചില മനുഷ്യർ യേശുവിനെ അല്ലെങ്കിൽ സ്വർഗ്ഗത്തെ സ്വീകരിക്കാതെ അവരുടെ സ്വന്തം വഴി തിരഞ്ഞെടുക്കുന്നു.


2. ചുറ്റുപാടും പോകുന്നതിനു(മറ്റുള്ളവരുമായി) പങ്കുവയ്ക്കുന്നതിനു) എന്തുകൊണ്ടാണ് മതിയാവാത്തത്?


ആദ്യമായി, 'ആവശ്യത്തിനും മതിയായ' ഉ ഒരു ചലിക്കുന്ന ലക്ഷ്യവും ഓരോ രാജ്യത്തും ഓരോ വർഷവും മാറ്റങ്ങൾ ഉണ്ടാകുന്നു. രണ്ടാമതായി ദരിദ്രർ ഇപ്പോഴും നമ്മോടു കൂടെയുണ്ട്. മൂന്നാമതായി കൊടുക്കുന്നത് നമുക്ക് നല്ലതാണ്.


3. ഒരു 'വെളുത്ത നുണ' അല്ലെങ്കിൽ 'ചെറിയ നുണ' എന്ത് ആക്കിത്തീർക്കുന്നു?

ലക്ഷ്യങ്ങൾ പ്രധാനപ്പെട്ടതാണ്. നിങ്ങൾ നുണ പറയുന്നത് ആരുടെയെങ്കിലും വികാരത്തെ അല്ലെങ്കിൽ നിങ്ങളെത്തന്നെയോ കുറച്ചു ധനമോ കാക്കുവാനാണോ? ചതിവു ദൈവം ഇഷ്ടപ്പെടുന്നില്ല. ഭൂമി വിറ്റിട്ട് അതിനെക്കുറിച്ചു നുണ പറയുന്നതിനേക്കാൾ നല്ലതായിരുന്നു അതു വില്ക്കാതിരിക്കുന്നത്.

## വിദ്യാർത്ഥിയുടെ പേജിലെ ഉത്തരങ്ങൾ (പാഠം 12)



## ലൂക്കാസിന്റെ പരീക്ഷണം (പാഠം 12)

മേശയിൽ വെച്ചിരിക്കുന്ന ഒരു പേപ്പറിൽ ഒരു അടയാളമിടുക പിന്നീട് വിദ്യാർത്ഥി പിറകോട്ടു മാറി ഒരു കണ്ണടച്ച്, അതെ അടയാളത്തിൽ അടിക്കുക.

https://www.facebook.com/childrenareimportant/videos/1292637964105917/

# --[ കേസ് 13 ] --

## സൂചനകൾ (പാഠം 13)

### സൂചന # 1 തലക്കെട്ട് (പാഠം 13)

അസാധാരണമായ സ്വപ്നത്തിന്റെ കേസ്

### സൂചന # 2 നാടകം (പാഠം 13)

വ്യാഖ്യാതാവ്: ഇതൊരു കെട്ടുകഥയാണ്. നിരപരാധിയുടെ സുരക്ഷയെക്കരുതി പേരും സ്ഥലവും മാറ്റിയിരിക്കുന്നു.

നാടോടി: നിങ്ങൾ എന്തിനു വേണ്ടിയാണ് നോക്കുന്നത്.

സ്വതന്ത്ര അന്വേഷകൻ : ഈ ഉയരമുള്ള അപ്രത്യക്ഷനായ ഒരു ചെരുപ്പക്കാരനെക്കുറിച്ചു ഞാൻ അന്വേഷിക്കുകയാണ്. അവൻ വ്യത്യസ്തമായ ഒരു കുപ്പായം ഇട്ടിട്ടുണ്ടാവും.

നാടോടി: ഓ അതെ, ഞാൻ അവനെ കണ്ടു. ചില ദിവസങ്ങൾക്കു മുമ്പ് അവൻ വന്നിരുന്നു.

സ്വതന്ത്ര അന്വേഷകൻ: അവൻ എവിടെക്കാണ് പോയതെന്നു നിങ്ങൾക്കറിയാമോ?

നാടോടി: അവൻ ദോദാനിലെക്കാണ് പോയതെന്നു ഞാൻ കരുതുന്നു.

സ്വ. അന്വേഷകൻ : എന്തുകൊണ്ടാണ് ദോദാനിലേക്കു പോയത്.

നാടോടി: നല്ലത്, അവന്റെ സഹോദരന്മാർ അവിടേക്കു പോകുന്നതിനെക്കുറിച്ചു സംസാരിക്കുന്നതു ഞാൻ കേട്ടു. അതുകൊണ്ട്, അവൻ വന്നു അവന്റെ സഹോദരന്മാരെ അന്വേഷിച്ചപ്പോൾ, ഞാൻ അവനോടു പറഞ്ഞു, അവർ ദോദാനിലേക്കു പോയിട്ടുണ്ടാകുമെന്ന്.

സ്വ. അന്വേഷകൻ: വേറെ എന്തെങ്കിലും നിങ്ങൾ കേട്ടോ.

നാടോടി: അതെ, ഞാൻ അവരുടെ സഹോദരനായിരുന്നുവെങ്കിൽ, ഞാൻ അവരുടെ അടുക്കലേക്കു പോകയില്ലായിരുന്നു. അവർക്കു അവനോടു നല്ല ദേഷ്യമുണ്ടായിരുന്നു.

സ്വ. അന്വേഷകൻ: കൊള്ളാം, നിങ്ങൾ കേട്ടുവോ, എന്തുകൊണ്ട്?

നാടോടി: നല്ലത്, അവരുടെ ചീത്തയായ സ്വഭാവം അവൻ പിതാവിനോടു പറഞ്ഞു. അവർ അടക്കിയ സ്വരത്തിൽ വേറെന്തെല്ലാമോ പറഞ്ഞു, എനിക്കു കേൾക്കുവാൻ കഴിഞ്ഞില്ല.

സ്വ. അന്വേഷകൻ : നിങ്ങൾ കേട്ടില്ലെന്നോ അതോ നിങ്ങൾക്കു കേൾക്കേണ്ട ആവശ്യമില്ലെന്നോ?

നാടോടി: കുറച്ചു മാത്രം കേട്ടു പക്ഷേ എന്താണെന്നു മനസ്സിലായില്ല, സഹോദരന്മാരെല്ലാവരും ഇതിനെക്കുറിച്ചു ക്ഷോഭിച്ചിരുന്നു. ദാൻ ഇതിനെക്കുറിച്ചു അങ്ങേയറ്റം കയർത്തിരുന്നു. എന്നാൽ ബെഞ്ചമിൻ, അവന്റെ പേര് അതാണെന്നു തോന്നുന്നു, സമചിത്തതയോടെ സംസാരിച്ചു.

സ്വ. അന്വേഷകൻ: അവന്റെ സഹോദരന്മാർ എവിടെയാണ് പോയതെന്നു നിങ്ങൾ അവനോടു പറഞ്ഞു?

നാടോടി: നല്ലത്. അവൻ ദോദാനിൽ എത്തുമ്പോഴേക്കും അവരുടെ കോപം എല്ലാം തണുത്തിരിക്കും.

സ്വ. അന്വേഷകൻ: അതിൽ എനിക്കു ഉറപ്പില്ല.

നാടോടി: എന്തുകൊണ്ട്, എന്തെങ്കിലും സംഭവിച്ചോ?

സ്വ. അന്വേഷകൻ: അതെ, അവനെ കാണ്മാനില്ല. ഈ സമയത്ത് അവൻ മരിച്ചു എന്നു ചിന്തിക്കുന്നു. അവൻ നഷ്ടപ്പെട്ടു പോകുന്നതിനു മുൻപ് ആ സമയത്ത് നടന്നതറിയുവാനും സാധിക്കുമെങ്കിൽ അവന്റെ സാധനങ്ങൾ വീണ്ടെടുക്കുവാനും അവന്റെ പിതാവ് എന്നെ കൂലിക്കെടുത്തതാണ്.

നാടോടി: ഓ പാവം കുട്ടി, അവനെ നഷ്ടപ്പെട്ടതായി തോന്നി, യഥാർത്ഥത്തിൽ അവനെ സഹായിക്കുവാൻ ഞാൻ ശ്രമിച്ചു, എനിക്കറിയില്ല.





## 3 സൂചന # 3 വസ്തു (പാഠം 13)

സൂചനയെന്ന നിലയിൽ ഈ ഭൌതീക വസ്തു ക്ലാസ്സിൽ കൊണ്ടുവരുക: തലയിണ

## 4 സൂചന # 4 പുരാവസ്തുശാസ്ത്രം (പാഠം 13)

ഗോതമ്പ് കൈകൊണ്ടു കൊയ്തെടുക്കുന്ന സ്ഥലം ലോകത്തിലുണ്ട്(രഹസ്യം: ഇങ്ങനെയുള്ള കറ്റകളാണ് സ്വപ്നത്തിൽ യോസേഫിന്റെ മുമ്പിൽ വണങ്ങിയത്).



## 5 സൂചന # 5 ബൈബിൾ രംഗം (പാഠം 13)

രഹസ്യം: യോസേഫിന്റെ സ്വപ്നം, സൂര്യൻ തന്റെ പിതാവും ചന്ദ്രൻ തന്റെ മാതാവും പത്തു നക്ഷത്രങ്ങൾ തന്റെ സഹോദരന്മാരും

# വ്യവഹാരം പരിഹരിച്ചു വ്യവഹാരം പരിഹരിച്ചു

## വ്യവഹാരം പരിഹരിച്ചു! (പാഠം 13)

### ബൈബിൾ കഥ (പാഠം 13)



**യോസേഫും അവന്റെ  സ്വപ്നങ്ങളും**

**ബൈബിളിൽ നിന്ന്  ഉല്പത്തി :37:1-11).**

ഇടയനായിരുന്ന യാക്കോബിന്റെ ഇളയ പുത്രനായിരുന്നു യോസേഫ്. മറ്റുള്ളവരേക്കാൾ തന്റെ പിതാവ് തന്നെ സ്നേഹിക്കുന്നതിനാൽ അവൻറ സഹോദരന്മാർ അവനെ വെറുത്തു. യാക്കോബിന്റെ പ്രായാധിക്യത്തിലാണ് യോസേഫ് ജനിച്ചത് അതുകൊണ്ട് യോസേഫ് തനിക്കൊരു അനുഗ്രഹമാണെന്ന് യാക്കോബ് കരുതി അവനെ അധികം സ്നേഹിച്ചു. യാക്കോബിന്റെ പ്രിയപ്പെട്ട ഭാര്യയുടെ മകനുമായിരുന്നു യോസേഫ്. യാക്കോബ് നല്ല നിറത്തിലുള്ള കുപ്പായങ്ങൾ യോസേഫിനു ഉണ്ടാക്കികൊടുത്തു. അതു തന്റെ സഹോദരന്മാരെ കോപിപ്പിച്ചു, അവർ അവനോടു ദയയോടുകൂടി ഒരു വാക്ക് പോലും സംസാരിച്ചില്ല. ദൈവം യോസേഫിനു വ്യത്യസ്തമായ രണ്ടു സ്വപ്നങ്ങൾ കൊടുത്തു. ആദ്യത്തേത്, താനും തന്റെ സഹോദരന്മാരും കറ്റ കെട്ടുന്ന സ്ഥലത്താണ് നടന്നത്, പെട്ടെന്നു തന്റെ കറ്റ മാത്രം നിവരെ നില്ക്കുകയും മറ്റുള്ളവരുടെ കറ്റകൾ തന്റെ കറ്റയെ വീണു നമസ്കരിക്കുന്നതും കണ്ടു. രണ്ടാമത്തെ സ്വപ്നം, സൂര്യന്റെയും ചന്ദ്രന്റെയും നക്ഷത്രങ്ങളുടേതുമായിരുന്നു. സൂര്യൻ തന്റെ പിതാവും ചന്ദ്രൻ തന്റെ മാതാവും നക്ഷത്രങ്ങൾ സഹോദരന്മാരുമായരുന്നു. അവർ അവനെ നമസ്കരിക്കുന്നതായി കണ്ടു. അവൻ ഈ സ്വപ്നം തന്റെ പിതാവിനോടും സഹോദരന്മാരോടും

പറഞ്ഞപ്പോൾ അവർ എല്ലാവരും കോപാകുലരായി. അവർ വെറുത്ത അവരുടെ സഹോദരനെ ഒരു ദിവസം വണങ്ങുമെന്ന അവർക്ക വിശ്വസിക്കുവാൻ കഴിഞ്ഞില്ല. യാക്കോബും താൻ സ്നേഹിച്ച മകനെ ശാസിച്ചു, താനും തന്റെ ഭാര്യയും ഒരു ദിവസം തങ്ങളുടെ മകനെ വണങ്ങുമെന്ന വിശ്വസിക്കുവാൻ തയ്യാറായില്ല. എന്നാൽ യാക്കോബ് തന്റെ മനസ്സിൽ ഓർമ്മകൾ മറച്ച് സൂക്ഷിച്ചിരുന്നു. വളരെ വർഷങ്ങൾക്ക ശേഷം, എല്ലാ സ്വപനങ്ങളും യാഥാർത്ഥ്യമായി,വലിയ ക്ഷാമത്തിൽ നിന്നു അനേകരെ രക്ഷിക്കുവാൻ ദൈവം യോസേഫിനെ ഈജിപ്റ്റിലെ ഒരു നായകനായി ഉപയോഗിച്ചു.

## പ്രായോഗികം (പാഠം 13)

എന്റെ സുഹൃത്തുക്കൾക്കും കുടുംബത്തിനും ദൈവം വ്യത്യസ്തമായ വരങ്ങൾ കൊടുക്കുന്നുവെന്നു ഞാൻ മനസ്സിലാക്കുന്നു.

## മന:പാഠ വാക്യം (പാഠം 13)

ദൈവമോ തന്റെ ഇഷ്ടപ്രകാരം അവയവങ്ങളെ ശരീരത്തിൽ വെവ്വേറെയായി വെച്ചിരിക്കുന്നു. സകലവും ഒരു അവയവം എങ്കിൽ ശരീരം എവിടെ ( 1 കൊരിന്ത്യർ 12:18,19).

## അസൈന്മെൻറ് (പാഠം 13)

നിങ്ങളിൽ നിന്നും വ്യത്യസ്തമായി ബലം അല്ലെങ്കിൽ കഴിവുകൾ, താലന്തുകൾ ഉള്ള, നിങ്ങൾക്കറിയാവുന്ന മൂന്നു പേരുടെ പട്ടിക തയ്യാറാക്കുക. ദൈവം അവരെ എങ്ങനെയാണ് ഉപയോഗിക്കുന്നതെന്നും നോക്കുക. അവരുടെ വരങ്ങളിൽ അസൂയപ്പെടാതിരിക്കുവാൻ  സഹായത്തിനു ദൈവത്തോടു പ്രാർത്ഥിക്കുക.

## വത്തിന്റെ ഡി.എൻ.എ (പാഠം 13)




ഈ പാഠത്തിൽ നിന്നു നാം ദൈവത്തെക്കുറിച്ചു എന്താണു പഠിച്ചത്? ചില സമയത്ത് ദൈവം തന്റെ ജനത്തെക്കുറിച്ചുള്ള ഭാവി പദ്ധതികൾ അവരെ കാണിക്കുന്നു.



# വിനോദത്തിന്റെ  സമയം (പാഠം 13)

## ഗയിം (പാഠം 13)

സ്വപ്നത്തിന്റെ ഗയിം

അദ്ധ്യാപകൻ ക്ലാസ്സിനെ കറ്റയും നക്ഷത്രങ്ങളുമെന്നു രണ്ടായി തിരിച്ചു ഈ ഗയിം ആരംഭിക്കുന്നു. അദ്ധ്യാപകൻ ക്ലാസ്സിന്റെ ഒരറ്റത്ത് സുരക്ഷിത രേഖയായി നില്ക്കുന്നു. അവിടേക്ക കുട്ടികൾ ഓടുന്നു എന്നാൽ അവരെ വലിക്കരുത്. അദ്ധ്യാപകൻ കഥ പറയുമ്പോൾ രണ്ടു ടീമുകളും അവരുടെ പേര് (കറ്റ, നക്ഷത്രം) കേൾക്കുമ്പോൾ ഓടി സുരക്ഷിത സ്ഥലത്തേക്ക മാറണം. മറ്റുള്ള കുട്ടികൾ ഇവർ സുരക്ഷിത രേഖ മറികടക്കുന്നതിനു മുമ്പ് അവരെ തടഞ്ഞു വലിച്ചു മാറ്റണം. വലിച്ചു മാറ്റപ്പെട്ട കുട്ടി, വലിക്കുന്ന ടീമിനോടു കൂടിച്ചേരണം. 15 മിനിറ്റിനുള്ളിൽ ഏതു ഭാഗത്താണോ അധികം പേരുള്ളത് അവർ വിജയികളാകും. ബൈബിൾ കഥയെ സ്മരിച്ചുകൊണ്ട് തോറ്റ ടീം ജയിച്ച ടീമിനെ വണങ്ങണം.

## ചർച്ച (പാഠം 13)

മുതിർന്ന കുട്ടികൾക്ക മാത്രം)



1. ഞാൻ മറ്റുള്ളവരോടു ദൈവത്തെക്കുറിച്ചു പറയണമോ?

ക്രിസ്ത്യാനികൾ ദൈവത്തെക്കുറിച്ചു മറ്റുള്ളവരോടു പറയുവാൻ തയ്യാറാവേണ്ടതാണ് . 1പത്രോസ് 3:15 പറയുന്നത്, നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ചു ന്യായം ചോദിക്കുന്ന ഏവനോടും സൌമ്യതയും ഭയഭക്തിയും പൂണ്ടു പ്രതിവാദം പറവാൻ ഇപ്പോഴും ഒരുങ്ങിയിരിപ്പിൻ. മത്തായി 28:19-20 പറയുന്നത്, ലോകത്തെമ്പാടും പോയി അവനെക്കുറിച്ചു പറയുവാനാണ്. നാം തനിയെ ചെയ്യണമെന്നില്ല, അവൻ നമ്മെ സഹായിക്കും. അവന്റെ സാക്ഷിയാകുന്നതിനു പരിശുദ്ധാത്മാവ് ശക്തി തരും ( അ.പ്ര. 1:8). ചിലർ മറ്റുള്ളവരോടു പറയുന്നതിന്റെ കാരണം ഇതു അവർക്ക ലഭിച്ചിരിക്കുന്ന പ്രത്യേക വിളിയും വരവും ഉള്ളതുകൊണ്ടാണ് (എഫെ 4:11, സുവിശേഷകന്റെ വിളിയും വരവും). കുട്ടികൾക്ക സുവിശേഷീകരണത്തിന്റെ വരം നല്കിയിട്ടില്ലാത്തപ്പോൾ, സ്കൂളിലും അയൽക്കാരുടെയടുത്തും അവർ കണ്ടുമുട്ടുന്ന ഓരോ വ്യക്തികളോടും ദൈവത്തെക്കുറിച്ചു പറയുന്നതിനു കുട്ടികൾക്ക സുവിശേഷകന്റെ ഉത്തരവാദിത്തം വേണമെന്നില്ല. എന്നിരുന്നാലും നാമെല്ലാവരും മറ്റുള്ളവരോടു ദൈവത്തെക്കുറിച്ചു പറയുവാൻ തയ്യാറുള്ളവരായിരിക്കണം.

2. നിങ്ങളുടെ കൂട്ടുകാർ നിങ്ങളോടു സംസാരിക്കുന്ന വിധങ്ങൾ ഏതെല്ലാം? ദൈവത്തിൽ നിന്നുള്ള ഒരു ചെറിയ "സന്ദേശം" എന്താണ്?

കൂട്ടുകാരുമായി നാം ഫേസ് ബുക്ക്, ചാറ്റിംഗ്, ട്വിറ്റർ, സെൽഫോൺ, മുഖാമുഖം അങ്ങനെ വിവിധ രീതിയിൽ ആശയവിനിമയം നടത്താറുണ്ട്. ദൈവത്തിൽ നിന്നു നിങ്ങൾക്കുള്ള സന്ദേശം പൊതുവായിട്ടുള്ളതാണോ സ്വകാര്യമായതാണോ? ചിലപ്പോൾ ദൈവം നമ്മോടു ചിലയിടത്തു


'പോക' അല്ലെങ്കിൽ 'തങ്ങുക' സഹായിക്കുക എന്നു പറയാറുണ്ട്. ചിലപ്പോൾ ഒരു വാക്കുകൊണ്ടു ചില മാർഗ്ഗദർശനം നല്കാറുണ്ട്. അവൻ തരുന്ന സന്ദേശം(ട്വീറ്റ്) മുഴുവനായി മനസ്സിലായില്ലെങ്കിൽ പോലും അതു അനുസരിക്കുവാൻ നാം ബാധ്യസ്ഥരാണ്.


3. സ്വപ്നങ്ങൾ എത്രത്തോളം വിശ്വാസയോഗ്യമാണ്? എന്തുകൊണ്ടാണ് ജനങ്ങൾ ഭാവിപറയുന്നവരുടെയടുത്തു പണം കൊടുത്തു തങ്ങളുടെ ഭാവി എന്തായിരിക്കുമെന്നു അറിയുവാൻ ആഗ്രഹിക്കുന്നത്?

ഓരോ പ്രഭാതത്തിലും കുട്ടികൾ കണ്ട സ്വപ്നത്തെക്കുറിച്ചു സംസാരിക്കുന്നതിൽ അവർ സന്തോഷിക്കുന്നു. അവർക്കു സമയം കൊടുക്കുകയാണെങ്കിൽ ഒരു അർത്ഥവുമില്ലാത്ത അവരുടെ സ്വപ്നം അവർ പറയും. അതു അസാധ്യമായിരിക്കാം; ഒരു പക്ഷേ തലേദിവസം കണ്ട ഏതെങ്കിലും ടി.വി. പരിപാടിയോ സിനിമയുമായോ ബന്ധപ്പെട്ടതായിരിക്കാം അത്. എന്നിരുന്നാലും ഇടയ്ക്കിടെ സ്വപ്നത്തെ ദൈവം ഉപയോഗിച്ചിട്ടുണ്ട്, അതു വളരെ വിരളമാണ്. ചിലപ്പോൾ സ്വപ്നത്തിലൂടെ ദൈവം നമ്മോടു സംസാരിക്കും, എന്നാൽ അതു നമ്മെ വഴിതെറ്റിച്ചുവെന്നും വരാം, കൂടാതെ, ഭാവിപറയുന്നവരെ വിശ്വസിക്കാൻ കഴിയില്ല. ആവർത്തനം 18:10-12-ൽ, ഈ കാര്യങ്ങൾ ചെയ്യുന്നവനെല്ലാം യാഹോവയ്ക്കു വെറുപ്പാകുന്നു. ദൈവം ഭാവിപറയുന്നതിനെക്കുറിച്ചു ജനത്തിനു മുന്നറിയിപ്പ് കൊടുക്കുന്നു കാരണം അവൻ അവരുടെ ഭാവിക്കുവേണ്ടി ദൈവത്തെ ആശ്രയിക്കുകയില്ലെന്നു അവനു അറിയാം എന്നാൽ അവരുടെ എന്തു സംഭവിക്കുമെന്നു മുന്നമേ അറിയുവാൻ ആഗ്രഹിക്കുന്നു. ജനം അവനിൽ ആശ്രയിക്കുവാൻ അവൻ ആഗ്രഹിക്കുന്നു.

## വിദ്യാർത്ഥിയുടെ പേജിലെ ഉത്തരങ്ങൾ (പാഠം 13 )





## ലൂക്കാസിന്റെ പരീക്ഷണം (പാഠം 13)

ഇടതു നിന്നു വലത്തോട്ടു കാൽ കറക്കുന്നതോടൊപ്പം ഓരോരുത്തരും ഒരു പേപ്പറിൽ അവരുടെ പേര് എഴുതുവാൻ ആവശ്യപ്പെടുക.(കൂടുതൽ വിവരങ്ങൾ യൂ ട്യൂബിലൂടെ കാണുക).

https://www.facebook.com/childrenareimportant/videos/1293723920663988/